# സത്യദൂതൻ

2025 ഏപ്രിൽ | ലക്കം 04

വില ₹ 30

100TH YEARS

ഒരു നൂറ്റാണ്ട് പൂർത്തിയാക്കിയ മലയാളത്തിലെ

ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



- ശരീരധാതുക്കളുടെ സന്തുലനം
- നീതിമാനായ പീലാത്തോസ്
- ഉദ്വേഗജനകമായ ആകാശ ദൗത്യത്തിന്റെ ശുഭ പരിസമാപ്തി

# ഉടൻ


# പുറത്തിറങ്ങുന്നു!!

## കേവലനീതി
## കാരുണ്യം, ബന്ധുത്വം

### മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ

---

മനുഷ്യബന്ധങ്ങളിൽ പ്രതിഫലിക്കേണ്ട ദൈവ കൽപിതമായ നീതിയുടെയും കാരുണ്യത്തിന്റെയും അദ്ധ്യാപനങ്ങളെ സംബന്ധിച്ച് സൂക്ഷ്മവും സമഗ്രവുമായി പ്രതിപാദിക്കുന്ന ഉജ്ജ്വല ഗ്രന്ഥം.




Hadrath Mirza Tahir Ahmad
(Khalifathul Masih IV)

വിവർത്തനം : എ. എം. മുഹമ്മദ് സലീം

**പ്രസാധകർ**

**മജ്‌ലിസ് അൻസാറുല്ലാഹ്, എറണാകുളം ജില്ല**





# അകം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** **വിശുദ്ധ ഖുർആനും ഭക്തിസാന്ദ്രമായ റമദാനും**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)
2025 മാർച്ച് 14 ന് ചെയ്ത ഖുത്ബയുടെ സംഗ്രഹം



**10** **ശരീരധാതുക്കളുടെ സന്തുലനം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)

**16** **ഹെർസൽ പോപ്പിനെയും ഖലീഫയേയും കാണുന്നു**
എ. എം മുഹമ്മദ് സലീം


**20** **ഹദ്റത്ത് മൗലവി ഉബൈദുല്ലാഹ് സാഹിബ്(റ)**
**അഹ്മദിയാ ജമാഅത്തിലെ ഭാരതീയനായ ആദ്യ ശഹീദ്**
ഇബ്നുവഫാ, ബേപ്പൂർ



**24** **വാഗ്ദത്ത മസീഹ് അറബി ഭാഷാ ജ്ഞാനത്തിന്റെ ദിവ്യാത്ഭുതം**
റൂബ അൽസായിദ്, കാനഡ



**28** **പവിത്ര ജീവിതത്തെ തിരിച്ചറിയൽ**
മുഹമ്മദ് ഉമർ, കോഴിക്കോട്



**32** **നീതിമാനായ പീലാത്തോസ്**
അബൂ റിസ് വാൻ



**40** **കുറിപ്പുകൾ**
**ഉദ്വേഗജനകമായ ആകാശ ദൗത്യത്തിന്റെ ശുഭപരിസമാപ്തി**
മുസാഫിർ



لاالہ الااللہ محمد رسول اللہ

# സത്യദൂതൻ

ഒരു നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

2025 – ഏപ്രിൽ
ഹി.ശ. 1405 – ശഹാദത്ത്
1446 റമദാൻ – ശവ്വാൽ
പുസ്തകം 97 ലക്കം 03
വില 30 രൂപ



എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**സി.പി.സുൽത്താൻ നസീർ**
**ഫോൺ : 9544 274 240**

മാനേജർ
**ഡോ. സി. സലാഹുദ്ദീൻ**
**ഫോൺ : 9447 424 619**

സർകുലേഷൻ മനേജർ
**കെ.എ.സാജിദ്**
**ഫോൺ : 9995950052**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്
എറണാകുളം നോർത്ത്, കൊച്ചി – 682018



**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.

**Edited by** A.M. Muhammed Salim.


**Design:** HA *Creative Graphics*


**സത്യദൂതന്റെ പഴയ ലക്കങ്ങൾ ഓൺലൈനിൽ വായിക്കുവാൻ ഈ QR CODE ഉപയോഗിക്കുക.**

## വിശുദ്ധ ഖുർആനിൽ നിന്ന്



അല്ലയോ ഈസാ! ഞാൻ നിന്നെ പ്രകൃതി സാധാരണമായ നിലയിൽ മരിപ്പിക്കുകയും നിന്നെ എന്റെ അടുക്കലേക്കുയർത്തുന്നവനും അവിശ്വാസികളുടെ ആക്ഷേപങ്ങളിൽ നിന്നും ആരോപണങ്ങളിൽ നിന്നും നിന്നെ പരിശുദ്ധനാക്കുന്നവനും അവസാന നാൾ വരെ നിന്റെ അനുചരന്മാർക്ക് അവിശ്വാസികളുടെ മേൽ വിജയം നൽകുന്നവനുമാണ്.
(3:56)



## നബിവചനം

അല്ലാഹു ഹദ്റത്ത് ഈസാക്ക് ഇപ്രകാരം വഹ്യ് അറിയിച്ചു. അല്ലയോ ഈസാ, നീ അറിയപ്പെടാതിരിക്കാനും ദ്രോഹിക്കപ്പെടാതിരിക്കാനുമായിട്ട് ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്കു മാറി മാറിതാമസിക്കുക
(കൻസുൽ ഉമ്മാൽ വാല്യം 2, ഭാഗം)

## വാഗ്ദത്ത മസീഹിന്റെ വചനം

### ത്രിത്വത്തിന്റെ നിവാരണം



ത്രിത്വമുണ്ടാക്കുന്ന തിന്മകളുടെ നിവാരണത്തിന്നാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. ഹദ്റത്ത് ഈസാ(അ)യെ ഇവർ ദൈവമായി ഗണിച്ചിരിക്കയാണ്. എന്റെ ഹൃദയത്തെ അത്യധികം വേദനിപ്പിക്കുന്ന സംഗതിയാണിത്. ഇതിനേക്കാൾ വലിയൊരു ദുഖം എനിക്കുണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല. ഈ ദുഖവും വിഷമവും കാരണം മരണം എനിക്ക് അനുവദീയമായിരുന്നുവെങ്കിൽ ദുഖം എന്നെ നശിപ്പിക്കുമായിരുന്നു. കാരണം ഇക്കുട്ടർ ഏകനും പങ്കുകാരനില്ലാത്തവനുമായ ദൈവത്തെ പരിത്യജിച്ച് നിസ്സഹായനായ ഒരു മനുഷ്യനെയാണ് ആരാധിച്ചു കൊണ്ടിരിക്കുന്നത്. ഈ വേദനയുടെ സ്ഥിതി ഞാൻ വിവരിക്കട്ടെ, ജനങ്ങൾ സ്വർഗ്ഗമാണ് ആഗ്രഹിക്കുന്നതെങ്കിൽ മനുഷ്യനെ ഈ ശിർക്കിൽ നിന്നും മോചിപ്പിക്കുകയും ദൈവത്തിന്റെ ഈ പ്രതാപം വെളിപ്പെടുത്തുകയും ചെയ്യുന്നത് എന്റെ ജീവിതത്തിൽ കാണുക എന്നതാണ് എന്റെ ആഗ്രഹം. എന്റെ ആത്മാവ് സദാപ്രാർത്ഥനാനിരതമാണ്. എന്റെ ദൈവമേ, ഞാനിതിൽ നിന്നുള്ളവനാണെങ്കിൽ നിന്റെ അനുഗ്രഹത്തിന്റെ തണൽ എന്റെ കൂടെയുണ്ടെങ്കിൽ, മഹാനായ മസീഹ്(അ)ന്റെ ശിരസ്സിൽ നിന്ന് ഈ പാപഭാരം(നഊദുബില്ലാഹ്) അദ്ദേഹം ദൈവമാണെന്ന് വാദിച്ചുവെന്ന അപരാധം എടുത്തുകളയുന്ന സുദിനം എനിക്കു കാണിച്ചുതാ നാഥാ. ദൈവം അവർക്ക് കണ്ണുനൽകുമാറകട്ടെ. അവന്റെ ഏകത്വത്തിൽ അവർ വിശ്വസിക്കുമാറാകട്ടെ. അവന്റെ ദൂതനെ(സ) അവർ തിരിച്ചറിയുമാറാകട്ടെ. ത്രിയേക വിശ്വാസത്തിൽ നിന്ന് പശ്ചാത്തപിച്ച് മടങ്ങുമാറാകട്ടെ ഒരു നീണ്ടകാലമായി അഞ്ചു നേരം പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നതിതാണ്. (തബ്ലീഗെ രിസാലത്ത് വാല്യം 8 പേജ് 71, 72)

# ക്രിസ്തുവിജ്ഞാനീയത്തിന്റെ പ്രസക്തി.

ക്രിസ്തു വിജ്ഞാനീയം അഥവാ ക്രിസ്റ്റോളജി എന്നത് യേശുവിന്റെ ജീവിതത്തെ പറ്റിയും ജീവിത സന്ദേശത്തെ പറ്റിയുമുള്ള ഒരു വിജ്ഞാന ശാഖയാണ്. യേശുവിനെ പറ്റി ദൈവശാസ്ത്രപരം എന്നത് പോലെ ചരിത്രപരവും ശാസ്ത്രീയവും വിമർശനാത്മകവുമായ വിലയിരുത്തലുകളും പഠനങ്ങളും അടങ്ങിയസർവ്വതലസ്പർശിയായ വിജ്ഞാന ശാഖയാണ് ക്രിസ്തു വിജ്ഞാനീയം. യേശുവിന്റെ ജീവചരിത്രം അവ്യക്തതവും സന്നിഗ്ദതകളും നിറഞ്ഞതാണ്. ഇതിഹാസ വത്ക്കരിക്കപ്പെട്ട ദൈവ പരിവേഷമുള്ള യേശുവിന്റെ ജീവിതം ഒരിക്കലും തന്നെ നിശിതമായ ചരിത്ര ഗവേഷണങ്ങൾക്കോ അന്വേഷണങ്ങൾക്കോവിശകലനങ്ങൾക്കോ വിധേയമാക്കാൻ ക്രിസ്തു സഭ തയ്യാറാവില്ല. ഈ ശാസ്ത്ര വിരുദ്ധത സഭയുടെ ജനിതക ഘടനയിലെഴുതപ്പെട്ടതാണ്. സഭയുടെ സ്വാധീന ഫലമായോ അവരുടെ സ്ഥാപിത വിശ്വാസങ്ങളെ ഹനിക്കുമോ എന്ന ഭീതികൊണ്ടോ ആയിരിക്കാം അക്കാദമിക ലോകം യേശുവിന്റെ കാര്യത്തിൽ വേണ്ടവിധം ഗവേഷണ പഠനങ്ങൾക്ക് തയ്യാറായിട്ടില്ല. മറ്റൊന്ന് യേശു കേവലം ഒരു ചരിത്രപുരുഷൻ മാത്രമല്ല, യുഗാന്ത്യ സംഭവങ്ങളുടെ ഭാഗമായി ഭൂമിയിൽ സശരീരം അവതരിക്കേണ്ട വ്യക്തി എന്ന നിലക്ക് സമകാലീന ലോകത്തേക്ക് യേശുവിന്റെ ആകാശത്ത് നിന്നുള്ള അവരോഹണം എപ്പോൾ വേണമെങ്കിലുംസംഭവിക്കാമെന്നിരിക്കെ ഇക്കാര്യത്തിൽ ലോക ജനതക്കും കൗതുകം ജനിക്കേണ്ടതാണ്.

യേശു അഥവാ ഈസാ നബി(അ) ബൈബിളിലും വിശുദ്ധ ഖുർആനിലും പ്രതിപാദിക്കപ്പെട്ട മഹാനായ ഒരു മതപുരുഷനാണ് എന്നതിൽ തർക്കമില്ല. വാസ്തവത്തിൽ ദൈവം എന്ന നിലക്ക് അദ്ദേഹത്തിൽ ആരോപിക്കപ്പെടുന്ന അത്ഭുത പ്രവർത്തികൊണ്ടല്ല യേശു മഹാനാകുന്നത്. മനുഷ്യൻ കിടിലം കൊണ്ടു പോകുന്ന മഹാത്യാഗങ്ങൾ ദൈവത്തിനു വേണ്ടി സഹിച്ച മനുഷ്യൻ എന്ന നിലക്കാണ് യേശു മഹാനാകുന്നത്. യേശുവിനെ സംബന്ധിച്ചുള്ള പ്രാഥമിക വിജ്ഞാന സ്റോതസ്സ് മതഗ്രന്ഥങ്ങൾ തന്നെയാണ്. ബൈബിളിലെ 27 പുസ്തകങ്ങളിൽ കാനോനീകരിക്കപ്പെട്ട സുവിശേഷങ്ങൾ (4), അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങൾ (1), അപ്പോസ്തലന്മാരുടെ ലേഖനങ്ങൾ (21), വെളിപാട് പുസ്തകം (1) എന്നിവയാണ് ബൈബിൾ സ്റോതസ്സുകൾ. എ. ഡി 70 മുതൽ എ.ഡി 110 വരെയുള്ള വർഷങ്ങളിലാണ് ഇവ എഴുതപ്പെട്ടത്. കൂടാതെ അക്കാലത്തെ ക്രിസ്ത്യൻ വിശ്വാസികൾ എന്നറിയപ്പെടുന്നവർ എഴുതിയ നിരവധി അപ്പോക്രിഫാ ഗ്രന്ഥങ്ങളിലും (അനൗപചാരിക സുവിശേഷങ്ങൾ) യേശുവും അളവുഭേദങ്ങളോടെ അദ്ദേഹത്തിന്റെ ദൈവശാസ്ത്രവുമുണ്ട്. ഈജിപ്തിലെ നാഗ് ഹമ്മാദിയിയിൽ നിന്നും ഇസ്റയേലിലെ കുമ്രാൻ താഴ്വരയിൽ നിന്നും കണ്ടെടുത്ത തോൽ ചുരുളുകളിൽ യേശുവിനെ പറ്റിയുള്ള പരാമർശങ്ങൾ ഉണ്ട് എന്ന് പറയപ്പെടുന്നുണ്ടെങ്കിലും ഇത്വരെ അതൊന്നും മിഴിവോടെയും തെളിവോടെയും വെളിച്ചം കണ്ടിട്ടില്ല. അക്രൈസ്തവ സാക്ഷ്യങ്ങളായി യഹൂദ–റോമൻ–ഗ്രീക്ക് ചരിത്രകാരന്മാരായ ഫ്ളേവിയസ് ജോസിഫസ്, ടാസ്റ്റിസസ്, ഗയൂസ് സുയീടോണിയസ് എന്നീ ചരിത്രകാരന്മാരുടെ രചനകളിൽ ക്രിസ്ത്യാനികളെ പറ്റി അവ്യക്തമായ പരാമർശമാണുള്ളത്. അതിൽ ജൂതനായ ഫ്ളേവിയസ് ജോസിഫസിന്റെ 'Antiquities of the Jews' എന്ന പ്രശസ്തമായ ഗ്രന്ഥത്തിൽ യേശുവിനെ സ്തുതിച്ച് കൊണ്ട് സ്പഷടമായി എഴുതിയ Testimonium Flavianum എന്ന ഭാഗം കിസ്ത്യാനികൾ പിന്നീട് കൂട്ടിചേർത്ത കൃത്രിപ്പാണെന്ന സത്യം ചരിത്രകാരന്മാർ കൈയ്യോടേ പിടികൂടുകയുണ്ടായി.

കുരിശ് പീഡനാനന്തരമുള്ള യേശുവിന്റെ ജീവിതത്തെ പറ്റിയും കാണാതെ പോയ യഹൂദ ഗോത്രങ്ങളെ തേടിയുള്ള യേശുവിന്റെ ദൗത്യ യാത്രയെ സംബന്ധിച്ചും വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പൗരാണിക ചരിത്ര രേഖകളെ ആധാരമാക്കി മുന്നോട്ട് വെച്ച അനിഷേധ്യവും ആധികാരികവുമായ തെളിവുകളും ബൈബിൾ ഖുർആൻ വ്യാഖ്യാനങ്ങളും ക്രിസ്തു സഭ അവഗണിക്കുകയാണ്. ശ്രീനഗറിലെ യേശുവിന്റെ കബറിനെ സംബന്ധിച്ച പുരാവസ്തു ശാസ്ത്രപരമായ മൂർത്ത യാഥാർത്ഥ്യം ചരിത്രകാരന്മാർ വേണ്ടത്ര ഗൗരവത്തോടെ ഗൗനിച്ചിട്ടില്ല. ദൈവമോ ദൈവ പുത്രനോ എന്ന് അവർ വിശ്വസിക്കുന്ന യേശുവിന്റെ ദിവ്യപരിവേഷത്തിന് എന്തെങ്കിലും ഹാനിയേൽക്കുമോ എന്ന് അവർ ഭയപ്പെടുന്നു. അതുകൊണ്ട് യേശുവിനെ സംബന്ധിച്ചുള്ള സത്യസന്ധമായ അന്വേഷണങ്ങളെ സഭയിൽ പ്രോത്സാഹിപ്പിക്കപ്പെടുകയോ അനുവദിക്കപ്പെടുകയോ ചെയ്യില്ലെന്നുറപ്പാണ്.

നമ്മുടെ അക്കാദമിക ചരിത്രവും ഭൗതിക സാമൂഹിക വ്യവഹാരങ്ങളും കാലഗണയും നിർണ്ണയിക്കപ്പെടുന്നത് യേശുവിന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ള ഒരു സിവിൽ കലണ്ടറിന്റെ അടിസ്ഥാനത്തിലാണ്. അത്കൊണ്ട് സമയരൂപത്തിൽ യേശു നമ്മുടെ വ്യവഹാരിക ജീവിതത്തിന്റെ ഓരോ നിമിഷവും അരിച്ചെത്തുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ നമ്മുടെ ചരിത്രകൗതുകത്തെ തൃപ്തിപ്പെടുത്തുന്ന യാതൊരു വിവരവും യേശുവിനെ സംബന്ധിച്ച് പ്രമാണങ്ങളിലും വിശ്വാസത്തിലുമില്ല. യേശു ഇപ്പോഴും മിത്തിലും ഇതിഹാസങ്ങളുടെയും ആയിരം തിരസ്ക്കരണികൾകൊണ്ട് ആഛാദനം ചെയ്തിരിക്കയാണ്. ജനനം മുതൽ രണ്ടായിരം വർഷം കഴിഞ്ഞിട്ടും അതിന് ഒരു തീർപ്പ് വന്നിട്ടില്ല. തീർച്ചയായും യേശുവിന്റെ അപ്രകാശിത ജീവിതത്തിലേക്ക് വെളിച്ചം വിതറാൻ വിശുദ്ധ ഖുർആനും മുഹമ്മദ് നബി(സ)യുടെ മസീഹായ ഹദ്റത്ത് അഹ്മദി(അ)നും അദ്ദേഹത്തിന്റെ ചിന്തകൾക്കും സാദ്ധ്യമാണ്. ക്രിസ്തു വിജ്ഞാനീയം അത്തരത്തിൽ പുഷ്ക്കലമാവുന്നത് ഭാവിലോകം കാണും യേശു പറഞ്ഞത് ഓർക്കുക:

**'നിങ്ങൾ സത്യം അറിയും. സത്യം നിങ്ങളെ സ്വതന്ത്രരാക്കും'** (യോഹ: 8: 32)



# യേശുവിനെ സംബന്ധിച്ച അയുക്തിക വിശ്വാസങ്ങൾ

**ഹദ്റത്ത് അഹ്മദ്** عليه السلام

**ഹാ** കഷ്ടം! മനുഷ്യൻ ഒരു സംഗതി പറഞ്ഞു പോകുകയോ എന്തെങ്കിലുമൊരു വിശ്വാസം സിദ്ധാന്തം കൈകൊള്ളുകയോ ചെയ്തു കഴിഞ്ഞാൽ പിന്നെ ആ സംഗതിയുടെ നേരയേയോ ആ സിദ്ധാന്തത്തിന്റെ യുക്തിഭംഗവും നിരർത്ഥകതയും എത്രതന്നെ വെളിപ്പെട്ടാലും അതിനെ കൈവെടിയാൻ കൂട്ടാക്കാറില്ല. ഈ നില എത്രതന്നെ ശോചനീയമായിട്ടുള്ളതാണ്. മോക്ഷപ്രാപ്തിക്കുള്ള അഭിലാഷം സത്യത്തിന്നു മേൽ അധിഷ്ഠിതമാണെങ്കിൽ അതു ശ്ലാഘ്യം തന്നെ. എന്നാൽ സത്യ പ്രവാചകനായ ഒരു പാവനാത്മാവിന് ദൈവവുമായുള്ള ബന്ധം അറ്റുപോകത്തക്ക അന്യഥാത്വവും സംഭവിച്ച് ഏകാഗ്ര ഭക്തിക്കും വിശ്വാസത്തിനും നിഷ്ഠക്കും ഭംഗകരമാം വിധം അദ്ദേഹത്തിനും ദൈവവുമായി അന്യാഥത്വവും വിരഹവും വിരാഗവും സംജാതമായി അദ്ദേഹത്തിന്റെ ഹൃദയം ദൈവാനുരാഗ പ്രഭക്ക് പകരം തമോഭാവത്തിന്റെ ഇരിപ്പിടമായിത്തീർന്നുവെന്നു പറയുന്നതിന് തുല്യമായ തരത്തിലുള്ള ഈ വിശ്വസ സിദ്ധാദ്ധത്തെ കൈകൊള്ളുകയും അങ്ങനെ ഒരു സത്യത്തെ അറുകൊല ചെയ്യുകയും ചെയ്തുകൊണ്ടുള്ള മോക്ഷാഭിലാഷത്തിന് എന്ത് അർത്ഥമാണുള്ളത്?

തന്നെയുമല്ല ഈ വിശ്വാസ സിദ്ധാന്തം യേശു മശീഹായുടെ ദിവ്യമായ പ്രവാചക സത്യത്തിന് സുവിശേഷത്തിൽ ഉടനീളം അദ്ദേഹം അവകാശപ്പെട്ടു കാണുന്ന തന്റെ ശ്രേഷ്ഠതക്കും ദൈവപ്രേമത്തിലും ദിവ്യജ്ഞാന ലബ്ധിക്കുമെല്ലാം കടക വിരുദ്ധ മായിരിക്കുന്നതാണ്. താൻ ലോകത്തിന്റെ പ്രദീപമാണെന്നും സത്യ മാർഗ്ഗദർശകനാണെന്നും തനിക്കു ദൈവവുമായി അത്യുൽകൃഷ്ടമായ തരത്തിലുള്ള പാവനമായൊരു ബന്ധമുണ്ടെന്നും താൻ അവങ്കൽ പാവന ജന്മം പ്രാപിച്ചിരിക്കുന്നുവെന്നും അവന്റെ പ്രിയപുത്രനാണെന്നുമെല്ലാം അദ്ദേഹം അവകാശപ്പെട്ടിട്ടുള്ളതായി സുവിശേഷങ്ങൾ വായിച്ചു നോക്കുന്ന ഏവർക്കും സ്പഷ്ടമായി കാണാവുന്നതാണ്. ഇങ്ങനെ അദ്ദേഹത്തിന് ദൈവവുമായി അവിഭാജ്യമായ ഒരു പാവന പ്രേമബന്ധം നിലനിന്നിരിക്കേ, അദ്ദേഹത്തിന്റെ ഹൃദയത്തിൽ ശാപസംബന്ധിയായ അശുദ്ധാർത്ഥം സാക്ഷാത്ഭവിക്കുന്നതെങ്ങനെ? ഇതു ഒരിക്കലും സംഭ്യമല്ല തന്നെ. ആകയാൽ അദ്ദേഹത്തെ കുരിശിച്ചു കൊന്നിട്ടില്ല എന്നത് തെളിഞ്ഞ ഒരു വസ്തുതയാണ്. അതായത് കുരിശിന്മേൽ തറക്കപ്പെട്ടുവെങ്കിലും അദ്ദേഹം അതിന്മേൽ മരിച്ചിരിന്നില്ല. എന്തെന്നാൽ കുരിശീകരണത്തിന്റെ ഫലത്തെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന്റെ വ്യക്തിത്വം എത്രയും ഉപരിയായിടൂള്ളതത്രേ. ഇങ്ങനെ അദ്ദേഹം കുരിശിൽ മരിച്ചിരുന്നില്ല എന്ന് വരുമ്പോൾ ശാപത്തിന്റെ അശുദ്ധമായ അപവിത്രവുമായ ഫലത്തിലും സാഹചര്യത്തിലും നിന്ന് സന്ദേഹമന്യേ അദ്ദേഹത്തിന്റെ ഹൃദയം നിർബാധം സുരക്ഷിതമാക്കപ്പെട്ടിരിക്കുന്നു എന്നു സിദ്ധിക്കുന്നു. ഇതിൽ നിന്നും അദ്ദേഹം ആകാശത്തേക്ക് കരേറിപ്പോയിട്ടില്ലെന്ന് തെളിഞ്ഞിരിക്കുകയാണ്. എന്തെന്നാൽ അദ്ദേഹത്തിന്റെ ആകാശാരോഹണ സങ്കൽപ്പം കുരിശീകരണ പദ്ധതിയുടെ ഒരു ഘടകവും ശാഖയുമത്രേ. അതിനാൽ അദ്ദേഹം ശാപഗ്രസ്തനല്ലെന്നും മൂന്ന് ദിവസം നരകത്തിലിരുന്നില്ലെന്നും മരത്തിന്മേൽ തൂങ്ങി മരിച്ചിട്ടില്ലെന്നും തെളിഞ്ഞതോടെ അതിന്റെ രണ്ടാമത്തെ വശമായ ആകാശാരോഹണവും അവാസ്തവമാണെന്ന് സിദ്ധിച്ചു. ഇതിലേക്ക് സുവിശേഷത്തിൽ നിന്ന് വേറെയും അനേകം പ്രമാണങ്ങൾ ലഭിക്കുന്നുണ്ട്. *(മസീഹ് ഹിന്ദുസ്ഥാൻ മെ)*

# വിശുദ്ധ ഖുർആനും ഭക്തിസാന്ദ്രമായ റമദാനും

**അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 14.03.2025 യു കെയിലെ മസ്ജിദ് മുബാറക്കിൽ നിർവ്വഹിച്ച ഈദ് ഖുത്ബയുടെ സംഗ്രഹം.**



**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹുല്ലാഹു)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മൾ റമദാനിലെ രണ്ടാമത്തെ പത്തിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. അല്ലാഹു വിശുദ്ധ ഖുർആന് റമദാനുമായുള്ള ഒരു പ്രത്യേക ബന്ധം വിവരിച്ചിട്ടുണ്ട്. പറയുന്നു: റമദാൻ മാസത്തിലാണ് മനുഷ്യർക്ക് ഒരു മഹത്തായ മാർഗദർശനമെന്ന നിലയിൽ ഖുർആൻ ഇറക്കപ്പെട്ടത്. സുവ്യക്തമായ ദൃഷ്ടാന്തങ്ങളെന്ന നിലയ്ക്ക് ഇതിൽ സന്മാർഗത്തിന്റെ വിശദീകരണങ്ങളും സത്യാസത്യ വിവേചനത്തിനുള്ള കാര്യങ്ങളുമുണ്ട്. ആയതിനാൽ ഈ മാസം നമ്മൾ പ്രത്യേകമായും അത് പാരായണം ചെയ്യുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം അതിലേക്കാണ് ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത്. നബി(സ) വിശുദ്ധ ഖുർആൻ പ്രത്യേകമായും ഈ മാസത്തിൽ പാരായണം ചെയ്യണമെന്ന കാര്യത്തിൽ സവിശേഷ ശ്രദ്ധ വേണമെന്ന് പറഞ്ഞിരി ക്കുന്നു. ഹദ്റത്ത് ജിബ്രീൽ(അ) എല്ലാ വർഷവും അതുവരെ ഇറങ്ങിയ ഖുർആൻ മുഴുവനായും നബി(സ)ക്ക് കേൾപ്പിച്ചു കൊടുക്കുമായിരുന്നു. അവസാന വർഷം തിരുനബി(സ)യുടെ ജീവിതത്തിൽ അത് രണ്ട് തവണ പൂർത്തിയാക്കുകയുണ്ടായി.

റമദാനുമായി വിശുദ്ധ ഖുർആന് പ്രത്യേക പ്രാധാന്യവും ബന്ധവും വളരെ ഏറെയാണ്. ചുരുക്കത്തിൽ ഈ കാര്യം ഓർമ്മിക്കുകയും ഖുർആൻ പാരായണം ചെയ്യുകയും കേൾക്കുകയും ചെയ്യുന്നതിലേക്ക് സവിശേഷമായ ശ്രദ്ധ ഉണ്ടാകേണ്ടതാണ്. നമ്മുടെ പള്ളികളിൽ വിശുദ്ധ ഖുർആൻ ദർസിനും തറാവീഹിനും സംവിധാനം ഉണ്ട്. വിശുദ്ധ ഖുർആൻ പാരായണത്തിലേക്ക് ശ്രദ്ധ ഊന്നുന്നു. എം.ടി.എ.യിലും എല്ലാ ദിവസവും തിലാവത്ത് വരുന്നുണ്ട്, അതും കേൾക്കേണ്ട താണ്. പക്ഷേ ഇതിന്റെ അനുഗ്രഹങ്ങൾ ലഭ്യമാകണമെങ്കിൽ അത് കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും വേണ്ടതാണ്. (തിലാവത്തിനോടൊപ്പം തർജ്ജമയും വായിക്കേണ്ടതാണ്. അതനുസരിച്ച് പ്രവർത്തിക്കാനും ശ്രമിക്കേണ്ടതാണ്.) അല്ലാഹു വിശുദ്ധ ഖുർആന്റെ തുടക്കത്തിൽ തന്നെ പറയുന്നു: ഇത് സമ്പൂർണമായ ഗ്രന്ഥമാകുന്നു, ഇതിൽ യാതൊരുവിധ സംശയവുമില്ല. ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഇത് സന്മാർഗ ദർശനമാണ്. ചുരുക്കത്തിൽ തഖ്‌വയിൽ ചരിക്കുന്നതിനും ഒരു യഥാർഥ വിശ്വാസി ആകുന്നതിനും ഈ ഗ്രന്ഥം അനുസരിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണെന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു. റമദാനിൽ ഒരു യഥാർഥ വിശ്വാസി ആകുന്നതിന് പ്രത്യേക ശ്രദ്ധയും, തഖ്‌വ സ്വായത്തമാക്കുന്നതിന് പ്രത്യേക പരിശ്രമങ്ങളും ഉണ്ടാകുന്നു. ആയതിനാൽ അല്ലാഹു പറയുന്നു: ഇതാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ നിങ്ങൾക്ക് നൽകപ്പെട്ട ഈ ഗ്രന്ഥം അനുസരിച്ച് പ്രവർത്തിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഖുർആനിന്റെ അനുഗ്രഹങ്ങളുടെയും നന്മകളുടെയും വാതിൽ എപ്പോഴും തുറന്നിരിക്കുന്നു. അത് തിരുനബി(സ)യുടെ കാലഘട്ടത്തിൽ ഉണ്ടായിരുന്നത് പോലെ

എല്ലാ കാലഘട്ടങ്ങളിലും വളരെ വ്യക്തവും പ്രകാശപൂരിതവുമാണ്. ചുരുക്കത്തിൽ നമ്മൾ റമദാനിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിലേക്കും അത് അനുസരിച്ച് പ്രവർത്തിക്കുന്നതിലേക്കും ശ്രദ്ധിക്കുക. ഇനി ഖുർആൻ മുഴുവനായി ഓതി തീർക്കാൻ കഴിയുന്നില്ലെങ്കിൽ ചുരുങ്ങിയത് കുറച്ചെങ്കിലും തീർച്ചയായും ഈ ദിവസങ്ങളിൽ പാരായണം ചെയ്യേണ്ടതാണ്. റമദാനിൽ ഒരു പ്രാവശ്യമെങ്കിലും അത് ഓതി തീർക്കാൻ ശ്രമിക്കേണ്ടതാണ്. പിന്നെ തർജ്ജമയും തഫ്സീറുകളും പാരായണം ചെയാൻ പരിശ്രമിക്കേണ്ടതാണ്. അതുമുഖേന നമുക്ക് നന്മയേയും തിന്മയേയും പറ്റി ശരിയായ അറിവ് ലഭ്യമാകുന്നതാണ്.

ചില ആളുകൾ വിശുദ്ധ ഖുർആൻ വളരെ പ്രയാസമുള്ള ഗ്രന്ഥമാണെന്ന് കരുതുന്നു. എന്നാൽ അല്ലാഹു പറയുന്നു: തീർച്ചയായും നാം ഈ ഖുർആനെ ഉപദേശത്തിനുവേണ്ടി വളരെ സരളമാക്കിയിരിക്കുന്നു. ഉപദേശം സ്വീകരിക്കുന്നവരായി നിങ്ങളിൽ ആരെങ്കിലും ഉണ്ടോ? ഇത് (മനുഷ്യനെ സൃഷ്ടിച്ച) അല്ലാഹുവിന്റെ ഒരു പ്രഖ്യാപനമാണ്. ഞാൻ വിശുദ്ധ ഖുർആനിൽ വളരെ എളുപ്പമുള്ള അധ്യാപനങ്ങൾ ആണ് നൽകുന്നത്. അതുകൊണ്ട് നിങ്ങൾക്കുള്ള ഉപദേശം എന്തെന്നാൽ അതനു സരിച്ച് പ്രവർത്തിക്കുന്നതിന് പൂർണ്ണമായും പരിശ്രമിക്കുക എന്നതാണ്.

വിശുദ്ധ ഖുർആനെ മനസ്സിലാക്കാനായി അല്ലാഹു തന്നെ വ്യത്യസ്ത സമയങ്ങളിൽ അധ്യാപകരെയും നിയമിച്ചിരിക്കുന്നു. ഈ കാലഘട്ടത്തിൽ (വിശുദ്ധ ഖുർആനിന്റെ കവാടങ്ങൾ തുറക്കുന്നതിന്വേണ്ടി) വാഗ്ദത്ത മഹ്ദി മസീഹിനെയാണ് അയച്ചിട്ടുള്ളത്. ആ മഹാത്മാവ് അതെല്ലാം നമുക്ക് പറഞ്ഞു തന്നിരിക്കുന്നു. അത് മനസ്സിലാക്കി, അതനുസരിച്ച് പ്രാവർത്തികമാക്കുന്നവരായി തീരുന്നില്ലെങ്കിൽ അത് നമ്മുടെ ദൗർഭാഗ്യമായിരിക്കും.

അതുകൂടാതെ ഖലീഫമാരും തഫ്സീറുകൾ നൽകിയിട്ടുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തഫ്സീർ കബീർ എഴുതിയിട്ടുണ്ട്. അതിൽ ഏറെ ക്കുറെ വിശുദ്ധ ഖുർആനിലെ പകുതിയോളം ഭാഗം കവർ ചെയ്തിട്ടുണ്ട്. അതു കൂടാതെയും തർജ്ജമയും തഫ്സീറുകളും ഉണ്ട്. തഫ്സീർ സഗീർ ഉണ്ട്. അതിലും ഒരുപാട് വിശദീകരണങ്ങൾ ഉണ്ട്. വിവിധ ഭാഷകളിലും തർജ്ജമ നടന്നുകൊണ്ടിരിക്കുന്നു. റമളാൻ മാസത്തിൽ നമ്മൾ ഖുർആൻ പാരായണം ചെയ്യുന്നതിലേക്ക് ശ്രദ്ധിക്കുന്നതോടൊപ്പം അതിന്റെ അർഥങ്ങളെ സംബന്ധിച്ച് ചിന്തിക്കാനും അതിന്റെ ആശയങ്ങളെ കുറിച്ച് പര്യാലോചന നടത്താനും അത് ജീവിതത്തിന്റെ ഭാഗമാക്കാനും ശ്രമിക്കേണ്ടതാണ്.

കുട്ടികളുടെ ആമീൻ പരിപാടി നടത്താൻ ആളുകൾ എന്റെ അടുക്കൽ വരാറുണ്ട്. അവരൊരു കാര്യം ഓർമിക്കണം, കുട്ടികൾക്ക് വിശുദ്ധ ഖുർആൻ പഠിപ്പിക്കുക എന്ന പ്രാഥമിക കർത്തവ്യം അവർ നിർവഹിച്ചിരിക്കുന്നു, ഇനി അത് സ്ഥായിയായി പാരായണം ചെയ്യുന്നതിനുള്ള താല്പര്യം ഉണ്ടാകേണ്ടതും അവരുടെ കടമയാണ്. ആയതിനാൽ ഓരോ അഹ്മദിയും സ്വന്തമായും അവരുടെ ഭാര്യാമക്കളും വിശുദ്ധ ഖുർആൻ പാരാ യണം ചെയ്യുന്നവരായി തീരാനും തർജ്ജമ വായിക്കുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്; അതിനുള്ള ചിന്ത ഉണ്ടാകേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു: അധികം മുസ്‌ലീങ്ങളും വിശുദ്ധ ഖുർആനെ ഒഴിവാക്കിയിരിക്കുന്നു എന്നതാണ് വസ്തുത. എന്നിട്ടും വിശുദ്ധ ഖുർആനിന്റെ തേജസ്സും അനുഗ്രഹങ്ങളും അതിന്റെ സ്വഭാവങ്ങളും എപ്പോഴും സജീവം ആകുന്നു. ഈ കാലഘട്ട ത്തിൽ അതിന്റെ തെളിവ് നൽകുന്നതിനുവേണ്ടി ഞാൻ അയക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ ഖുർആനെ ഒഴിവാക്കിക്കൊണ്ട് വിജയം വരിക്കാമെന്നത് അസ്ഥാനത്തുള്ള കാര്യമാകുന്നു. അത്തരത്തിലുള്ള വിജയം ഒരു കൽപ്പിത സംഗതി മാത്രമാണ്. അതിനുവേണ്ടിയാണ് ഈ ആളുകൾ അന്വേഷിച്ചു കൊണ്ടിരിക്കുന്നത്.

തിരുനബി(സ) പറഞ്ഞു: ഖുർആൻ ഓതുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന വിശ്വാസി, സ്വാദും സുഗന്ധവുമുള്ള ഫലത്തെ പോലെയാകുന്നു. വിശുദ്ധ ഖുർആൻ പാരായണം ചെയ്യാതിരിക്കുകയും എന്നാൽ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന വിശ്വാസി ഈന്തപ്പഴം പോലെയാണ്. അതിന്റെ സ്വാദ് നല്ലതാണെങ്കിലും അതിന് സുഗന്ധം ഒന്നുമില്ല. അതുപോലെ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന മുനാഫിഖിന്റെ ഉദാഹരണം സുഗന്ധമുള്ള ചെടിയെ പോലെയാണ്. അതിന്റെ സുഗന്ധം നല്ലതാണെങ്കിലും അതിന് ഒരു സ്വാദും ഉണ്ടായിരിക്കുന്നതല്ല. വിശുദ്ധ ഖുർആൻ പാരായണം ചെയ്യാതിരിക്കുന്ന കപട വിശ്വാസി കയ്പ്പുള്ള ഫലത്തെ പോലെയാകുന്നു. അതിന്റെ സ്വാദ് കയ്പ്പുള്ളതാകുന്നു. അതിന് സുഗന്ധമൊന്നുമില്ല.

ഒരു നിവേദനത്തിൽ വരുന്നു, നബി(സ) പറഞ്ഞു: ജനങ്ങളിൽ ചില ആളുകൾ അഹ്ലുല്ലാഹ് ആകുന്നു. നിവേദകൻ പറയുന്നു: ഇത് കേട്ടപ്പോൾ ഞങ്ങൾ ചോദിച്ചു: യാ റസൂലല്ലാഹ്! ആരാണ് അഹ്ലുല്ലാഹ്? നബി(സ) പറഞ്ഞു: ഖുർആന്റെ ആളു കളാണ് അല്ലാഹുവിന്റെ അഹ്ലുകാർ. അവർ അല്ലാഹുവിന്റെ പ്രത്യേക ആളുകൾ ആയി തീർന്നിട്ടുണ്ടാവും. അതായത് വിശുദ്ധ

ഖുർആൻ പാരാ യണം ചെയ്യുകയും അതനുസരിച്ച് പ്രവർത്തിക്കു കയും ചെയ്യുന്നവരാണ് അവർ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഖുർആനനുസരിച്ച് പ്രവർത്തിക്കുന്നവർ മാത്രമാണ് വിജയികളായി തീരുക.

മുസ്‌ലീങ്ങളിൽ ഇന്നുള്ള വഴക്കും വക്കാണവും ആരോപണങ്ങൾ ഉന്നയിക്കുന്നതും ഭരണകൂടങ്ങൾ ജനങ്ങളുമായി പോരടിക്കുന്നതും ജനങ്ങൾ ഭരണകൂടത്തോട് കലഹിക്കുന്നതും (പരസ്പരം കൊലകൾ നടത്തുന്നതും രാജ്യദ്രോഹം ചെയ്യുന്നതും) ഒക്കെ വിശുദ്ധ ഖുർആൻ അനുസരിച്ച് പ്രവർത്തിക്കാത്തതുകൊണ്ടാണ്. പറയാനാണെങ്കിൽ ഇരുകൂട്ടരുടേയും കൈകളിൽ ഖുർആൻ ഉണ്ടെന്ന് വാദിക്കുന്നു. പക്ഷേ രണ്ടു കൂട്ടരും ഖുർആന്റെ അധ്യാപനങ്ങളിൽനിന്ന് ദൂരത്താകുന്നു. വിശുദ്ധ ഖുർആൻ അനുസരിച്ച് പ്രവർത്തിക്കുന്നവർ ആണെങ്കിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ഒരിക്കലും ഉണ്ടാകുന്നതല്ല. ഈ കാലഘട്ടത്തിൽ അല്ലാഹു അയച്ചിരിക്കുന്ന പ്രതിനിധിയെ അംഗീകരിക്കാൻ അവർ തയ്യാറാകുന്നില്ല. അത്തരം അവസ്ഥയിൽ അതിൽ നിന്നുള്ള പ്രയോജനവും കര സ്ഥമാക്കാൻ സാധ്യമല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഓർക്കുക, വിശുദ്ധ ഖുർആൻ യഥാർഥ അനുഗ്രഹങ്ങളുടെ സ്രോതസ്സും മോക്ഷത്തിന്റെ ശരിയായ മാർഗവും ആകുന്നു. വിശുദ്ധ ഖുർആൻ അനുസരിച്ച് പ്രവർത്തിക്കാത്തത് ജനങ്ങളുടെ അബദ്ധം ആകുന്നു. മുസ്‌ലീങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോഴും അനിവാര്യമായിട്ടുള്ള സംഗതി, ഈ നീരുറവയെ മഹത്തായ അനുഗ്രഹമാണെന്ന് കരുതുകയും അതിനെ വിലമതിക്കുകയും ചെയ്യുകയാണ്. അതുകൊണ്ട് ഉദ്ദേശിക്കുന്നത് അതനുസരിച്ച് പ്രവർത്തിക്കുക എന്നത് തന്നെയാകുന്നു. പിന്നെ അല്ലാഹു എങ്ങനെയാണ് അവരെ മുസീബത്തുകളിൽനിന്നും പ്രയാസങ്ങളിൽനിന്നും രക്ഷിക്കുക എന്ന് കണ്ടറിയുക.

മുസ്‌ലീങ്ങൾ ഖുർആനനുസരിച്ച് പ്രവർത്തിക്കാതെ അവർ അതിനെ ഉപേക്ഷിച്ചിരിക്കുന്നു. കേവലം പേരിന് മാത്രമുള്ള വാദമേയുള്ളൂ. കർമ്മപരമായി അതിനെ ഒഴിവാക്കിയിരിക്കുന്നു. അഹ്മദികൾക്ക് പാക്കിസ്ഥാനിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിനെ അവർ വിലക്കുന്നു. അവർ സ്വയം അത് അനുസരിച്ച് പ്രവർത്തിക്കുന്നുമില്ല, (എന്നാൽ) വിശുദ്ധ ഖുർആനിന്റെ അധ്യാപനം ഞങ്ങളുടെ ഹൃദയങ്ങളിൽനിന്ന് നിങ്ങൾക്ക് എടുത്തുമാറ്റാൻ സാധ്യമല്ല. എത്ര വേണമെങ്കിലും പരിശ്രമിച്ചു കൊള്ളുക, അതിനോടുള്ള സ്നേഹം ഞങ്ങളുടെ ഹൃദയങ്ങളിൽനിന്ന് നിങ്ങൾക്ക് മാറ്റാൻ സാധ്യമല്ല.

ഈ കാലഘട്ടത്തിൽ ഏറ്റവും അധികം ഉത്തരവാദിത്വമുള്ളത് അഹ്മദികൾക്ക് ആണ്. അഹ്മദി മുസ്‌ലിംകൾ ഖുർആൻ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്, അങ്ങനെ അമുസ്‌ലിം ലോകത്ത് ഈ കർമ്മങ്ങൾ കാണുമ്പോൾ അതുവഴി യഥാർത്ഥ ഇസ്‌ലാമിക അധ്യാപനം എന്താണെന്ന് അവർ മനസ്സിലാക്കണം. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും അധ്യാപനങ്ങൾ ആണെന്നും അത് ലോകത്ത് സാഹോദര്യം പരത്തുന്നതിനുള്ള അധ്യാപനങ്ങൾ ആണെന്നും സമസൃഷ്ടികളുടെ അവകാശങ്ങൾ കൊടുക്കുന്നതിനുള്ള അധ്യാപനങ്ങൾ ആണെന്നും അവർക്ക് മനസ്സിലാക്കാൻ കഴിയണം. ചുരുക്കത്തിൽ ഇക്കാര്യത്തിലേക്ക് അഹ്മദികൾ ഒരുപാട് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഒരു നിവേദനത്തിൽ പറയുന്നു: ജിബ്രീൽ, നബി(സ)യുടെ അടുക്കൽ വന്നു പറഞ്ഞു: വളരെ സമീപഭാവിയിൽ വളരെയേറെ കുഴപ്പങ്ങൾ ഉടലെ ടുക്കുന്നതാണ്. അപ്പോൾ ചോദിക്കപ്പെട്ടു എങ്ങനെയാണ് ഈ കുഴപ്പങ്ങളിൽനിന്ന് മോചനം ലഭ്യമാവുക? അപ്പോൾ ജിബ്രീൽ പറഞ്ഞു: ആ ഫിത്ന കളിൽനിന്നുള്ള മോചനത്തിനുള്ള മാർഗം വിശുദ്ധ ഖുർആൻ മാത്രമാണ്.

നമ്മൾ സ്വയവും നമ്മുടെ സന്തതികളെയും രക്ഷിക്കുന്നതിന്വേണ്ടി അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്ക് ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. അപ്പോൾ മാത്രമാണ് നമുക്ക് സന്മാർഗം പ്രാപിക്കാൻ കഴിയുകയുള്ളൂ. ഫിത്നയിൽനിന്നും രക്ഷപ്പെടാൻ കഴിയുകയുള്ളൂ. അല്ലാഹു നമുക്ക്വേണ്ടി ഇറക്കിയ ഈ അധ്യാപനങ്ങളെ നമുക്ക് നല്ലപോലെ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

തിരുനബി(സ) പറഞ്ഞു: വിശുദ്ധ ഖുർആൻ ബാഹ്യമായ രീതിയിൽ പാരായണം ചെയ്യുന്നവർ ബാഹ്യമായി സ്വദഖ കൊടുക്കുന്നവനെ പോലെയാണ്. ഖുർആൻ രഹസ്യമായി പാരായണം ചെയ്യുന്നവർ രഹസ്യമായി സ്വദഖ കൊടുക്കുന്നവനെ പോലെയാണ്.

(ഹുസൂർ തിരുമനസ്സ് പറയുന്നു:) അതിനാൽ നമ്മൾ ഒരു കാര്യം ഓർമ്മ വയ്ക്കണം, സ്വദഖ ആപത്തുകളിൽനിന്നും ഫിത്നകളിൽനിന്നും രക്ഷപ്പെടുത്തുന്നതാണ് എന്ന ഒരു നിവേദനവും ഉണ്ട്. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതും, മനസ്സിലാക്കി അത് ഓതുന്നതും സ്വദഖയെപ്പോലെ സ്വീകരിക്കപ്പെടുന്നതാണ്. അതിന്റെ അനുഗ്രഹങ്ങൾ മുഖേന പിന്നെ എല്ലാ ഫിത്നകളിൽനിന്നും രക്ഷപ്പെടാനും കഴിയുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മനസ്സിനു കാഠിന്യം

ശേഷം പേജ് 25 ൽ

# ശരീരധാതുക്കളുടെ സന്തുലനം

**ശരീരത്തിലെ കാൽസിയം സോഡിയം പൊട്ടാസിയം മുതലായ ധാതുക്കളുടെ ഏറ്റകുറച്ചിലുകൾ നിയന്ത്രിക്കാൻ ശരീരത്തിനകത്ത് തന്നെ വിവേകാത്മകമായ ഒരു സംവിധാനമുണ്ട്.**

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്** رحمه الله
**ഖലീഫത്തുൽ മസീഹ് നാലാമൻ**

ഒരു മൃഗത്തിന്റെ ആരോഗ്യം നല്ലരീതിയിൽ നിലനിർത്താൻ കാൽസിയവും പ്രധാനപ്പെട്ട ഒരു പങ്കാണ് വഹിക്കുന്നത്. നേരിയ തോതിൽ പോലും കാൽസിയം സന്തുലനത്തിൽ എന്തെങ്കിലും കുഴപ്പം സംഭവിച്ചെങ്കിൽ ആ ജീവിയുടെ ആരോഗ്യത്തിന്ന് അത് ഗുരുതരമായ തകരാറുണ്ടാക്കും. ഈ അർത്ഥത്തിൽ രോഗവും ആരോഗ്യവും തമ്മിലുള്ള വ്യത്യാസം രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് വ്യത്യാസത്തേക്കാൾ നേരിയതാണ്. കാൽസിയത്തിന്റെ നേരിയ തോതിലുള്ള ഉയർച്ചയും താഴ്ച്ചയും പോലും ഗുരുതരമായ ആരോഗ്യ പ്രത്യാഘാതങ്ങളുണ്ടാക്കും. മരണം പോലു സംഭവിക്കാം. കന്നുകാലികളിൽ സാധാരണമല്ലാത്ത ഒരു രോഗത്തെപ്പറ്റിയുള്ള പഠനം കാൽസിയം സാന്നിദ്ധ്യത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നതാണ്. കന്നുകാലികളുടെ ശരീരത്തിൽ ശരിയായ രീതിയിലുള്ള കൃത്യമായ കാൽസിയം അനുപാതം ഉണ്ടായിരിക്കണം എന്നാണ് പഠനത്തിന്റെ സൂചന.

ചിലപ്പോൾ വൈറസ് മൂലമോ പരിസ്ഥിതി ഘടകങ്ങളാലുള്ള കാരണങ്ങൾകൊണ്ടോ കാലികൾക്ക് പെട്ടെന്ന് ഊർജ്ജക്ഷയം സംഭവിക്കുന്നു. പുറമേ നിന്നുള്ള കാരണങ്ങളൊന്നുമില്ലാതെ ഇങ്ങനെ സംഭവിക്കുന്നത് കർഷകനെ അന്ധാളിപ്പിക്കുന്നു. ഉദാഹരണത്തിന്ന് തലേന്ന് രാത്രി പൂർണ്ണ ആരോഗ്യമുള്ള ഒരു പശു കാൽകുഴഞ്ഞുവീഴുന്നു. ചത്തത് പോലെ എഴുന്നേൽക്കാൻ വയ്യാതാവുന്നു. പനിയോ രോഗത്തിന്റെ യാതൊരു ലക്ഷണമോ ഇല്ല. മരണത്തിലേക്ക് പെട്ടെന്ന് വഴുതിവീഴുകയായിരുന്നു. ഒരു വെറ്റിനറി സർജന്ന് കൃത്യസമയത്ത് തയ്യാറാക്കിയ കാൽസിയം ലായിനി കുത്തിവെച്ചെങ്കിൽ തീർച്ചയായും ആ കന്നിനെ രക്ഷിക്കാൻ കഴിയുമായിരുന്നു. കാൽസിയം ഒരു കുറഞ്ഞ അളവിലും കുറയാൻ പാടില്ല എന്ന് പറയുന്നതിന്റെ പ്രാധാന്യം ഇതാണ്. ഒരു ആരോഗ്യമുള്ള മനുഷ്യന്ന് മിനിമം 9.2% വും കൂടിയാൽ 10.4 % വും കാൽസിയം ആവശ്യമാണ്.

ചിലപ്പോൾ മനുഷ്യനിൽ ഉണ്ടാകുന്ന നിരന്തരമായ വർദ്ധിച്ചു വരുന്ന ബലക്ഷയം കാൽസിയത്തിന്റെ ക്രമികമായ കുറവു മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മനുഷ്യനിൽ കാൽസിയത്തിന്റെ ലോലമായ അളവ് ഒരിക്കലും തകരാറിലായിക്കൂടാ എന്ന തത്വമാണ് ഇത്വരെ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഇത് മനുഷ്യന്റെ ആരോഗ്യത്തിന്ന് അപകടമാണ്. ശസ്ത്രജ്ഞന്മാരുടെ തലമുറകൾ പരിശ്രമിച്ചാലും ഒരു പക്ഷേ ഈ ലോലമായ സന്തുലന പാലനത്തിന്റെ എല്ലാഘടകങ്ങളെപ്പറ്റിയും മനസ്സിലാക്കാൻ സാദ്ധ്യമാവില്ല.

മനുഷ്യശരീരത്തിന്റെ സംഘാടനത്തിൻ കാൽസിയത്തിന്റെ പങ്ക് വളരെ സങ്കീർണ്ണമായ ഒന്നാണ്. കാൽസിയം ഫോസ്ഫേറ്റാണ് മനുഷ്യന്റെ അസ്ഥികൂടത്തിന്ന് ദൃഢത നൽകുന്നത്. കാൽസിയം ലവണമാണ് എല്ലിന്നും പല്ലിന്നും കാഠിന്യം നൽകുന്നത്. കോശങ്ങളെ പൊതിയുന്ന ആവരണ കലകൾക്ക് കട്ടി നൽകുന്നതും കാൽസിയം ലവണമാണ് കോശങ്ങളുടെയും പല്ലുകളുടെയും മോശം സ്ഥിതിക്കും അമിതമായ ഉത്തേജനശീലത്തിന്നും സാധ്യമാവുന്ന കാരണങ്ങൾ കാൽസിയത്തിന്റെ കുറവിനെയാണ് സൂചിപ്പിക്കുന്നത്. അതേ സമയം കാൽസിയത്തിന്റെ അമിതത്വം മാനസികമായ വിഭ്രാന്തിക്കും മാനസിക മാന്ദ്യത്തിന്നും വഴിവെക്കും.

ഒരു കോശത്തിനകത്തെ ജീവനുള്ള പ്രോട്ടോപ്ലാസം (ജീവദ്രവ്യം) ആവരണം ചെയ്തിരിക്കുന്ന് കട്ടിയായ ഒരു സ്തരം കൊണ്ടാണ്. ആ ആവരണത്തിലെ കാൽസിയത്തിന്റെ അപര്യാപ്തത അതിന്റെ ദൃഢത ഇല്ലാതാക്കും. തുടർന്ന് കോശത്തെ ദുർബലമാക്കുകയും ചെയ്യും. കോശസ്തരം ദുർബലമാകുന്നത് കാരണം കോശദ്രവ്യം പുറമേക്ക് വീർത്ത് നിൽക്കും. മനുഷ്യനെ സംബന്ധിച്ചിടത്തോളം കാൽസിയത്തിന്റെ ആഗിരണം അത് എന്ത് ഭക്ഷിക്കുന്നു എവിടെ ജീവിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. അതിനാൽ കാൽസിയം ആഗിരണത്തിലെ

എന്തെങ്കിലും കുറവോ ആധിക്യമോ ആ ആളിനെ രോഗത്തിന്ന് വിധേയമാക്കുന്നു. അസ്ഥികോശത്തിലെയും രക്തക്കുഴലിലേയും കാൽസിയത്തിന്റെ അസന്തുലിതത്വവും താഴെക്കാണുന്ന തകരാറുകൾക്ക് കാരണമാകുന്നു.

- വാസോഡിലേഷൻ (Vasodilation– വാഹിനി വികാസം) രക്തസമ്മർദ്ദം കുറയാൻ കാരണമാകും.
- ഹൃദയ പേശികളുടെ സങ്കോചം കുറക്കും.
- കോശകലകൾക്കുമുണ്ടാകുന്ന മാറ്റം കണരോഗ (Rickets) ത്തിന്ന് കാരണമാകും
- മാരകമായ ഓസ്റ്റിയോ ആർത്രൈറ്റസിന് (Osteoarthritis) കാരണമാകും. കാൽസിയത്തിന്റെ അനുപാതം തകരാറിലാവുന്ന ഒരു അസ്ഥിരോഗമാണിത്. നെഞ്ച് വേദനയും ഇത് കൊണ്ടുണ്ടാകും. കാൽസിയം ലെവൽ കുറഞ്ഞുപോയാൽ രക്തസമ്മർദ്ദം കുറയുകയും അത് മസ്തിഷ്ക്ക കോശങ്ങൾക്കും മറ്റു കോശകലകൾക്കും സ്ഥിരമായ ആഘാതം ഏൽപ്പിക്കുകയും ചെയ്യും.

ദൈവം മനുഷ്യന്റെ ശരീരത്തിലെ കാൽസിയം സന്തുലനം നിലനിർത്താൻ യഥാക്രമം മറ്റൊരു സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാൽസിയത്തിന്റെ അതിലോലമായ സന്തുലനം നിലനിർത്താൻ ചുമതലയുള്ള നിരവധി സങ്കീർണ്ണമായ ഘടകങ്ങളുണ്ട്. സങ്കീർണ്ണമായ അവ തമ്മിൽ പരസ്പരം ബന്ധപ്പെട്ടതാണ്. പരസ്പരം ബന്ധപ്പെട്ടതും ഗുണദോഷിക്കുന്നതുമായ സംവിധാനത്തെ സൂറ: അശ്ശംസിലെ 9–ാം വചനത്തിലെ* തഖ്‌വ എന്ന പദവുമായി ബന്ധപ്പെടുത്താവുന്നതാണ്. ഈ പരിപ്രേക്ഷ്യത്തിൽ അതിന്റെ അർത്ഥം ഇങ്ങനെയാവാം. 'നാം ജീവന്റെ നിർമ്മാണ സാമഗ്രികളിലേക്ക് കണക്ക് കൂട്ടി നോക്കി. അപകട മേഖലകളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒഴിവാക്കേണ്ടതുണ്ട്. അതുപോലെ എങ്ങനെ അവ ഒഴിവാക്കണം എന്ന വിശദമായ നിർദ്ദേശവും നൽകപ്പെടണം.' കാൽസിയം സന്തുലനത്തിന്നും സദാസമയവും സുരക്ഷ ഉറപ്പാക്കിയുള്ള ആന്തരികമായ നിരവധി ക്രമീകരണ സംവിധാനങ്ങൾ അതിന്ന് മുകളിലുണ്ട്. പരിഹാരക്രിയകൾക്ക് വേണ്ട വിളിക്ക് കാതോർത്ത് അവ നിൽക്കുന്നു. പരിഹാരത്തിന്നായി എന്തെങ്കിലും വിളിവന്നാൽ ഉടൻ പ്രതികരിച്ച് വേണ്ട പരിഹാരക്രിയകൾ ചെയ്യാനായി സർവ്വ സജ്ജീകരണത്തോടെയുള്ള ഗ്രന്ഥിവ്യവസ്ഥ സംവിധാനവുമുണ്ട്.

രക്തത്തിന്നും മൃദുകലകൾക്കും (SoftTissues) വേണ്ടി ഒരു ചെറിയ അളവ് കാൽസിയം മാത്രമേ ആവശ്യമായുള്ളൂ. ബാക്കി കാൽസിയം മുഴുവൻ എല്ലുകളിലും പല്ലുകളിലും ശേഖരിച്ചു വെച്ചിരിക്കയാണ്. രക്തത്തിൽ കാൽസിയത്തിന്റെ കുറവുണ്ടെങ്കിൽ എല്ലിലെ കാൽസിയം ശേഖരത്തിൽ നിന്നും ആ കുറവ് നികത്തപ്പെടും. കാൽസിയം വിതരണം മൂലമുണ്ടാകുന്ന കുറവ് നികത്താൻ ശരീരം ഭക്ഷണത്തിൽ നിന്നും യഥാക്രമം അത് ആഗിരണം ചെയ്തു നികത്തും. ഭക്ഷണം കഴിക്കുന്നത് കുറവാണെങ്കിൽ അതിന്നർത്ഥം ആഗിരണം കൂടുതലാണ് എന്നാണ്. കൂടുതൽ ഭക്ഷണം കഴിച്ചാൽ അധികം വരുന്ന കാൽസിയം പരമാവധി അളവ് എത്തുന്നത് വരെ എല്ലുകളിൽ ശേഖരിച്ചുവെക്കുന്നു. പിന്നെ വയറിൽ നിന്നുള്ള ആഗിരണത്തിന്റെ അളവ് കുറക്കുകയും ചെയ്യുന്നു. കാൽസിയത്തിന്റെ ആഗിരണം വിറ്റാമിൻ ഡി യുടെ സാന്നിദ്ധ്യം വർദ്ധിപ്പിക്കുന്നു. ഉഷ്ണമേഖലാ രാജ്യങ്ങളിൽ ഭക്ഷണത്തിൽ കാൽസിയം കുറവാണെങ്കിൽ പോലും ശരീരത്തിന്ന് സൂര്യപ്രകാശത്തിൽ നിന്നും കൂടുതൽ വിറ്റാമിൻ ഡി ലഭിക്കുമെന്നതതിനാൽ ഇവിടങ്ങളിൽ കാൽസിയം ആഗിരണം വളരെ ഫലപ്രദമായി നടക്കും.


കാൽസിയം സന്തുലനം പാരാതൈറോയിഡ് ഗ്രന്ഥികൾ (Parathyroid Glands) ഉൽപാദിപ്പിക്കുന്ന പാരാതോർമോൺ (Parathormone) എന്ന ഹോർമോണിന്റെ നിയന്ത്രണത്തിലാണ്. ഈ പ്രവർത്തനം വിറ്റാമിൻ ഡി യുമായി ചേരുമ്പോൾ ശരീരത്തിന്ന് വേണ്ട കാൽസിയം ആഗിരണവുമായി അത് ഒത്തുപോകുന്നു. കാൽസിയം സന്തുലനം നിർവ്വഹിക്കുന്ന മറ്റൊരു ഹോർമോണാണ് കാൽസിട്ടോൺ. (Calciton) രക്തത്തിൽ കൂടുതൽ കാൽസിയം ഉണ്ടെങ്കിൽ കൽസിട്ടോൺ അത് എല്ലിലേക്ക് തിരിച്ചെടുക്കുകയും ഏറെ കുറെ കുടലിൽ നിന്നുള്ള കാൽസിയം ആഗിരണം കുറക്കുകയും ചെയ്യുന്നു.

## സോഡിയവും പൊട്ടാസിയവും

മറ്റൊരു വീക്ഷണകോണിൽ നിന്നുകൊണ്ട് ഫുജൂറ് (അധാർമികത), തഖ്‌വ (സാത്വികത) എന്നീ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ നമുക്ക് വിശദീകരിക്കാം. സോഡിയം പൊട്ടാസിയം എന്നത് ജീവന്റെ പരിപാലനത്തിന്ന് ഏറ്റവും ആവശ്യമായ രണ്ട് ഘടകങ്ങളാണ്. ഇവ രണ്ടിനുമിടയിൽ ഒരു സന്തുലനം പാലിക്കേണ്ടിയിരിക്കുന്നു. അതായത് ആവശ്യമായ സോഡിയം–പൊട്ടാസിയത്തിന്റെ അനുപാതം ശരീരത്തിന്റെ

***സൂറ: അശ്ശംസിലെ 9–ാം വചനം :** എന്നിട്ടവൻ (അല്ലാഹു) അതിന്ന് അതിന്റെ അധാർമികതയും സാത്വികതയും (വതഖ്‌വാഹാ) ബോധനം ചെയ്തു.(ഗ്രന്ഥ: കർത്താ)

വിവിധ ഭാഗങ്ങളിൽ വ്യത്യസ്തമാണ്. ഉദാഹരണത്തിന് എല്ലിനും മാംസത്തിനും സോഡിയത്തെക്കാൾ കൂടുതൽ പൊട്ടാസിയം ആവശ്യമാണ്. എന്നാൽ രക്തകോശങ്ങൾക്ക് പൊട്ടാസിയത്തേക്കാൾ സോഡിയമാണ് ആവശ്യം. ഈ രണ്ട് ലവണങ്ങൾ തമ്മിലുള്ള അസന്തുലിതത്വം അപകടകരമായ അനന്തര ഫലങ്ങളിലേക്ക് നയിക്കപ്പെടും. ഈ രണ്ട് രാസവസ്തുക്കളുടെ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സന്തുലനം യാദൃച്ഛികമല്ല. എന്നാൽ അതൊരു സുസംഘടിതമായ ആസൂത്രണ പദ്ധതിയുടെ ഭാഗമാണ്.



അത്പോലെ നാഡിവ്യവസ്ഥയുടെ ആരോഗ്യം സോഡിയത്തെയും പൊട്ടാസിയത്തെയും ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഓരോ രാസവസ്തുവിനും വേണ്ടിയുള്ള ആവശ്യങ്ങൾ സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. ഒരു നാഡീകോശത്തിൽ നിന്നും മറ്റൊരു നാഡീകോശത്തിലേക്ക് കണ്ണികളിലൂടെയാണ് സന്ദേശം കൈമാറ്റം ചെയ്യപ്പെടുക. ശരീരത്തിന്റെ ഏതൊരു സ്ഥലത്താണോ അത് പ്രക്ഷേപിക്കപ്പെടാൻ ഉദ്ദേശിക്കപ്പെട്ടത് അവിടേക്ക് അത് അവസാനമായി എത്തേതുണ്ട്. ഒരു നാഡീകോശത്തിൽ നിന്നും സന്ദേശങ്ങൾ മറ്റൊരു നാഡീകോശത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ സോഡിയം കോശത്തിലേക്ക് ഒഴുകുകയും പൊട്ടാസിയം പുറത്തേക്ക് പോകുകയും ചെയ്യുന്നു. അതിന്ന് ശേഷം ഈ പ്രവർത്തനം ഉടൻ തന്നെ വിപരീത ദിശയിൽ പോവാതിരിക്കുകയും പൊട്ടാസിയത്തെ മറ്റൊരിടത്തേക്ക് മാറ്റി സാധാരണ നില കൈവരിച്ചില്ലെങ്കിൽ പെട്ടെന്ന് തന്നെ മരണം സംഭവിക്കും. ഇതിൽ നിന്നും നമുക്ക് ഖുർആനിലെ * **ഫസവ്വാക്ക ഫ അദലക്ക** (സൂറ: അൽ ഇൻഫിതാർ 82: 8) എന്ന പ്രതിപാദനത്തിന്റെ അർത്ഥം നിഗമിച്ചെടുക്കാം. നമ്മുടെ ശരീരത്തിൽ നിലനിൽക്കുന്ന സമഗ്ര സങ്കീർണ്ണമായ സന്തുലന പ്രവർത്തനവും പ്രതിസന്തുലന പ്രവർത്തനവും ഈ സംഗ്രഹിത ഖുർആനിക ശൈലിയിൽ സംക്ഷേപിച്ചിരിക്കുന്നു.

## കോശ വിഭജനം

കോശ വിഭജന പ്രക്രിയ വളരെ കൗതുകകരമായ ഒന്നാണ്. എല്ലാ ഓരോ ഏഴു വർഷം കൂടുമ്പോഴും അതിസങ്കീർണ്ണമായ അപചയ പ്രവർത്തനത്തിന്ന് (Catabolism) കീഴിൽ ശരീരത്തിലെ ഓരോ കോശവും പുനസ്ഥാപിക്കപ്പെടുന്നു. അപചയ പ്രവർത്തനം എന്നത് കോശങ്ങൾ നിരന്തമായി ഉപഭോഗിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യുന്ന പ്രവർത്തനമാണ്. നമ്മുടെ ശരീരപ്രകൃതിക്ക് പൊടുന്നനെ ഒരു മാറ്റം സംഭവിക്കാത്തതിനാൽ നാം അതിനെപ്പറ്റി ശ്രദ്ധിക്കാറില്ല. സമയക്രമമനുസരിച്ച് ഒരാൾക്ക് അയാളുടെ ആരോഗ്യം മെച്ചപ്പെടുത്താനും ശരീരഭാരം നിലനിർത്താനും സാധ്യമാവും അല്ലെങ്കിൽ ശരീരശോഷണം സംഭവിക്കുകയോ മെലിയുകയോ ചെയ്യും. എന്നാൽ അയാളുടെ ശരീര വ്യക്തിത്വം അതേപടി നിലനിൽക്കുന്നു. ഉപചയ പ്രവർത്തനത്തിൽ നശിപ്പിക്കപ്പെടുന്ന കോശങ്ങൾ പഴയതിന്റെ സ്ഥാനത്ത് പുനസ്ഥാപിക്കപ്പെടുന്നു. ഓരോ പുതിയ കോശങ്ങളും അതിന്റെ പൂർവ്വകോശത്തിന്റെ അതേ രൂപത്തിലാണ് ജനിക്കുന്നത്. ഇത് വിശദീകരിക്കാൻ ഒരു പക്ഷേ നമുക്കറിയുന്ന ഏറ്റവും സാമാന്യമായ ഉദാഹരണം നമ്മുടെ വിരലടയാളമാണ്. ഒരു നവജാത ശിശുവിന്റെ വിരലടയാളത്തിന്റെ സങ്കീർണ്ണമായ രൂപരേഖാ ഘടന വാർദ്ധക്യത്തിലെത്തുന്നത് വരെ യാതൊരു മാറ്റവും സംഭവിക്കാതെ അതേപടി നിലനിൽക്കുന്നു. ഈ സംവിധാനം അദ്ൽ (കേവല നീതി)യുമായി ബന്ധപ്പെട്ട് മനുഷ്യ ശരീരത്തിൽ നിലനിൽക്കുന്നു. ശരീരാവയവങ്ങൾക്ക് നിരന്തരമായ കേടുപാടുകൾ തീർക്കേതുണ്ട്.

***ഫസവ്വാക്ക ഫ അദലക്ക** = തികവുറ്റ സന്തുലനം പാലിക്കുന്നത് വരെ നിന്നെ അനുപാതം ശരിപ്പെടുത്തി അന്യൂനമാക്കുകയും ചെയ്തു, നിന്നെ രൂപപ്പെടുത്തുകയും (നിന്റെ ആന്തരിക ശക്തികളെകുറിച്ച് ) നിന്റെ പ്രകൃതിയിൽ നല്ലത് പോലെ തുലനപ്പെടുത്തുകയും ചെയ്തു. സൂറ: അൽ ഇൻഫിതാർ 82: 8) (ഗ്രന്ഥ കർത്താ)

എല്ലാ അവയവങ്ങളും അവയുടെ പ്രവർത്തന പ്രക്രിയകൾക്കനുസരിച്ച് കോശങ്ങൾ നഷ്ടപ്പെടുകയും അതിന്റെ മുറക്ക് അവ പുന:സ്ഥാപിക്കപ്പെടുകയും ചെയ്തില്ലെങ്കിൽ അവയവങ്ങളുടെ വലുപ്പം കുറഞ്ഞുപോവും. കോശങ്ങൾ നഷ്ടപ്പെടുന്നതിനേക്കാൾ അധികമാണ് അവ വിതരണം ചെയ്യപ്പെടുന്നതെങ്കിൽ അവയവത്തിന്റെ വളർച്ച അവ രൂപകൽപ്പന ചെയ്യപ്പെട്ട വലുപ്പത്തേക്കാൾ തുടർന്നുകൊണ്ടേയിരിക്കും. മറിച്ച് ആവശ്യമുള്ളതിനേക്കാൾ കുറവാണെങ്കിൽ അവയവം സങ്കോചിക്കുകയും ചെയ്യും. ഉപയോഗിച്ചു കഴിഞ്ഞ കോശത്തിന്റെ നഷ്ടത്തിന്നനുസരിച്ച് കൃത്യമായി കോശങ്ങൾ പുനർവിതരണം ചെയ്യപ്പെടുന്നില്ലെങ്കിൽ ഒരു അസന്തുലിതത്വം ആവിർഭവിക്കും. ഈ തത്വം ഏതൊരു അവയവങ്ങൾക്കും പ്രയോഗിച്ചാൽ അതിന്റെ ആതുരപൂർണ്ണമായ അനന്തര ഫലം ഗ്രഹിക്കാനാവും. ഉദാഹരണത്തിന് നമ്മുടെ നേത്രഗോളമെടുക്കാം. ദൈനംദിനജീവിതത്തിൽ നാം കണ്ണിനെ ഉപയോഗിക്കുമ്പോൾ കണ്ണിന്റെ എല്ലാ ജീവകോശങ്ങളേയും നാം ഉപയോഗിക്കുന്നു. ഉപഭോഗത്തേക്കാൾ കൂടിയ നിരക്കിലാണ് കണ്ണ് കോശങ്ങളുടെ പുന:സ്ഥാപനം നടക്കുന്നതെങ്കിൽ കണ്ണ് ഗോളം അതിന്റെ സോക്കറ്റിൽ നിന്നുംപുറത്തേക്ക് വളരും. സന്തുലനം മറുഭാഗത്തേക്കാണ് ചായുന്നതെങ്കിൽ നേത്രഗോളത്തിന്റെ വലുപ്പം കുറയും അത് ഒരു ബിന്ദുവായി ചുരുങ്ങുന്നതുവരെ ഈ സങ്കോച പ്രക്രിയ തുടരും. ചുരുക്കിപ്പറഞ്ഞാൽ ജീവനുള്ള ഏതൊരു അവയവത്തിന്റെയും സന്തുലന വ്യവസ്ഥക്ക് തകരാറ് സംഭവിച്ചാൽ അത് അനുപാതത്തിന്റെ പരിധി വിട്ട് വളരുകയോ ചുരുങ്ങി ഇല്ലാതാവുകയോ ചെയ്യും.

## പ്രാണിലോകത്തേക്ക് ഒരു ഉൾക്കാഴ്ച്ച

നാം ഇത്വരെ ചില ഉയർന്നതരം ജീവികളെ കുറിച്ചും മനുഷ്യരെ കുറിച്ചും ചർച്ച ചെയ്തു കഴിഞ്ഞു. നാം ഓർക്കേണ്ടകാര്യം

ഈ സന്തുലന വ്യവസ്ഥ എല്ലാ ജീവിരൂപങ്ങളേയും ചൂഴ്ന്നു നിൽക്കുന്നു എന്നതാണ്. ജീവൽ പ്രക്രിയയുടെ പ്രവർത്തനത്തിൽ നീതിയുടെ പ്രയോഗം എന്നത് എല്ലാം തന്നെ അതിന്റെ നിർമ്മാണ ഘടനയുടെ അതികൽപ്പിതമായ പരിധിക്കുള്ളിൽ നിൽക്കുക എന്നാണ്. അത് അതിലംഘിക്കാൻ പാടില്ല.

പ്രാണിലോകത്ത് ഇത് പ്രയുക്തമാക്കുമ്പോൾ ഈ നിയന്ത്രണ സംവിധാനം വളരെ അനിവാര്യമാണ്. ഓരോ പ്രാണിക്കും മുൻകൂട്ടി നിർണ്ണിതമായ തലങ്ങൾ നിരന്തരം കർശനമായ നിയന്ത്രണങ്ങളില്ലെങ്കിൽ ഊഹാതീതമായ രീതിയിൽ പ്രാണികൾ അവയുടെ ജീവൻ നിലനിർത്താനാവശ്യമായ ചില ഭക്ഷണ വസ്തുക്കൾ ആഹരിക്കുന്നു. പ്രകൃതിനിയമങ്ങളിലൂടെ അത് നിയന്ത്രിക്കപ്പെട്ടില്ലെങ്കിൽ ഭൂമിയുടെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ നിറയുമാറ് അവയുടെ എണ്ണം ഭീമാകാരമായി വർദ്ധിക്കുകയും ചെയ്യുമായിരുന്നു. എന്തുകൊണ്ടാണ് ഒരു ഘട്ടമെത്തുമ്പോൾ അവയുടെ വളർച്ച നിലക്കുന്നത്.? ഏത് ശക്തിയാണ് അവയുടെ വളർച്ച ഒരു പരിധിയിൽ ചുരുക്കി നിർത്തുന്നത്? ഈ ചോദ്യങ്ങൾക്ക് ഇത്വരെ തൃപ്തികരമായ ഉത്തരം ലഭിച്ചിട്ടില്ല. അവയെ പരിധിയില്ലാതെ വളരാൻ അനുവദിച്ചാൽ അത് ഒരു കാരുണ്യത്തിന്റെ പ്രവൃത്തിയായി കാണപ്പെടും. പക്ഷേ അതിന്ന് കൊടുക്കുന്ന വില എന്താകും? മറ്റെല്ലാ ജീവജാലങ്ങളേയും അതിന്ന് വേണ്ടി ബലികഴിക്കേണ്ടി വരും.

മനുഷ്യന്റെ സാങ്കേതിക ഭാഷയിൽ സന്തുലനം അഥവാ കേവലനീതി എന്നത് സ്വയം യാന്ത്രികമായി പാലിക്കപ്പെടേണ്ട ഒന്നല്ല. അതായത് സ്വയം നിയന്ത്രിക്കപ്പെടേതല്ല. അത് ചില ശക്തികൾ കടിഞ്ഞാണിട്ട് നിയന്ത്രിക്കേണ്ട ഒന്നാണ്. ഇതിന്ന് മുൻപ് നാം ശരീരത്തിന്നകത്തുള്ള അവയവങ്ങളുടെ വളർച്ചയെ സംബന്ധിച്ച് പ്രതിപാദിച്ചിരുന്നു. മേൽ പറഞ്ഞ മൃഗങ്ങളിലെ പല്ല്, നേത്രഗോളം മുതലായവ നിയന്ത്രിക്കുന്ന സംവിധാനത്തെ കുറിച്ച് ചർച്ച ചെയ്തിരുന്നു. ഇത് എല്ലാ ജീവിവർഗ്ഗങ്ങൾക്കും ബാധകമയിട്ടുള്ളതാണ്.

അഹോ കഷ്ടം മനുഷ്യൻ നന്ദികെട്ടവനാണ്. ധിഷണാ ശാലിയായിട്ടും അവൻ ചിന്താശൂന്യനായി കാണപ്പെടുന്നു. പ്രപഞ്ചത്തിലെ ഓരോ കണവും സർവ്വശക്തനായ ദൈവത്തിന്റെ അസ്തിത്വത്തിന്ന് സാക്ഷ്യം വഹിച്ചിട്ടും അവൻ നന്ദി കാണിക്കുന്നില്ല.

## രോഗവും അസന്തുലിതത്വവും

മനുഷ്യൻ അവന്റെ യഥാർത്ഥ മൂല്യത്തെപറ്റി പരിചിന്തനം ചെയ്തിരുന്നുവെങ്കിൽ അവൻ കൈക്കുമ്പിളോളം വരുന്ന വെറും പൊടികണങ്ങളല്ലാതെ മറ്റൊന്നുമല്ല എന്ന് കാണാം. മനുഷ്യന്റെതായി ഒന്നുമില്ലെന്നിരിക്കെ അവൻ അഹങ്കരിക്കുന്നതെല്ലാം മിഥ്യാഭിമാനം മാത്രമാണ്. എല്ലാം അല്ലാഹുവിന്റെതാണ്. മനുഷ്യന്ന് തികവുറ്റ ഒരു ശരീരമാണ് നൽകപ്പെട്ടത്. എന്നാൽ ആരോഗ്യമുള്ളപ്പോൾ സന്തുലനാത്മകമായ അതിബൃഹത്തായ ഒരു സങ്കീർണ്ണ വ്യവസ്ഥയെ ആശ്രയിച്ചാണ് അവൻ ജീവിക്കുന്നത് എന്ന യാഥാർത്ഥ്യം അവൻ ഗ്രഹിക്കാതെ പോകുന്നു. മനുഷ്യൻ രോഗാതുരനായി അവന്റെ അസ്വസ്ഥതകളും വേദനയും യാതനയുമെല്ലാം പുറത്തേക്ക് വരുമ്പോൾ

അവന്റെ ബലഹീനത മനുഷ്യൻ സ്വയം മനസ്സിലാക്കുന്നു. അതു മുതൽ അവൻ ദൈവത്തിന്റെ വെറും ആശ്രിതനാണെന്ന ബോധം അവനിൽ ഉദിക്കുന്നു. നാനാഭാഗത്ത് നിന്നും അവനെ വലയം ചെയ്യപ്പെട്ടിരിക്കുന്ന ആതുരതമായ എണ്ണമറ്റ ചുറ്റുപാടുകളിൽ നിന്ന് ദൈവമാണ് മനുഷ്യനെ രോഗിയാവാതെ തടഞ്ഞു നിർത്തുന്നത്. നിരന്തരം നിരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ആന്തരിക നിർമ്മിതമായ പ്രതിരോധ സംവിധാനം വഴി അവൻ സംരക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇവിടെ ഊന്നിപ്പറയാനുദ്ദേശിക്കുന്ന വസ്തുത ശരീരത്തിന്റെ ചെറിയതും നിസ്സാരവുമായ ഒരു ഭാഗത്തിന്ന് അസുഖം വന്നാൽ പോലും ബാക്കി ഭാഗങ്ങൾ പൂർണ്ണ ആരോഗ്യത്തോടു കൂടിയിരിക്കുകയാണെങ്കിലും അതിന്റെ സാകല്യത്തിൽ അയാൾ അത് സഹിക്കുന്നു. വിരലിന്റെ അറ്റത്ത് ഒരു ചെറിയ വ്രണം, പല്ല് വേദന, കൺപോളയിൽ ഒരു പഴുപ്പ് എന്നിവ വന്നെന്നിരിക്കട്ടെ ഒരാൾക്ക് അത് തീവ്രമായി അനുഭവപ്പെടുന്നു. അത്തരം രോഗങ്ങളുണ്ടാക്കുന്ന പരിമിതമായ വേദനയിൽ നിന്നുപോലും രക്ഷപ്പെടാൻ മനുഷ്യൻ വളരെയധികം വിഷമിക്കുന്നത് നമുക്കറിയാം. മസ്തിഷ്ക്കത്തിൽ ഒരു ഗ്രന്ഥിക്ക് വീക്കം വന്നാൽ ആ വ്യക്തിയെ അത് ഒരു അപസ്മാരരോഗിയാക്കും. ആ യാതനകൾ അയാൾക്ക് മാത്രമല്ല ആ വ്യക്തിയുടെ കുടുബന്ധത്തിൽ പെട്ടവർക്കും സുഹൃത്തുക്കൾക്കും എല്ലാവർക്കും വേദനയുണ്ടാക്കുന്നു. അത്തരം രോഗാവസ്ഥയിൽ മാത്രമേ ദൈവത്തിന്റെ അഗാധമായ ഔദാര്യങ്ങളെപറ്റി നമുക്ക് പൂർണ്ണമായും മനസ്സിലാക്കാൻ സാധിക്കൂ. ഈ ഔദാര്യങ്ങളാകട്ടെ എല്ലാ ജീവികളിലും നിരന്തരമായി വർഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ അനുഗ്രങ്ങളെ സംബന്ധിച്ച ബോധമാണ് ചിന്തിക്കുന്ന മനുഷ്യനിൽ നന്ദിഭാവം ജനിപ്പിക്കുന്നത്.

അന്തിമ വിശകലനത്തിൽ രോഗം എന്നത് സന്തുലനത്തിൽ അതായത് നീതി പാലനത്തിൽ ഉണ്ടാകുന്ന കുഴപ്പം അല്ലാതെ മറ്റൊന്നുമല്ല. രോഗബാധിതരായപ്പോൾ ചരിത്രത്തിൽ പല തവണ ഉന്നതമായ ഖ്യാതി നേടിയ മഹാന്മാരായ പലരും സഹായം അർത്ഥിക്കുന്ന വിധം രോഗത്തിന്ന് മുമ്പിൽ എല്ലാ പ്രതാപങ്ങളും നഷ്ടപ്പെട്ട് ഹീനമായി തലകുനിച്ച് യാതൊരു അധികാരവുമില്ലാത്ത അവരുടെ സഹായികളിൽ നിന്നും സഹായം സ്വീകരിക്കും വിധം നമ്രശിരസ്ക്കരായിട്ടുണ്ട്. ഉഗ്രപ്രതാപികളായി വിലസിയ സാമ്രാട്ടുകൾക്ക് ശരീരചലനങ്ങളെ അസാദ്ധ്യമാക്കും വിധം രോഗബാധയുണ്ടായപ്പോൾ അവരുടെ ഏറ്റവും താഴ്ന്ന അടിമകളേക്കാൾ വളരെ ചെറിയവരും എളിയവരുമായി അവർ കാണപ്പെടുകയുണ്ടായി. അവരുടെ അടിമത്വം പ്രതാപികളായ യജമാനന്മാരുടെ പരമാധികാരത്തിന്ന് പകരമായി കൈമാറാനാകുമായിരുന്നില്ല.

ജൂലിയസ് സീസർ* അത്തരത്തിലുള്ള ഒരാളായിരുന്നു. ഒരിക്കൽ രാജകീയ പ്രതാപത്തിന്റെയും വാഗ്മിതയുടെയും ആവേശോജ്ജ്വലമായ നിമിഷത്തിൽ അദ്ദേഹം അപസ്മാര രോഗത്തിന്റെ നിശിതമായ അക്രമണത്തിന്ന് വിധേയമാവുകയുണ്ടായി. വേദനകൊണ്ടും യാതനകൊണ്ടും പുളഞ്ഞ സീസറിന്റെ ഈ രംഗം വിവരിച്ചുകൊണ്ട് ഷേക്സ്പിയർ എഴുതുന്നു:

*അദ്ദേഹത്തിന്ന് അപസ്മാര*
*ബാധയുണ്ടായപ്പോൾ.*
*ഞാൻ കൃത്യമായി ഓർക്കുന്നു.*
*എപ്രകാരമാണ് അയാൾ വിറകൊണ്ടതെന്ന്.*
*ഇത് സത്യം, ഈ ദൈവം*
*അന്ന് വിറച്ചു.*
*ചകിത സാന്ദ്രമായ*
*അദ്ദേഹത്തിന്റെ*
*അധരങ്ങൾ വർണ്ണരഹിതമായി.*
*ലോകത്തെ പ്രകമ്പനം*
*കൊള്ളിച്ച ആ ദൃഷ്ടി*
*പ്രക്ഷേപത്തിന്റെ തിളക്കം*
*മങ്ങിപ്പോയി*

(Julius Caesar, Act I, Scene I)

മനുഷ്യന്റെ അഹങ്കാരത്തെ കുറിച്ച് ഇതെല്ലാം നേരിയ ഒരു കാഴ്ചപാട് നൽകുന്നുണ്ട്. രോഗിയായ മനുഷ്യൻ ആരോഗ്യത്തിലേക്ക് തിരിച്ചു വരുന്ന നിമിഷം മുതൽ അവന്റെ ജീവിതത്തെ നിസ്സാരമാക്കിക്കളഞ്ഞ ആ ആതുര നിമിഷങ്ങളെ അവന്റെ വീഴ്ച്ചകളെ അവൻ വിസ്മരിക്കുന്നു. അവന്റെ പൊങ്ങച്ചത്തിലേക്കുള്ള മടക്കത്തെ കുറിച്ചോർത്ത് അവൻ സമയം നഷ്ടപ്പെടുത്തുന്നുമില്ല.

മനുഷ്യന്റെ അന്തസ്സ് ആകെ കവർന്നെടുക്കപ്പെടുന്നത് പോലെ ആയിതീരുന്ന ഒരു രോഗമാണ് അപസ്മാരം. വാസ്തവത്തിൽ നാഡീവ്യവസ്ഥയിലുണ്ടാകുന്ന ചെറിയൊരു അസന്തുലിതാവസ്ഥയാണ് ഇതിന്ന് കാരണം. അപൂർവ്വം ചിലപ്പോൾ നാഡീവ്യവസ്ഥയുടെ

***ജൂലിയസ് സീസർ:** ബി സി 49 മുതൽ ബി സി 44 വരെ റോമൻ റിപ്പബ്ലിക്കിനെ സാമ്രാജ്യമാക്കി വികസിപ്പിച്ച ഉജ്ജ്വലനായ പടനായകനും ഭരണാധികാരിയുമായിരുന്നു സീസർ. റോമൻ സെനറ്റിലെ പ്രഭുക്കന്മാർ അദ്ദേഹത്തെ വധിക്കുകയാണുണ്ടായത്. ഇംഗ്ലീഷ് സാഹിത്യത്തിലെ മഹാനായ നാടക കൃത്ത് ഷേക്ക് സ്പിയർ എ ഡി 1599 ഈ ചരിത്ര സംഭവം 'ജൂലിയസ് സീസർ' എന്ന പേരിൽ ഒരു ദുരന്ത ചരിത്ര നാടകമായി എഴുതുകയുണ്ടായി. (വിവ:)

ഏത് ഭാഗത്താണ് കുഴപ്പം എന്ന് നിർണ്ണയിക്കാനും സാദ്ധ്യമല്ല.

### കാവൽക്കാരായ മാലാഖമാർ

പുരോഗതിയുടെ വീഥി നിറയെ ചതിക്കുഴികളും അപകടങ്ങളും നിറഞ്ഞതാണ്. മുന്നേറ്റപാതയിലുള്ള ഓരോ ചുവടുവെപ്പും അശ്രദ്ധമായി വെച്ചാൽ നാശത്തിലേക്കായിരിക്കും നയിക്കുക. ജീവിതത്തിന്റേയും മരണത്തിന്റേയും സൂക്ഷ്മമായ പ്രവർത്തനം പോലും പരസ്പരം കൈകോർത്തുകൊണ്ടാണ് പോകുന്നത്. ജീവന്റെ സംരക്ഷണം ഇപ്പോഴും പൂർണ്ണമായി ഗ്രഹിക്കാൻ കഴിയാത്ത അത്യാഗാധമായി സംഘടിക്കപ്പെട്ട ഒരു ഘടനാ വിശേഷമാണ്. അതിൽ നമുക്ക് എന്തെല്ലാം ഗ്രഹിക്കാൻ സാധിച്ചുവോ അതെല്ലാം തന്നെ തീർച്ചയായും അത്ഭുതപ്പെടുത്തുന്നതാണ്.

ഇതിനെല്ലാം പിന്നിൽ സ്വയം പ്രവർത്തിക്കുന്ന സംവിധാനമാണുള്ളത്. മതപരമായ ധാരണകൾ പ്രകാരം നമ്മേക്കാൾ വ്യത്യസ്ത മാനങ്ങളുള്ള മലക്കുകൾ എന്നറിയപ്പെടുന്ന അദൃശ്യമായ ചില ബോധാത്മക ശക്തികൾ പ്രവർത്തിക്കുന്നു. സകല പ്രപഞ്ചവും പ്രകൃതി നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ആ പ്രപഞ്ചത്തിന്റെ സൂക്ഷ്മമായ കാര്യങ്ങൾ വരെ നിയമം മുഖേന ഭരിക്കുന്നതും പരിപാലിക്കുന്നതും പ്രാവർത്തികമാക്കുന്നതും മലക്കുകൾ എന്ന ഈ അദൃശ്യ എജന്റുമാരാണ്. അത് തന്നെയാണ് ഇവിടെയും പ്രാവർത്തികമാവുന്നത് എന്ന് ഒരാൾക്ക് കാണാൻ സാദ്ധ്യമാകും. ഉദാഹരണത്തിന്ന് സമയക്രമമനുസരിച്ച് പുരോഗമിക്കുന്ന ഏതൊരു ജീവ ഘടകത്തിലും ഈ പ്രവർത്തനങ്ങൾ ദർശിക്കാനാകും. ജീവിവികാസം മുന്നോട്ട് വെക്കുന്ന ഏതൊരു സൂക്ഷ്മമായ ചുവടുവെപ്പിനുമൊപ്പം മരണത്തിലേക്കുള്ള അപകടകരമായ ഒരു തിരിവ് പാശ്വവർത്തിയായി സദാ കൂടെയുണ്ടാവും. ജീവിതത്തിന്റെ ഘടകങ്ങളെ ജീവന്റെ മാലാഖമാരാണ് ശരിയായ പാതയിലേക്ക് നയിക്കുന്നത്. പക്ഷേ മരണം വിധിക്കപ്പെട്ട ആ നിമിഷം സമാഗതമായാൽ എല്ലാ ചുവടുകളും മരണത്തിലേക്കായിരിക്കും തിരിയുക.

### മനുഷ്യന്റെ അതിലംഘനങ്ങൾ

അനുവാദം നൽകപ്പെടുകയാണെങ്കിൽ മനുഷ്യൻ സകല പരിധികളും ലംഘിക്കും. പക്ഷേ മനുഷ്യശരീരത്തിൽ പ്രവർത്തിക്കുന്ന എണ്ണമറ്റ പണിപ്പുരകളിൽ അവന് കുറഞ്ഞ നിയന്ത്രണങ്ങൾ മാത്രമേ ഉള്ളൂ. മനുഷ്യന്റെ അന്തർഭാഗത്ത് നടക്കുന്നതെന്താണ് എന്നതിനെപ്പറ്റി കുറഞ്ഞ അവബോധം മാത്രമേ അവനുള്ളൂ. മനുഷ്യന്റെ ആഭ്യന്തര ശാരീരിക പ്രവർത്തന സംവിധാനത്തിൽ കൈകടത്താൻ അവന് സാധ്യമല്ല. ജീവന്റെ ഉടമയുടെ ബോധപൂർവ്വമായ നിയന്ത്രണങ്ങളൊന്നുമില്ലാതെ വലിയതോതിലുള്ള നിരവധി ജീവൽ പ്രവർത്തനങ്ങൾ നടക്കുന്നു.

തിർച്ചയായും ചില പ്രത്യേക മേഖലയിൽ മാത്രമേ മനുഷ്യന് അവന്റെ സ്വാധീനം ഉപയോഗിക്കാൻ സാദ്ധ്യമാകൂ. ഉദാഹരണത്തിന്, അമിതമായ തീറ്റയും കുടിയും,. വിഷയലംബടത്വം, അമിതമായ ജീവിതശൈലിയിൽ മുഴുകൽ, എന്നീ ചുരുങ്ങിയ മേഖലകളിൽ മാത്രമാണ് മനുഷ്യന് അവന്റെ സ്വതന്ത്രമായ ഇഛാശക്തി പ്രയോഗിക്കാനാവുക. ഈ മേഖലകളിൽ മനുഷ്യൻ നടത്തുന്ന സംഹാര താണ്ഡവം നമുക്ക് നന്നായറിയാം.

മനുഷ്യന്റെ ശരീരത്തിനകത്ത് ഏറ്റവും ഭദ്രമായ ഒരു ആഘാത പരിഹാര സുരക്ഷാ സംവിധാനമുണ്ടായിട്ടും മനുഷ്യന് ലഭിക്കുന്ന ലൈസൻസ് അവൻ തനിക്കെതിരെ തന്നെ അമിതത്വം പ്രവർത്തിക്കാനാണ് വിനിയോഗിക്കുന്നത്. ഒരു പരിധി വരെ ഈ സുരക്ഷാസംവിധാനം രൂപകൽപ്പന ചെയ്തത് നിരവധി പിഴവുകളോട് അനുരജ്ഞനപ്പെട്ട് പോവാനാണ്. എന്നാൽ മനുഷ്യൻ എല്ലാ പരിധിയും ലംഘിച്ച് ആത്മഹത്യാപരമായ പിഴവുകൾ തുടരുകയാണെങ്കിൽ ശിക്ഷാ നടപടികളുടെ വ്യവസ്ഥ മേൽകൈനേടും. ആ അവസ്ഥയിലും രോഗവും ആരോഗ്യവും തമ്മിലുമുള്ള മരണവും ജീവിതവും തമ്മിലുള്ള പോരാട്ടം ആരംഭിക്കുന്നേയുണ്ടാവൂ. അപ്പോഴും നാശകരമായ ശക്തികൾക്കെതിരെ ആവശ്യമായ ഉപാധികൾ ഓരോ ഘട്ടത്തിലും നൽകപ്പെട്ടുകൊണ്ട് ഈ പോരാട്ടം നീട്ടിക്കൊണ്ടുപോകുകയാണ് ചെയ്യുന്നത്.

വാസ്തവത്തിൽ മതപരമായ സാങ്കേതിക പദങ്ങളിൽനിന്നും നാം മനസ്സിലാക്കിയ ആഭാസത്വവും ലംഘനങ്ങളും ഭൗതിക ലോകത്തും പ്രയോഗ പ്രസക്തിയുള്ള പദങ്ങളാണ്. തീർച്ചയായും ആത്മീയ സ്വഭാവങ്ങളുടെ വിപരീതമായ ഭൗതിക പ്രതിദ്വന്ദങ്ങളിലും ഇതേ മതപരമായ സാങ്കേതിക പദങ്ങൾ തന്നെ പ്രയോഗിണമെന്ന് നാം ഉദ്ദേശിക്കുന്നില്ല. പക്ഷേ ഭൗതിക ലോകത്തും മതപരമായ അതേ സാങ്കേതിക പദങ്ങൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നയത്ര അർത്ഥ സാമ്യതകൾ വളരെ ശക്തമാണ്. എന്നാലും ഒരു കാര്യം നാം മറക്കരുത്; അത്തരം തീവ്രമായ ഘട്ടത്തിൽ പോലും ദൈവത്തിന്റെ ഔദാര്യവും അവന്റെ അപരിമേയമായ കാരുണ്യവും മനുഷ്യന്റെ രക്ഷക്കായി എത്തുക തന്നെ ചെയ്യും.

ക്രിസ്ത്യൻ ഇവാഞ്ചലിസവും യഹൂദ സയണിസവും 2

# ഹെർസൽ, പോപ്പിനെയും ഖലീഫയേയും കാണുന്നു

ചരിത്രത്തിലുടനീളം യഹൂദരെ വേട്ടയാടിയിരുന്നവരാണ് പാശ്ചാത്യ ക്രിസ്തീയ ലോകം.1965 ഒക്ടോബർ 28 ന് കത്തോലിക്കാ സഭ പുറപ്പെടുവിച്ച നോസ്ട്രാ അറ്റാറ്റെ (NOSTRA AETATE) എന്ന പ്രഖ്യാപനത്തോടെയാണ് അത് പൂർണ്ണമായും അവസാനിച്ചത്. യഹൂദർക്ക് ഒരു ജന്മഗേഹം എന്ന ആവശ്യവുമായി സയണിസ്റ്റ് സ്ഥാപകനായ തിയോഡർ ഹെർസൽ പോപ്പിനെയും ഉസ്മാനിയ ഖലീഫയേയും സമീപിച്ചു. ഇരുവരും ഹെർസലിന്റെ ആവശ്യം തള്ളിക്കളയുകയാണ് ചെയ്തത്. ഇന്ന് ക്രിസ്തീയ-യഹൂദ സയണിസം ഇസ്റയേൽ സ്റ്റേറ്റിനു വേണ്ടി കൈകോർക്കുകയാണ്. സയണിസത്തിന്റെ മതപരമായ അന്തർ ധാരകളിലേക്കൊരെത്തിനോട്ടം

എ. എം മുഹമ്മദ് സലീം

സിയോൺ എന്ന പദത്തിൽ നിന്നാണ് സിയോണിസം അഥവാ സയണിസം എന്നീ പദങ്ങൾ നിഷ്പന്നമായത്. യഹൂദരുടെ രാജാവായിരുന്ന ദാവീദ് (ദാവൂദ് നബി(അ)) പിടിച്ചടക്കിയ ജെറുസലേമിലെ ഒരു കുന്നിന്റെ പേരാണ് സിയോൺ. പിന്നീട് സോളമൻ ക്ഷേത്രത്തിനും ജെറുസലേം നഗരത്തിനും പൊതുവായി പറയപ്പെടുന്ന നാമവും യഹൂദരുടെ ജന്മഗേഹത്തിന്റെയും ജൂദായിസത്തിന്റെയും പ്രതീകമായും ആ പദത്തിന് രൂപാന്തരണം വന്നു. ഫലസ്തീനിൽ ജന്മഗേഹം സ്ഥാപിക്കാൻ വേണ്ടിയുള്ള പ്രസ്ഥാനത്തിന്റെ പേരായും സിയോണിസം മാറി. ഏകദേശം പത്തൊമ്പത് നൂറ്റാണ്ടുകൾക്ക് മുമ്പ് റോമൻ അക്രമണത്തെ തുടർന്ന് ഫലസ്തീൻ ഉപേക്ഷിച്ച് ലോകത്തിന്റെ നാനാ ഭാഗത്തേക്കും ചിതറിതെറിച്ച യഹൂദർ തങ്ങൾക്ക് ഒരു ജന്മഗേഹം സ്ഥാപിക്കാൻ വേണ്ടി പത്തൊമ്പതാം നൂറ്റാണ്ടിൽ ഉണ്ടാക്കിയ പ്രസ്ഥാനമായാണ് സയണിസം എന്ന് പൊതുവേ അറിയപ്പെടുന്നത്. എന്നാൽ ആധുനിക കാലത്ത് യഹൂദരുടെ സയണിസത്തേക്കാൾ തീവ്രതയോടെയും വീറോടെയും ഇസ്റയേൽ സ്റ്റേറ്റിന്റെ സ്ഥാപനത്തേയും യഹൂദർ ഫലസ്തീനിലേക്ക് പൂർണ്ണമായും തിരിച്ചു വരണം എന്നും വാദിക്കുന്ന ക്രിസ്ത്യൻ പ്രസ്ഥാനത്തിന്റെ പേരാണ് ക്രിസ്ത്യൻ സയണിസം. പ്രൊട്ടസ്റ്റന്റ് സഭകളിലെ പ്രത്യേകിച്ച് അമേരിക്കയിലെ പല വിഭാഗങ്ങളും ക്രിസ്ത്യൻ സയണിസത്തിന്റെ ശക്തമായ വാക്താക്കളാണ്. യഹൂദ സയണിസവും ക്രിസ്തീയ സയണിസവും കൈകോർത്തുകൊണ്ട് ഇന്ന് അമേരിക്കയിലും ലോകം മുഴുവനും നമ്മുടെ കേരളത്തിൽ പോലും പല രൂപത്തിലും ഭാവത്തിലും പ്രച്ഛന്നമായും പ്രത്യക്ഷമായും പ്രവർത്തിച്ചുവരുന്നു. അവരാണ് ഇസ്‌ലാമോ ഫോബിയയുടെ മുഖ്യപ്രചാരകരും. ഫലസ്തീനിൽ സഹസ്രസഹാബ്ദങ്ങളായി ജീവിക്കുന്ന ഫലസ്തീനികൾ ഉടൻ സ്ഥലം ഒഴിഞ്ഞു പോകണമെന്നും ലോകത്തുള്ള എല്ലാ യഹൂദരും അവരുടെ വാഗ്ദത്ത ഭൂമിയായ ഫലസ്തീനിൽ അതായത് ഇപ്പോഴത്തെ ഇസ്റയേലിൽ തിരിച്ചു വരണമെന്നുമാണ്, യഹൂദരെ പോലെ ക്രൈസ്തവ സയണിസവും വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. ഇക്കഴിഞ്ഞ ഗസ്സ യുദ്ധത്തിൽ പോലും ക്രിസ്ത്യൻ സയണിസ്റ്റുകളുടെ പങ്ക് സജീവമായിരുന്നു. അതിനെ പറ്റി പിറകെ വിവരിക്കാം.

വിശാല ഇസ്റയേൽ പൂർണ്ണമായും യഹൂദരെ കൊണ്ട് നിറക്കണമെന്ന വിഷയത്തിലാണ് ക്രിസ്ത്യൻ സയണിസവും യഹൂദ സയണിസവും തീർച്ചയായും കൈകോർക്കുന്നത്. പക്ഷേ ഇസ്റയേൽ രാജ്യം ഒരുക്കുന്ന ക്രിസ്ത്യാനികളുടെയും യഹൂദരുടെയും സയണിസ്റ്റ് പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ പ്രകടവും പ്രഖ്യാപിതവുമായ വ്യത്യാസവും വൈരുദ്ധ്യവുമുണ്ട് എന്ന കാര്യവും ശ്രദ്ധേയമാണ്. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് യഹൂദർക്ക് ദൈവം അയച്ച മിശിഹാ ആയ യേശുവിനെ നിഷേധിക്കുകയും നിഷ്ക്കരുണം വധിക്കാൻ ശ്രമിക്കുകയും ചെയ്ത യഹൂദർ മിശിഹാക്ക് വേണ്ടിയുള്ള കാത്തിരിപ്പ് തുടരുകയാണ്. ദാവീദിന്റെ രാജവംശത്തിൽ നിന്നും മിശിഹാ വരുമെന്നാണ് അവർ പ്രതീക്ഷിക്കുന്നത്. രണ്ട് തവണ നശിപ്പിക്കപ്പെട്ട



Pope piuse X



Theoder Herts



Abdul Hamid II

സോളമൻ ക്ഷേത്രം യഹൂദ മിശിഹാ പുനർനിർമ്മിക്കുമെന്നാണ് അവർ വിശ്വസിക്കുന്നത്. അതിന്നായി ഇസ്റയേലിനെ പൂർണ്ണതോതിൽ ഒരു രാഷ്ട്രീയ യാഥാർത്ഥ്യമാക്കി അവർ കാത്തിരിക്കുകയാണ്. എന്നാൽ യേശുവിന്റെ രണ്ടാം വരവിന് വേണ്ടി ഇസ്റയേൽ രാജ്യത്തെ പൂർണ്ണ തോതിൽ ഒരുക്കാനാണ് ക്രിസ്ത്യൻ സയണിസ്റ്റുകൾ പണിയെടുക്കുന്നത്. യേശുവിന്റെ രണ്ടാം വരവിൽ അദ്ദേഹത്തെ വധിക്കാൻ മുൻകൈ എടുത്ത യഹൂദരെകൂടി ക്രിസ്ത്യാനികളാക്കാനുള്ള ഗൂഢ അജണ്ടയും ക്രിസ്ത്യൻ സയണിസ്റ്റുകൾക്കുണ്ട്. ഇതാണ് യഹൂദ-ക്രിസ്ത്യൻ സയണിസങ്ങൾ തമ്മിലുള്ള വ്യത്യാസവും വൈരുദ്ധ്യവും. മറ്റൊരുകാര്യം ദൈവപ്രേഷിതൻ വരുമ്പോഴൊക്കെ അത് സംബന്ധിച്ച തെളിവുകളായി തിരുവെഴുത്തുകളിൽ എഴുതപ്പെട്ട നിറം പിടിപ്പിച്ച ഇതിഹാസ വർണ്ണനകൾ അക്ഷരാർത്ഥത്തിൽ പുലർന്നാലെ വിശ്വസിക്കൂ എന്നാണ് എക്കാലത്തേയും നിഷേധകർ ശഠിക്കുക. അവർ പ്രതീക്ഷിക്കുന്ന മിശിഹാ ഭൂമിയിൽ നിന്നോ ആകാശത്ത് നിന്നോ ഇറങ്ങി വരില്ല എന്ന് ഈ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലിരിക്കുന്നവർക്ക് അറിയാം, മത ഗ്രന്ഥങ്ങളിൽ വേരുകളുള്ള ഈ വിശ്വാസങ്ങൾ എളുപ്പത്തിൽ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകയും ചെയ്യാം ചരിത്രത്തിൽ സംഭവിച്ചത് അതാണ്. രാജാവായി വരുമെന്ന് സ്വപ്നം കണ്ടിരുന്ന യഹൂദർക്ക് മുമ്പിൽ ആശാരിയും ദരിദ്രനുമായ യേശു വന്നു നിന്നപ്പോൾ സംഭവിച്ചത് അതാണല്ലോ. അതുകൊണ്ടാണ് നിഷേധകർക്ക് തങ്ങളുടെ വാഴ്ച ഉറപ്പിക്കാമെന്നായിരിക്കും സയണിസത്തിന്റെ ഭൗതിക രാഷ്ട്രീയ നേതൃത്വത്തിലിരിക്കുന്നവർ കരുതുന്നത്.

ക്രിസ്ത്യൻ യഹൂദ സയണിസത്തിലെ ഉദ്ദേശ ലക്ഷ്യങ്ങളിൽ പ്രകടമായ വൈരുദ്ധ്യമുണ്ട് എന്നത് വ്യക്തമാണല്ലോ. യേശുവിന്റെ ദൗത്യ പൂർത്തീകരണം എന്ന നിലക്ക് അദ്ദേഹത്തിന്റെ രണ്ടാം വരവിൽ മുഴുവൻ യഹൂദരെയും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കും എന്ന് പല ക്രിസ്ത്യൻ സയണിസ്റ്റുകളും വിശ്വസിക്കുന്നു. യഹൂദരും ക്രിസ്ത്യാനികളുമായ ഈ രണ്ട് വിഭാഗവും താന്താങ്ങളുടെ മിശിഹയെ സ്വീകരിക്കാൻ കോമൺ മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഒന്നിച്ച് ഇസ്റയേലിനെ ഒരുക്കിനിർത്താനുള്ള ശ്രമത്തിലാണ്. അതിന്നായി അവിടെയുള്ള ഫലസ്തീനികളെ കൂട്ടക്കൊല ചെയ്ത് ആട്ടി പായിക്കുന്നതാണ് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്ന ഏറ്റവും ദുരന്തപൂർണ്ണമായ കാഴ്ച്ചയുടെ മതപരമായ അന്തർധാര. ഈ രണ്ട് കൂട്ടരും നൂറ്റാണ്ടുകളായി ലോകചരിത്രത്തെ രക്തം കൊണ്ട് ചെഞ്ചായം പൂശിച്ച ബദ്ധശത്രുക്കളായിരുന്നു എന്ന യഥാർത്ഥ്യവും നാം ഓർക്കണം.

### തിരഞ്ഞെടുക്കപ്പെട്ട ദൈവജനം: യഹൂദരോ ക്രിസ്തു സഭയോ?

ക്രിസ്ത്യൻ സയണിസത്തിന്റെ ഉള്ളടക്കം യഹൂദരുടെ ഫലസ്തീനിലേക്കുള്ള തിരിച്ചു വരവാണല്ലോ. ചരിത്രം പരിശോധിക്കുമ്പോൾ, പാരമ്പര്യ ക്രിസ്തുമതത്തിലെവിടെയും യഹൂദരുടെ ഫലസ്തീനിലേക്കുള്ള തിരിച്ചുവരവിനെ പറ്റി പറയുന്നില്ല. പകരം യഹൂദർക്കെതിരെ അതിരൂക്ഷമായ വിമർശനവും കൂട്ടക്കൊലകളും പീഢനത്തിന്റെ ചരിത്രവുമാണ് കാണാൻ കഴിയുക. ക്രൈസ്തവ യഹൂദ വൈര്യത്തിന്റെ സുദീർഘമായ ചരിത്രം ഇതിന് മുമ്പ് പ്രതിപാദിച്ചിട്ടുണ്ട്. അത്കൊണ്ട് അത് വിട്ട് കളയുന്നു.

ബൈബിൾ പഴയ നിയമ പ്രകാരം യഹൂദരാണ് ദൈവജനം. ക്രിസ്തുമതം പ്രബലമായതോടെ അത് തിരുത്തുകയും ക്രിസ്തു സഭയാ

ണ് ദൈവത്തിന്റെ ഇഷ്ടജനം എന്ന് മാറ്റുകയുമുണ്ടായി. ഇപ്പോൾ ക്രിസ്ത്യൻ സയണിസത്തിന്റെ ആവിർഭാവത്തോടെ വ്യാഖ്യാന കസറത്തിലൂടെ വീണ്ടും ദൈവജനം യഹൂദരായി തിരുത്തുന്നതും പുനഃപ്രതിഷ്ഠിക്കുന്നതും നാം കാണുന്നു.

ബൈബിൾ പഴയ നിയമത്തിൽ മോശയുമായി ഉടമ്പടിയിലേർപ്പെടുന്ന ദൈവം തന്റെ ഇഷ്ടജനമായി യഹൂദരെയാണ് കാണുന്നത്. 'നിന്റെ ദൈവമായ കർത്താവിന് നീ ഒരു വിശുദ്ധ ജനമാണല്ലോ. നിന്റെ ദൈവമായ കർത്താവു തനിക്കു പ്രത്യേകം അവകാശപെട്ട ജനമായി ഭൂമുഖത്തുള്ള എല്ലാ ജനതകളിൽ നിന്നും നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു.' (ആവർത്തനം 7:6) 'നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്തതിനാൽ എല്ലാ ജനങ്ങൾക്കുമിടയിലും എന്റെ സ്വന്തം ജനം ആയിരിക്കും' (പുറപ്പാട് 19:5) ബൈബിൾ പഴയ നിയമത്തിലെ യഹൂദർ ദൈവജനമാണെന്ന ഈ സങ്കൽപ്പം ക്രിസ്ത്യാനികൾക്ക് ഒരിക്കലും സഹിക്കാൻ പറ്റുന്നതായിരുന്നില്ല. കാരണം ദൈവ പുത്രനെ പീഢിപ്പിക്കുകയും ക്രൂശിച്ച് കൊലപ്പെടുത്തി അതിന്റെ ശാപം തങ്ങൾക്കും തങ്ങളുടെ വരുംകാല സന്തതികൾക്കും സന്തോഷപൂർവ്വം ഏറ്റെടുക്കുകയും ചെയ്ത ഒരു ജനതയെ ദൈവജനമായി അംഗീകരിക്കാൻ ക്രിസ്തു സഭക്ക് ആകുമായിരുന്നില്ല. അതുകൊണ്ട് ക്രിസ്തുവിന് ശേഷം ഒന്നോ രണ്ടോ നൂറ്റാണ്ടുകൾക്കുള്ളിൽ തന്നെ ക്രിസ്ത്യൻ ദൈവശാസ്ത്രം ബൈബിൾ പഴയ നിയമ പ്രകാരമുള്ള ദൈവജന സങ്കൽപ്പം മാറ്റി.

യഹൂദർക്ക് പകരം ക്രിസ്തു സഭയെ പ്രതിഷ്ഠിക്കുന്ന വ്യാപകമായ ശ്രമങ്ങളിൽ ഏർപ്പെടുകയുണ്ടായി. സൂപ്പർസെഷനിസം (Supersessionism = ദൈവശാസ്ത്രത്തിൽ പുനപ്രതിഷ്ഠാപനം) എന്നാണ് ഇത് അറിയപ്പെടുന്നത്. മൂന്നാം നൂറ്റാണ്ടിൽ റോമൻ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി ക്രിസ്തുമതം മാറിയതിന് ശേഷം ഈ പ്രക്രിയ ത്വരിതതഗതി പ്രാപിക്കുകയുണ്ടായി. പഴയ നിയമത്തിലെ മോശയുടെ ഉടമ്പടിക്ക് പ്രകാരമുള്ള യഹൂദജനതയായിരുന്നല്ലോ ദൈവജനം. അതിന് പകരം പുതിയ നിയമത്തിലെ വചനങ്ങൾ ഉദ്ദരിച്ചു കൊണ്ട് തങ്ങളാണ് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ഇഷ്ടജനമെന്ന് ക്രിസ്തു സഭ പ്രഖ്യാപിക്കുകയുണ്ടായി. അതിന് ഉപോദ്ബലകമായ പുതിയ നിയമത്തിലെ വചനങ്ങളിതാണ്. 'ഒരു പുതിയ ഉടമ്പടിയെ കുറിച്ച് പറയുമ്പോൾ അവൻ പഴയത് കാലഹരണപ്പെട്ടതായി കണക്കാക്കുന്നു. കാലഹരണപ്പെട്ട് ജീർണ്ണിക്കുന്നവ അപ്രത്യക്ഷമാകുകയാണ്.' (എബ്രായർ 8:13) 'ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ ഭേദം ഇല്ല. നിങ്ങളെല്ലാവരും ക്രിസ്തു യേശുവിൽ ഒന്നാണ്. നിങ്ങൾ ക്രിസ്തുവിന്റെതാണെങ്കിൽ അബ്രഹാമിന്റെ സന്തതികൾ തന്നെ വാഗ്ദാനമനുസരിച്ചുള്ള അവകാശികൾ'(ഗലാത്തിയർ 3:28,29). ഇത്തരത്തിലുള്ള ബൈബിൾ വചനങ്ങൾ ഉദ്ദരിച്ചായിരുന്നു ക്രിസ്തു സഭയാണ് ദൈവജനം എന്ന അവകാശവാദം.

വിശുദ്ധ ഖുർആൻ തങ്ങൾ ദൈവത്തിന്റെ ഇഷ്ട ജനമാണെന്ന യഹൂദരുടെയും ക്രിസ്ത്യാനികളുടെയും ഈ അതിരുകടന്ന വംശീയ വാദത്തെ ഖണ്ഡിക്കുകയും മാനവ സമതയുടെ തത്വം അവർക്ക് പറഞ്ഞു കൊടുക്കുകയും ചെയ്യുന്നുണ്ട്. 'ഞങ്ങൾ അല്ലാഹുവിന്റെ സന്തതികളും ഇഷ്ടജനങ്ങളുമാണ് എന്ന് യഹൂദികളും ക്രിസ്ത്യാനികളും പറയുന്നു. അങ്ങനെയാണെങ്കിൽ നിങ്ങളുടെ തെറ്റുകൾ നിമിത്തം അവൻ നിങ്ങളെ ശിക്ഷിക്കുന്നതെന്തുകൊണ്ട്? അവൻ സൃഷ്ടിച്ചവരിൽ പെട്ട മനുഷ്യരാണ് നിങ്ങൾ.'(അൽമായിദ 5:19)

ദൈവ പുത്രനായ യേശുവിന്റെ ഘാതകർ എന്ന നിലക്ക് യഹൂദരെ പൂർണ്ണമായും ദൈവ പാരമ്പര്യത്തിൽ നിന്നും അകറ്റുക എന്നതായിരുന്നു പരമ്പരാഗത ക്രിസ്ത്യൻ സമീപനം. അതിന്റെ ഉപകരണമായിരുന്നു സൂപ്പർസെഷനിസം. അതു യഹൂദരിൽ ഉണ്ടാക്കിയ പ്രത്യാഘാതം വമ്പിച്ചതായിരുന്നു. ചരിത്രത്തിലുടനീളം അതിന്റെ രക്തപാടുകൾ നമുക്ക് കാണാം. എന്നാൽ സയണിസത്തിന്റെ പരിശ്രമ ഫലമായി ഈ അടുത്തകാലത്ത് ആദ്യം പ്രൊട്ടസ്റ്റന്റ് സഭകളുടെ ഭാഗത്ത് നിന്നും പിന്നീട് കത്തോലിക്കാ സഭയുടെ ഭാഗത്ത് നിന്നും സയണിസത്തിനും ഇസ്റയേൽ രൂപീകരണത്തിനും അനുകൂലമായി ക്രിസ്ത്യാനികളുടെ ഭാഗത്ത് നിന്നും ഗണ്യമായ നയ വ്യതിയാനങ്ങളുണ്ടായി.

### തിയോഡർ ഹെർസൽ പോപ്പിനെയും ഖലീഫയേയും കാണുന്നു

നമുക്ക് യഹൂദ സിയോണിസത്തിന്റെ ചരിത്രത്തിന്റെ പ്രാരംഭകാലത്തേക്ക് പോകാം. യഹൂദർക്ക് ഒരു ജന്മഗേഹം ഉണ്ടാക്കാൻ വേണ്ടിയാണ് തിയോഡർ ഹെർസൽ സയണിസത്തിന് രൂപം നൽകിയത്. പ്രത്യക്ഷവും പരോക്ഷവുമായ സകല മാർഗ്ഗങ്ങളിലൂടെയും ഈ ഒരു ലക്ഷ്യത്തിനു വേണ്ടി അവർ പ്രവർത്തിച്ചു. ഫലസ്തീനിൽ ഇസ്റയേൽ സ്റ്റേറ്റിന്റെ രൂപീകര

ണമായിരുന്നു അവരുടെ ലക്ഷ്യം. ലോകത്തെ ഏറ്റവും പ്രബല മത സ്ഥാപനമായ ആഗോള കത്തോലിക്കാ സഭയുടെ പിന്തുണ ഇതിന് ആവശ്യമാണെന്ന് സയണിസത്തിന്റെ സ്ഥാപകനും കുശാഗ്ര ബുദ്ധിയുമായ ഹെർസലിന് അറിയാമായിരുന്നു. ക്രിസ്തുസഭയായിരുന്നല്ലോ ചരിത്രത്തിൽ യഹൂദരോട് കടുത്ത ശത്രുത പുലർത്തിയിരുന്നവർ. സയണിസത്തിന്റെ ഈ ആശയത്തിന് പിന്തുണ ലഭിക്കാൻ വേണ്ടി അതിന്റെ സ്ഥാപകൻ തിയോഡർ ഹെർഡസൽ വത്തിക്കാനിൽ ചെന്ന് പോപ്പ് പീയൂസ്

പത്താമനുമായി ഒരു കൂടിക്കാഴ്ച്ച നടത്തുന്നുണ്ട്. ഇതിന്നായി ആദ്യമായി ഹെർസൽ സമീപിക്കുന്നത് സയണിസത്തോട് അൽപ്പം അനുഭാവമുണ്ടായിരുന്ന ഇറ്റാലിയൻ കത്തോലിക്കാ രാജാവായ വിറ്റോറിയോ ഇമ്മാനുവൽ III നെയാണ്. 1904 ജനുവരി 24 നാണ് പോപ്പുമായി സയണിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ഹെർസൽ കൂടിക്കാഴ്ച്ച നടത്തുന്നത്. ആ വിവരം ഹെർസൽ തന്റെ ഡയറിൽ കുറിച്ചിട്ടുണ്ട്. പക്ഷേ കൂടിക്കാഴ്ച്ചയിൽ പോപ്പ് പീയൂസ് പത്താമൻ ഹെർസലിനോട് വളരെ നിഷേധാത്മകമായാണ് പ്രതികരിച്ചത്. പോപ്പ് പീയൂസ് പറഞ്ഞു:

'ഞങ്ങൾക്ക് ഈ പ്രസ്ഥാനത്തിന് അംഗീകാരം നൽകാൻ കഴിയില്ല. ജൂതന്മാർ ജറുസലേമിലേക്ക് പോകുന്നത് തടയാൻ ഞങ്ങൾക്ക് കഴിയില്ല–പക്ഷേ ഞങ്ങൾക്ക് ഒരിക്കലും അതിനെ പിന്തുണക്കാൻ സാദ്ധ്യമല്ല. ജറുസലേം ഭൂമി എല്ലായ്പ്പോഴും വിശുദ്ധമായിരുക്കുകയും യേശുക്രിസ്തുവിന്റെ ജീവിതത്താൽ വിശുദ്ധമാക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ സഭയുടെ തലവൻ എന്ന നിലയിൽ എനിക്ക് മറ്റൊരു വിധത്തിലും ഇത് പറയാൻ സാദ്ധ്യമല്ല. ജൂതന്മാർ ഞങ്ങളുടെ കർത്താവിനെ തിരിച്ചറിഞ്ഞിട്ടില്ല; അതിനാൽ ഞങ്ങൾക്ക് ജൂത ജനതയെയും തിരിച്ചറിയാൻ കഴിയുന്നില്ല' (Herzl Meets with Pope X- Center for Israel Education 2024 JAN 24 )

അതിന് ശേഷം കത്തോലിക്കാ സഭയെ പ്രീണിപ്പിക്കാൻ പല ശ്രമങ്ങലും സയണിസത്തിന്റെ ഭാഗത്ത് നിന്നുണ്ടായി. അവസാനം ആഗോള കത്തോലിക്കാ സഭ 1965 ഒക്ടോബർ 28 ന് യഹൂദർക്കും സയണിസത്തിനും അനുകൂലമായി പുറപ്പെടുവിച്ച ചരിത്ര പ്രസിദ്ധമായ ഒരു ഔദ്യോഗിക പ്രഖ്യാപനമാണ് നോസ്ട്രാ എറ്റേറ്റ് (Nostra Aetate) ഈ ലാറ്റിൻ വാക്കിനർത്ഥം 'നമ്മുടെ കാലത്തിൽഭ(In Our Time ) എന്നാണ്. യഹുദരോടുള്ള നയത്തിൽ സഭ ഗണ്യമായ മാറ്റം വരുത്തുകയും യേശുവിനെ വധിച്ച കുറ്റത്തിൽ നിന്ന് യഹൂദരെ ഒഴിവാക്കുകയും ചെയ്തു. ഇതിനെ പറ്റി വിശദമായി ഇതിന് മുമ്പ് പ്രതിപാതിച്ചിട്ടുണ്ട് (സത്യദൂതൻ 2025 മാർച്ച് ലക്കം).

ഫലസ്തീനിൽ യഹൂദർക്ക് ഒരു ജന്മഗേഹം എന്ന ആശയവുമായി അന്ന് ഫലസ്തീൻ ഭരണാധികാരിയായിരുന്ന ഉസ്മാനിയാ ഖലീഫയേയും 17 മെയ് 1901 ന് തിയോഡർ ഹെർസൽ സമീപിക്കുകയുണ്ടായി. ഉസ്മാനിയാ ഖിലാഫത്ത് അന്ന് കടക്കെണിയിൽ അകപ്പെട്ട് വലയുന്ന കാലഘട്ടമായിരുന്നു. ആ കടങ്ങൾ നിയന്ത്രിച്ചിരുന്നത് യൂറോപ്യൻ ശക്തികളായ ബ്രിട്ടൻ, ഫ്രാൻസ്, ജർമനി. ആസ്റ്റിയ, ഇറ്റലി, ഡച്ച് രാജ്യങ്ങളായിരുന്നു. ഈ അർത്ഥത്തിൽ അവർക്ക് ഉസ്മാനിയാ ഖിലാഫത്തിന് മേൽ ഒരു നിയന്ത്രണമുണ്ടായിരുന്നു. ഈ അവസരത്തിൽ റിയൽ എസ്റ്റേറ്റ് കച്ചവട വാഗ്ദാനവുമായി ഫലസ്തീനെ വിലകൊടുത്ത് വാങ്ങാനായിരുന്നു ഹെർസൽ ഉസ്മാനിയാ ഖലീഫയെ സമീപിച്ചത്. ഫലസ്തീനിൽ തങ്ങൾക്ക് ഒരു കോളനി ഉണ്ടാക്കാൻ ഹെർസൽ ഉസ്മാനിയാ ഖലീഫക്ക് വാഗ്ദാനം ചെയ്തത് 20 മില്ല്യൻ പൗണ്ടായിരുന്നു. ഇന്നത്തെ 2.2 ബില്ല്യൻ ഡോളറിന് തുല്യം. അന്നത്തെ തുർക്കിയുടെ മൊത്തം കടത്തിന്റെ 20 ശതമാനം വരുമായിരുന്നു. ഖലീഫാ സുൽത്താൻ അബ്ദുൽ ഹമീദ് രണ്ടാമൻ ആ വാഗ്ദാനം അപ്പോൾ തന്നെ കൈയ്യോടെ നിരസിക്കുകയാണുണ്ടായത്. സയണിസത്തിന്റെ ആവശ്യം നിരസിച്ചുകൊണ്ടുള്ള ഖലീഫയുടെ മറുപടി വളരെ ദൃഢവും വ്യക്തവുമായിരുന്നു. ഹെർസലിന്റെ ബാൾക്കൻ പ്രദേശത്തെ ഡിപ്ലോമാറ്റിക് ഏജന്റായിരുന്ന പോളണ്ടുകാരൻ ഫിലിപ്പ് മിഖായേൽ ന്യൂലിൻസ്കിയോട് ഉസ്മാനിയാ സുൽത്താൻ പറഞ്ഞു:

'നിങ്ങൾ എന്റെ സുഹൃത്താണ് എന്നതിനേക്കാൾ നിങ്ങൾ മിസ്റ്റർ ഹെർസലിന്റെയും സുഹൃത്താണെങ്കിൽ, ഈ വിഷയത്തിൽ മറ്റൊരു നടപടിയും സ്വീകരിക്കരുതെന്ന് അദ്ദേഹത്തെ ഉപദേശിക്കുക. എനിക്ക് ഒരു അടി ഭൂമി പോലും വിൽക്കാൻ സാദ്ധ്യമല്ല. കാരണം അത് എന്റെതല്ല. എന്റെ ജനത്തിന്റെതാണ്. എന്റെ ജനങ്ങൾ ഈ സാമ്രാജ്യത്തിനായി അവരുടെ രക്തം കൊണ്ട് പോരാടിയാണ് ഇത് നേടിയതും രക്തം കൊണ്ട് അതിനെ ഫലഭൂയിഷ്ഠമാക്കുകയും ചെയ്തത് അവരാണ്. ഫലസ്തീൻ നമ്മിൽനിന്ന് കവർന്നെടുക്കാൻ അനുവദിക്കുന്നതിന് മുമ്പ് ഞങ്ങൾ അതിനെ വീണ്ടും ഞങ്ങളുടെ രക്തം കൊണ്ട് മൂടും.' (തുടരും)

ലേഖനം

ഭാഗം : 01

# ഹദ്റത്ത് മൗലവി ഉബൈദുല്ലാഹ് സാഹിബ്(റ)

## അഹ്മദിയാ ജമാഅത്തിലെ ഭാരതീയനായ ആദ്യ ശഹീദ്

**ഇബ്നുവഫ ബേപ്പൂർ**

നമ്മുടെ പ്രിയങ്കരനായ ഇമാം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് ഏതാനും വർഷങ്ങളായി ഇസ്‌ലാമിന്റെ ആവിർഭാവ കാലത്തു മുസ്‌ലിംകൾക്കു നേരിടേണ്ടി വന്ന ബദർ ഉഹ്ദ് പോലുള്ള പ്രതിരോധ യുദ്ധങ്ങളെ കുറിച്ചും അതിൽ പങ്കെടുത്തു ജീവത്യാഗം വരിച്ച രക്തസാക്ഷികളും ധീരരും ഇസ്‌ലാമിന്റെ മുൻഗാമികളു മായ സഹാബാക്കളുടെ ആവേശകരമാ യ ഓർമകളെ തന്റെ ഖുത്തുബയിലൂടെ നമ്മുടെ മുന്നിൽ അവതരിപ്പിക്കുകയും നമ്മെയും ആ പഴയ കാല ചിന്തകളിലൂടെ പുളകം കൊള്ളിച്ചു കൊണ്ടിരിക്കുകയുമാണല്ലോ? ഇന്നു അഹ്മദിയാ ഖിലാഫത്ത് രണ്ടാം നൂറ്റാണ്ടിൽ പ്രവേശിച്ചിരിക്കുകയാണ്. ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസിന്റെ ഈ ഖിലാഫത്തു കാലത്തു അല്ലാഹുവിന്റെ തിരുസന്നിധിയിൽ ജീവൻ സമർപ്പിക്കപ്പെട്ടതു പോലെ ഇതിനു മുമ്പു സമർപ്പിക്കപ്പെട്ടില്ല എന്നതും ഈ ഖിലാഫത്തിന്റെ പ്രത്യേകതയാണ്.

ഇത്തരത്തിൽ അഹ്മദിയാ ജമാഅത്തിനു വേണ്ടി തങ്ങളുടെ ജീവൻ അർപ്പണം ചെയ്തവർ ധാരാളമാണ്. അതിൽ പല ദേശക്കാരും രാജ്യക്കാരുമുണ്ട്. അനുഗ്രഹീതരായ ആ രക്തസാക്ഷികളിൽ കൂടുതൽ പേരും പാക്കിസ്ഥാനിൽ നിന്നുള്ള നമ്മുടെ സഹോദരങ്ങളാണ്. അവിടത്തെ ഭരണകൂടം വിശ്വാസത്തിന്റെ പേരിൽ ഈ നിരപരാധികളുടെ ശത്രുക്കളായി മാറിയതിനാൽ അവരുടെ ശഹാദത്തിനു ഒരറുതിയും കാണുന്നില്ല. അത് അനന്തമായി തുടരുകയാണ്. അത്തരം മഹാത്മാക്കളേയും ഹുദൂർ തന്റെ ഖുതുബകളിൽ അനുസ്മരിക്കാറുണ്ട്. എന്നാൽ ഇവിടെ, ആദ്യത്തെ ഭാരതീയനായ ഒരു ശഹീദിനെ കുറിച്ചാണു പ്രതിപാദിക്കുന്നത്. അദ്ദേഹം ദീനിനുവേണ്ടി ജീവിതം അർപ്പണം (വാഖിഫ് സിന്ദഗി) ചെയ്ത ഒരു മഹൽ വ്യക്തി കൂടിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ വളരെ സാത്വികനായ സഹാബി ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബ് വസീറാബാദി(റ)യുടെ പുത്രനാണ് ആ ശഹീദ്. ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബ് വസീറാബാദി ഹദ്റത്ത് മസീഹ് മൗഊദി(അ)നെ കണ്ടെത്തുകയും സത്യം മനസ്സിലാക്കി ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിക്കുന്നതിനു മുമ്പ് അദ്ദേഹം തന്റെ സ്വദേശമായ വസീറാബാദിൽ എല്ലാവരാലും ആദരിക്കപ്പെടുകയും അറിയപ്പെടുകയും ചെയ്യുന്ന ഒരു വഹാബി പണ്ഡിതനായിരുന്നു.

അഹ്മദിയത്തു സ്വീകരിച്ചതിന്റെ പേരിൽ അദ്ദേഹത്തിനു അതികഠിനമായ യാതനകളും ശത്രുതയും നേരിടേണ്ടി വന്നു. അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കൾ മറ്റു എതിരാളികളോടൊപ്പം ചേർന്നു അദ്ദേഹത്തിന്റെ വീടും മറ്റു സ്വത്തുക്കളും കൊള്ളയടിക്കുകയും കൈക്കലാക്കുകയും ചെയ്ത ശേഷം അദ്ദേഹത്തെ സ്വദേശത്തുനിന്നും ആട്ടിപ്പുറത്താക്കി. ഹദ്റത്ത് ഹാഫിസ് സാഹിബ് ഈ വിവരങ്ങൾ ഹദ്റത്ത് മസീഹ് മൗഊദി(അ)നെ ധരിപ്പിക്കുകയും ദുആക്കു വേണ്ടി അപേക്ഷി ക്കുകയും ചെയ്തു. അല്ലാഹു താങ്കൾക്കു ഇതിലും മെച്ചപ്പെട്ടതും ഉത്തമവുമായ വീട് നൽകുന്നതാ ണെന്നും ക്ഷമ കൈകൊള്ളണമെന്നും ഹുദൂർ അദ്ദേഹത്തെ ഉപദേശിച്ചു. പിന്നീട് ഹാഫിസ് സാഹിബ് ഖാദിയാനിലേയ്ക്കു താമസം മാറി. അദ്ദേഹം പറയുകയാണ് വാഗ്ദത്ത മഹ്ദി മസീഹി(അ)നെ അനുസരിക്കുകയും ക്ഷമ കൈകൊള്ളുകയും ചെയ്തതിന്റെ ഫലമായി അഹ്മദിയത്തിന്റെന്റെ ശത്രുക്കളായ എന്റെ ബന്ധുക്കൾ എന്നിൽ നിന്നും പിടിച്ചെടുത്തതിനേക്കാൾ ഉത്തമമായ വീട് എനിക്കു അല്ലാഹു ഖാദിയാനിൽ നൽകുകയുണ്ടായി.

1892 ജനുവരി മാസം ഹാഫിസ് ഗുലാം റസൂൽ സാഹിബിനു ഒരു മകൻ പിറന്നു. ആ മകനാണ് ജമാഅത്തിനു വേണ്ടി സ്വന്തം ജീവൻ അർപ്പണം ചെയ്ത മൗലവി ഉബൈദുല്ലാഹ് സാഹിബ്. ഈ പിതാവിനും പുത്രനും മറ്റൊരു പ്രത്യേകത കൂടിയുണ്ട്. 1908ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്താകുന്ന അവസരത്തിൽ പതിനാറു വയസ്സു പ്രാ

യമുണ്ടായിരുന്ന ആ മകനും പിതാവും ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ സഹാബാക്കളിൽ പെട്ടവരായിരുന്നു എന്നതാണത്. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തബ്ലീഗ് പ്രവർത്തനങ്ങൾക്കായി സ്വന്തം ജീവിതം വഖഫ് ചെയ്യാൻ ജമാഅത്തിനോട് ആഹ്വാനം ചെയ്ത അവസരത്തിൽ ഹാഫിസ് ഗുലാം റസൂൽസാഹിബിന്റെ മടിയിൽ ആറു വയസ്സു മാത്രം പ്രായമുള്ള ആ മകൻ ഇരിക്കുന്നുണ്ടായിരുന്നു. ഹാഫിസ് സാഹിബ് ഒട്ടും വൈകിയില്ല. തന്റെ മകനെയുമെടുത്തു ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ അടുക്കൽ ചെന്നിട്ടു പറഞ്ഞു ഹുദൂർ ഞാനെന്റെ ഈമകനെ ദീനീ സേവനത്തിനായി വഖഫ് ചെയ്യുന്നു. പിന്നീട് ആ മകൻ വളർന്നു വലുതായി സ്ക്കൂൾ വിദ്യഭ്യാസം പൂർത്തിയാക്കിയ ശേഷം ദീനീ സേവനത്തിനു ഉതകുന്നതിനായി പിതാവ് ആ മകനെ മദ്റസ അഹ്മദിയായിൽ ചേർത്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കൃത്യ സമയം തന്നെ ആ മകൻ മദ്റസാ പഠനം പൂർത്തിയാക്കുകയും ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദി(റ) ന്റെ ഖിലാഫത്തു കാലത്ത് ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്കായി മറ്റൊരു മുബല്ലിഗിനെ കൂടി അയച്ചു തരണമെന്നു മൊറേഷ്യസ് ജമാഅത്ത് ആവശ്യപ്പെട്ടപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ദൃഷ്ടി മൗലവി ഉബൈദുല്ലാഹ് സാഹിബി(റ)ൽ പതിഞ്ഞു. ആ അവസരത്തിൽ ഹദ്റത്ത് മൗലവി സൂഫി ഗുലാം മുഹമ്മദ് സാഹിബ് മൊറേഷ്യസിൽ മുബല്ലിഗായി പ്രവർത്തിക്കുന്നുണ്ടായിരുന്നു.

### ദീനി സേവനത്തിനായി മൊറേഷ്യസിലേയ്ക്കു

ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന്റെ നിർദേശ പ്രകാരം ഹദ്റത്ത് മൗലവി ഉബൈദുല്ലാഹ് സാഹിബ്(റ) തബ്‌ലീഗ് പ്രവർത്തനങ്ങളിൽ ഹദ്റത്ത് സൂഫി ഗുലാം മുഹമ്മദ് സാഹിബിനെ സഹായിക്കുന്നതിനായി തന്റെ ഭാര്യയോടൊപ്പം ഖാദിയാനിൽ നിന്നും 1917 ഒക്ടൊബർ 14-ാം തിയ്യതി മൊറേഷ്യസിലേയ്ക്കു പുറപ്പെട്ടു. കൂടെ ഹദ്റത്ത് മൗലവി സൂഫി ഗുലാം മുഹമ്മദ് സാഹിബിന്റെ ഭാര്യയും മക്കളുമുണ്ടായിരുന്നു. പത്തു നാൽപതു ദിവസത്തെ ദീർഘമായ യാത്രയ്ക്കു ശേഷം നവംമ്പർ 25ാം തിയ്യതി സംഘം സസുഖം മൊറേഷ്യസിലെത്തി. ഹദ്റത്ത് മൗലവി ഉബൈദുല്ലാഹ് സാഹിബ്(റ) മൊറേഷ്യസിലേയ്ക്കു പോകുന്നതിനു എട്ടു വർഷങ്ങൾക്കു മുമ്പാണു വിവാഹം കഴിച്ചതെങ്കിലും അതുവരെ അദ്ദേഹത്തിനു സന്താന ഭാഗ്യം ലഭിച്ചിട്ടുണ്ടായിരുന്നില്ല. മൊറേഷ്യസിൽ എത്തിയ ശേഷം 1919 ജനുവരി മാസം അമത്തുൽ ഹഫീസ് എന്ന ഒരു മകളും 1920 ജൂലായിൽ ബശീറുദ്ദീൻ എന്ന മകനും ജനിക്കുകയുണ്ടായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ്(റ) മൊറേഷ്യസിൽ Saint pierre ജമാഅത്തിൽ തന്നേയായിരുന്നു ഹദ്റത്ത് ഉബൈദുല്ലാഹ് സാഹിബി(റ)നേയും മുബല്ലിഗാ യി നിശ്ചയിച്ചിട്ടുണ്ടായിരുന്നത്. അവിടെ അദ്ദേഹം രാവും പകലും വളരെ സ്ഥിരോത്സാഹത്തോ ടെ ഹദ്റത്ത് മൗലവി സൂഫി ഗുലാം മുഹമ്മദ് സാഹിബിനെ തബ്‌ലീഗിലും തർബിയത്തു കാര്യങ്ങളിലും സഹായിച്ചു കൊണ്ടിരുന്നു. എന്നാൽ മൊറേഷ്യസിലെ കാലാവസ്ഥ ഉബൈദുല്ലാഹ് സാഹിബിനു ഒട്ടും തന്നെ അനുയോജ്യമായിരുന്നില്ല. Saint pierre പ്രദേശത്തു അന്തരീക്ഷത്തിൽ ഈർപ്പത്തിന്റെ അളവ് വളരെ കൂടുതലായതിനാൽ ഉബൈദുല്ലാ സാഹിബിനു സ്ഥിരമായി ശക്തമായ ചുമയും കഠിനമായ തലവേദനയും അനുഭവപ്പെട്ടു കൊണ്ടിരുന്നു. ദിവസങ്ങൾ മുന്നോട്ടു നീങ്ങുന്നതോടൊപ്പം അദ്ദേഹത്തിന്റെ ഈ അസുഖവും ബുദ്ധിമുട്ടും വർദ്ധിച്ചതല്ലാതെ ഒട്ടും കുറഞ്ഞില്ല. അതോടൊപ്പം പൊതുവിൽ ആരോഗ്യം ക്ഷയിക്കാനും തുടങ്ങി. എങ്കിലും ആരോടും അദ്ദേഹം ഒരു പരാതിയും പറഞ്ഞില്ല. ഈ അവസ്ഥയിൽ അഞ്ചാറ് വർഷം കടന്നു പോയി. തന്നെ ഏൽപിച്ച ദീനി സേവന ചുമതല അദ്ദേഹം നിർബാധം നിർവഹിച്ചു കൊണ്ടിരുന്നു. പലരും ഉപദേശിച്ചുവെങ്കിലും തന്റെ രോഗ വിവരം മുസ്‌ലിഹ് മൗഊദിനെ അറിയിച്ചു അനുവാദം വാങ്ങി നാട്ടിലേക്കു തിരിച്ചു വരാൻ അദ്ദേഹം ഒട്ടും തന്നെ ഇഷ്ടപ്പെട്ടിരുന്നില്ല. അവസാനം ആറു വർഷം മൊറേഷ്യസിൽ ദീനീ സേവനം പൂർത്തിയാക്കിയ അദ്ദേഹം 1923 ഡിസംബർ 4ാം തിയ്യതി തന്റെ 32-ാമത്തെ വയസ്സിൽ ശഹീദായി മൊറേഷ്യസിൽ തന്നെ ഖബറടക്കം ചെയ്യപ്പെട്ടു.

### ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ജുമുഅ ഖുതുബ

ഹദ്റത്ത് മൗലവി ഉബൈദുല്ലാഹ് സാഹിബിന്റെ വഫാത്തിനു ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ്(റ) തൊട്ടടുത്ത വെള്ളിയാഴ്ച 1923 ഡിസംബർ 11-ാം തിയ്യതി വികാര നിർഭരമായ ഒരു ഖുത്തുബ നിർവഹിക്കുകയുണ്ടായി. ആ ഖുതുബ വിദേശത്തുള്ള എല്ലാ ജമാഅ ത്തുകളിലും കേൾപ്പിക്കണമെന്നും മൗലവി ഉബൈദുല്ലാഹ് സാഹിബിന്റെ ജനാസാ നമസ്ക്കരിക്കണമെന്നും അദ്ദേഹത്തിനു വേണ്ടി ആത്മാർഥമായി ദുആ ചെയ്യണമെന്നും ഹുദൂർ ആഹ്വനം ചെയ്യുകയുണ്ടായി. തുടർന്നു ഹുദൂർ അരുൾ ചെയ്തു തങ്ങളുടെ രക്തസാക്ഷികളെ ആദരവോടെ സ്മരിക്കാത്തവരും അവർക്കു ഉന്ന

ത സ്ഥാനം കൽപിക്കാത്തവരുമായ സമൂഹത്തിനു ഒരിക്കലും തന്നെ ഒരു ജീവനുള്ള സമൂഹമാണെന്നു അവകാശപ്പെടാൻ അർഹതയുണ്ടായിരിക്കുകയില്ല. മൊറേഷ്യസിലെ നമ്മുടെ മുബല്ലിഗീങ്ങൾ അങ്ങേയറ്റം ആത്മാർഥതയോടെയാണു ദീനീ സേവനം നടത്തുന്നതെന്നും അവർ ഉന്നതരായ മുജാഹിദീങ്ങളിൽ പെട്ടവരാണെന്നും അവർ ചെയ്തതെല്ലാം തന്നെ അല്ലാഹുവിന്റെ തൃപ്തി മാത്രം കാംക്ഷിച്ചു കൊണ്ടാണെന്നും എന്റെ അറിവിന്റെയും ദൃഢ വിശ്വാസത്തിന്റേയും അടിസ്ഥാനത്തിൽ എനിക്കു പറയുവാൻ സാധിക്കു മെന്നും ഹുദൂർ പ്രസ്താവിക്കുകയുണ്ടായി.

ഹുദൂർ തുടർന്നു, ദീനീ സേവനത്തിനായി സ്വന്തം ജീവൻ അർപ്പണം ചെയ്ത നമ്മുടെ ഒരു പ്രിയപ്പെട്ട സ്നേഹിതനു വേണ്ടി ദുആ ചെയ്യുവാൻ ഓർമപ്പെടുത്തുന്നതിനു വേണ്ടിയാണു ഇന്നു ഞാൻ ഈ ഖുതുബ നിർവഹിക്കുന്നത്. ദീനീ സേവനത്തിൽ ശഹാദത്ത് ലഭിച്ച ആ സ്നേഹിതൻ നമ്മുടെ പ്രിയപ്പെട്ട കുട്ടി ഉബൈദുല്ലയാണ്. ഉബൈദുല്ലയുടെ മരണം ഒരു സാധാരണ മരണമല്ല. അദ്ദേഹത്തിന്റെ മരണം എന്നെ വല്ലാതെ ദു:ഖിതനാക്കുന്നു. മൊറേഷ്യസിൽ ഉബൈദുല്ലയുടെ നേരിട്ടുള്ള രക്തബന്ധുക്കളാരുമുണ്ടായിരുന്നില്ല. തന്റെ ബന്ധുക്കളെ അന്വേഷിച്ചോ വലിയ വേതനം ലഭിക്കുമെന്ന ആഗ്രഹത്തിലോ അല്ല അദ്ദേഹം അവിടെ ചെന്നത്. അവിടെഅദ്ദേഹത്തിനു ലഭിച്ചിരുന്ന വേതനം ഇവിടത്തേതുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവായിരുന്നു എന്നു വേണം പറയാൻ. ഇവിടെ പത്തു കിലോ ആട്ട കിട്ടുന്ന കാശു കൊണ്ട് അവിടെ രണ്ടു കിലോ മാത്രമേ കിട്ടിയിരുന്നുള്ളു. എന്നിട്ടും അദ്ദേഹം തനിക്കു കിട്ടുന്ന ശമ്പളം കൊണ്ട് സന്തോഷപൂർവം കഴിഞ്ഞു കൂടി.

അദ്ദേഹം ഒരു പ്രായം ചെന്ന വൃദ്ധനൊന്നുമായിരുന്നില്ല. അദ്ദേഹം പതിനേഴു പതിനെട്ടു വയസ്സു മാത്രം പ്രായമുള്ള ഒരു ചെറുപ്പക്കാരനായിരുന്നപ്പോൾ തന്നെ ദീനീ സേവനത്തിനായി വഖ്ഫ് ചെയ്തു. ഭൗതിക ലോകത്തെ ആശകളും ആഗ്രഹങ്ങളും കണ്ടും അനുഭവിച്ചും തുടങ്ങിയ തേയുള്ളു. അപ്പോഴേയ്ക്കും അദ്ദേഹം ജമാഅത്തിനു വേണ്ടി ദീനീ സേവനത്തിനായി തന്നെ സമർപ്പണം ചെയ്തു കഴിഞ്ഞിരുന്നു. പൊതുവിൽ മനുഷ്യരെ സംബന്ധിച്ചിടത്തോളം സ്വന്തം ബന്ധുമിത്രാദികളോടൊപ്പമുള്ള ജീവിതം വളരെ ആഹ്ലാദകരവും സുഖാനുഭവം നിറഞ്ഞതുമായിരിക്കും. എന്നാൽ ഈ സന്തോഷം അദ്ദേഹത്തിനു ചെറുപ്രായത്തിൽ പോലും ലഭിച്ചിട്ടില്ല. പഠന കാലത്തു മാതാപിതാക്കളെ വിട്ട് ഖാദിയാനിൽ താമസിക്കേണ്ടി വന്നു. പഠനം പൂർത്തിയായതോടു കൂടി ദീനീ സേവനത്തിനായി വിദേശത്തേയ്ക്കു യാത്ര തിരിച്ചു. സ്വന്തം പിതാവിനോടൊപ്പം താമസിക്കാൻ ഇദ്ദേഹത്തിനു വളരെ കുറഞ്ഞ അവസരം മാത്രമേ ലഭിച്ചിട്ടുണ്ടായിരുന്നുള്ളു. ഒരു തരത്തിൽ പറഞ്ഞാൽ അദ്ദേഹം ഒരു അനാഥനെ പോലെ ജീവിച്ചു മരിക്കുകയാണു ചെയ്തത്. തനിച്ചു വന്നു ഏകനായി തന്നെ തിരിച്ചു പോവുകയും ചെയ്തു. ദു:ഖ സാന്ദ്രമായ ആ അവസ്ഥയെ കുറിച്ചു ആലോചിക്കുന്നതു പോലും വേദനയുളവാക്കുന്ന കാര്യമാണ്. അദ്ദേഹത്തിന്റെ ഈ മരണം അങ്ങേയറ്റം വേദനയും ദു:ഖവും നിറഞ്ഞതും ത്യാഗ നിർഭരവുമാണു.

അദ്ദേഹത്തിന്റെ മറ്റു പ്രത്യേകതകൾക്കു പുറമെ ഉൽകൃഷ്ടമായ വേറൊരു സ്വഭാവ വിശേഷണത്തെ ഞാൻ കണ്ടെത്തിയിരുന്നു. അതദ്ദേഹത്തിന്റെ മരണത്തെ ഒന്നു കൂടി പ്രത്യേകതയുള്ളതാക്കിത്തീർക്കുന്നുണ്ട്. ദീനീ സേവനത്തിനായി ജീവിതം അർപ്പണം ചെയ്തു കൊണ്ട് അദ്ദേഹം ചെയ്ത പ്രതിജ്ഞ അങ്ങേയറ്റം ക്ഷമയോടും സ്ഥിരതയോടും കൂടിയാണു അദ്ദേഹം നിറവേറ്റിയത് എന്നതാണത്. അവസാനം വരെ ഒരിക്കലും ഒരു തരത്തിലുള്ള പരാതിയോ ബുദ്ധിമുട്ടോ അദ്ദേഹം പ്രകടിപ്പിച്ചിരുന്നില്ല. യഥാർഥത്തിൽ വലിയ വലിയ ആളുകൾ പോലും ഇത്തരം അവസരങ്ങളിൽ വേവലാതിപ്പെടുകയും സാമ്പത്തിക ബുദ്ധിമുട്ടുകളെ കുറിച്ചു പരാതിപ്പെടുകയും ചെയ്യാറുണ്ട്. ആ സമയങ്ങളിൽ അവർ നാടിനേയും ബന്ധുക്കളെയും കൂടുതലായി ഓർക്കുന്നു. എന്നാൽ നമ്മുടെ ഈ പ്രിയപ്പെട്ടവൻ ദീർഘമായ കാലയളവിൽ ഒരിക്കലെങ്കിലും എഴുത്തിലൂടെ ഏതെങ്കിലും കാര്യത്തെ കുറിച്ചു പരാതിപ്പെടുകയോ അത്തരത്തിലുള്ള സൂചനകൾ പ്രകടിപ്പിക്കുകയോ ചെയ്തില്ല. അദ്ദേഹ ത്തിന്റെ കത്തിൽ നിന്നും ഒരിക്കൽ പോലും അദ്ദേഹത്തിനു എന്തോ ശാരീരിക ബുദ്ധിമുട്ടുകളുണ്ടെന്നോ അദ്ദേഹം ബന്ധുക്കളെ കാണാൻ ആഗ്രഹിക്കുന്നുണ്ടെന്നോ എനിക്കു തോന്നിയിട്ടില്ല. മൊറേഷ്യസിൽ നിന്നു കത്തുകൾ വലിയ കാല താമസത്തോടെയാണു കിട്ടിക്കൊണ്ടിരുന്നത്

അവസാനമായി അയച്ച കത്തിൽ അദ്ദേഹം എഴുതുകയാണു എനിക്കു ക്ഷയരോഗം പിടിപെട്ടിട്ടുണ്ടെന്നു ഇവിടത്തെ ഡോക്റ്റർമാർ പറയുന്നു. പക്ഷേ, അതു ശരിയല്ലെന്നാണു എനിക്കു തോന്നുന്നത്. ഇനി അവരുടെ അഭിപ്രായം ശരിയാണെങ്കിൽ പോലും സാരമില്ല, ഞാനേതായാലും ദീനിസേവനത്തിനു സന്നദ്ധനാണ്. അതു ഞാൻ ചെയ്തു കൊണ്ടിരിക്കുന്നുമുണ്ട്. ഹുദൂർ പറയുകയാണ് എത്ര ലാഘവത്തോടും ധീരതയോടും കൂടിയാണു ഈ പ്രിയപ്പെട്ട ചെറുപ്പക്കാരൻ തന്നെ

അല്ലാഹുവിന്റെ ജോലിയിൽ വ്യാപൃതനാ ക്കുന്നത്. തന്റെ ആരോഗ്യാവസ്ഥ അപകട നിലയിലെത്തിയിട്ടും അദ്ദേഹം താൻ ചെയ്ത പ്രതിജ്ഞയും ഏറ്റെടുത്ത ഉത്തരവാദിത്വവും മറക്കുന്നില്ല. സാധാരണയായി ഡോക്ടർമാരുടെ രോഗനിർണ്ണയം കേട്ടു കഴിഞ്ഞാൽ അതും താൻ ക്ഷയരോഗ ബാധിതനാണെന്നറിഞ്ഞാൽ വലിയവരുടെ ധൈര്യം പോലും ചോർന്നു പോകാറുണ്ട്. (പത്തു നൂറു വർഷങ്ങൾക്കു മുമ്പ് ക്ഷയരോഗം നമുക്കിടയിൽ വലിയൊരു മാരക രോഗമായിരുന്നുവല്ലോ)

മുസ്‌ലിംകളെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന ശത്രു സൈന്യത്തെ കണ്ട ഒരു യഥാർഥ മുജാഹിദ് വാളെടുത്ത് അവരെ തലങ്ങും വിലങ്ങും വെട്ടി കൊന്നൊടുക്കിയ ശേഷം ആ യുദ്ധ മൈതാനത്തു തന്നെ വീരചരമം പ്രാപിക്കുന്ന ഒരു യോദ്ധാവിനേയാണു ഉബൈദുല്ലാഹ് സാഹിബി ന്റെ മരണത്തിലൂടെ നാം കാണുന്നത്. സ്വദേശത്തു നിന്നും പ്രിയപ്പെട്ടവരിൽ നിന്നും അകലെ വീട്ടുകാരുടെ ശുശ്രൂഷയും സേവനവും അത്യാവശ്യമായിരുന്ന അവസരത്തിൽ സ്വന്തക്കാർ ആരോരു മില്ലാത്ത അവസ്ഥയിൽ അവസാന ശ്വാസത്തിലും താൻ ചെയ്ത പ്രതിജ്ഞ പൂർത്തിയാക്കാൻ വെമ്പൽ കൊള്ളുകയായിരുന്നുവെന്നു അദ്ദേഹം നമുക്കു കാണിച്ചു തന്നിരിക്കുകയാണ്. ചുരുക്കത്തിൽ അദ്ദേഹം നമ്മുടെ പ്രശംസയ്ക്കും കൃതജ്ഞതയ്ക്കും അർഹതപ്പെട്ട വ്യക്തിയാണ്. അദ്ദേഹത്തെ പ്രകീർത്തിക്കുകയും പ്രശംസിക്കുകയും ചെയ്യേണ്ടതു നമ്മുടെ കടമയാണ്. യഥാർഥത്തിലുള്ള പ്രശംസയും സ്തുതിയും അല്ലാഹുവാണ് ചെയ്യുന്നത്. അത്തരത്തിൽ മറ്റൊരാൾക്കു ചെയ്യുവാൻ സാദ്ധ്യമല്ല. ഞാൻ അല്ലാഹുവിന്റെ അനുഗ്രഹത്തിൽ വിശ്വാസമർപ്പിച്ചു കൊണ്ട് പറയട്ടെ മൗലവി ഉബൈദുല്ലാഹ് സാഹിബിനു അല്ലാഹുവിന്റെ പ്രശംസയും സ്തുതിയും ലഭിച്ചു കഴിഞ്ഞിരിക്കുന്നു. അല്ലാഹു നബി തിരുമേനി [സ] യുടെ സഹാബാക്കളെ കുറിച്ചു ഖുർആനിൽ പറയുകയാണ്,

مِنَ الْمُؤْمِنِينَ رِجَالٌ صَدَقُوا مَا عَاهَدُوا اللَّهَ عَلَيْهِ فَمِنْهُم مَّن قَضَىٰ نَحْبَهُ وَمِنْهُم مَّن يَنتَظِرُ وَمَا بَدَّلُوا تَبْدِيلًا

*(അല്ലാഹുവുമായി ചെയ്ത കരാർ പാലിച്ച ചിലയാളുകൾ ആ സത്യവിശ്വാസികളിലുണ്ട്. അങ്ങനെ (ജീവനർപ്പിച്ച്) അവരിൽ ചിലർ (അല്ലാഹുവിനു വേണ്ടി വഖ്ഫ് ചെയ്തിരിക്കുന്നു എന്ന) തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു. അവരിൽ (മറ്റു) ചിലർ അതിനായി അവസരം പാർത്തിരിക്കു കയുമാണ്. അവർ (തങ്ങളുടെ നിലപാടിൽ) ഒരു മാറ്റവും വരുത്തിയിട്ടുമില്ല.*(ഖുർആൻ 33:24) ഉബൈദുല്ലാഹ് സാഹിബ് തന്റെ പ്രവർത്തിയിലൂടെ ഈ ആയത്തിനെ അന്വർഥമാക്കിയിരിക്കുകയാ ണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

### അഹ്മദിയാ ജമാഅത്തിന്റെ ഭാരതീയനായ ആദ്യ ശഹീദ്

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] അരുൾ ചെയ്യുകയാണ് മൗലവി ഉബൈദുല്ലാഹ് സാഹിബ് ഭാരതീയനായ ആദ്യത്തെ ശഹീദാണ്. ദീനിനു വേണ്ടി ജീവിതം അർപ്പണം ചെയ്യുവാനും താൻ ചെയ്ത പ്രതിജ്ഞ പൂർത്തിയാക്കാനും തനിക്കറിയാമെന്നു അദ്ദേഹം തന്റെ പ്രവർത്തനങ്ങളിലൂടെ തെളിയിച്ചിരിക്കുകയാണ്. അഹ്മദിയാ ജമാഅത്തിന്റെ ആദ്യ ശഹീദ് ഹദ്റത്ത് സയ്യിദ് അബ്ദുൽ ലത്തീഫ് സാഹിബിന്റെ ശിഷ്യൻ മൗലവി അബ്ദുർ റഹ്മാൻ സാഹിബായിരുന്നുവല്ലോ. ഹദ്റത്ത് സയ്യിദ് അബ്ദുൽ ലത്തീഫ് സാഹിബ്[റ] രണ്ടാമത്തെ ശഹീദും. പക്ഷേ, അവർ രണ്ടു പേരും ഭാരതീയരായിരുന്നില്ല. അവർ ഭാരതത്തിനു പുറത്തുള്ളവരായിരുന്നു. ഇന്ത്യയിലെ ആദ്യ ശഹീദെന്ന പദവി ഉബൈദുല്ലാഹ് സാഹിബിനാണു ലഭിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ മരണത്തിൽ നമുക്കു അഭിമാനമുണ്ടെങ്കിലും അല്ലാഹുവിന്റെ ദീനിനു വേണ്ടി രാവും പകലും യത്നിച്ചു കൊണ്ടിരുന്ന ആ പരിശുദ്ധവും പരിപാവനുമായ ആത്മാവിന്റെ ഉടമ നമ്മെ വിട്ടു പിരിഞ്ഞു എന്ന കാര്യത്തിൽ അതീവ ഹൃദയവ്യഥയുമുണ്ട്. ഞാൻ അദ്ദേഹത്തിനു വേണ്ടിയും അദ്ദേഹത്തിന്റെ ദു:ഖാർത്തരായ ബന്ധുമിത്രാദികൾക്കു വേണ്ടിയും ദുആ ചെയ്യുന്നു. മൗലവി ഉബൈദുല്ലാഹ് സാഹിബിനു അല്ലാഹു തന്റെ സാമീപ്യവും സ്വർഗത്തിൽ ഉന്നത സ്ഥാനവും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ബന്ധുക്കൾക്കു ക്ഷമ കൈകൊള്ളുവാനുള്ള ശക്തിയും കഴിവും അല്ലാഹു പ്രദാനം ചെയ്യുകമാറാകട്ടെ. ആമീൻ (അൽഫസ്ൽ 1923 ഡിസംബർ 14)

### ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ കയ്യിലെത്തിയ ആദ്യ കരം

ഹദ്റത്ത് മസീഹ് മൗഊദ്[അ] മദ്റസ അഹ്മദിയ സ്ഥാപിച്ചപ്പോൾ അതിൽ ചേർന്ന ആദ്യ വിദ്യാർഥികളിൽ ഒരാളായിരുന്നു ഹദ്റത്ത് മൗലവി ഉബൈദുല്ലാഹ് സാഹിബ്[റ]. അതു പോലെ രണ്ടാം ഖിലാഫത്തു തെരഞ്ഞെടുപ്പിന്റെ അവസരത്തിൽ ഖലീഫത്തുൽ മസീഹ് സാനിയുടെ കൈയിൽ പിടിച്ചു കൊണ്ട് ബൈഅത്തു ചെയ്യുവാനുള്ള അത്യപൂർവ ബഹുമതിയും ലഭിച്ചത് ഹദ്റത്ത് മൗലവി ഉബൈദുല്ലാഹ് സാഹിബിനായിരുന്നു.

(മവാസിനയെ മസാഹിബ് موازنہ مذاہب ജൂലായ് 2023 പേജ് 80)

(തുടരും)

# വാഗ്ദത്ത മസീഹ്: അറബി ഭാഷാ ജ്ഞാനത്തിന്റെ ദിവ്യാത്ഭുതം

**വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി(അ)ന്റെ അറബി ഭാഷയിലുള്ള മഹാജ്ഞാനത്തിന്റെ ദിവ്യാത്ഭുതം അറബി പണ്ഡിതയും അദ്ധ്യാപികയുമായ ലേഖിക വിവരിക്കുന്നു.**

**റൂബ അൽസായിദ്, കാനഡ**

അർത്ഥ സമ്പുഷ്ടമായതും എല്ലാ മാനുഷിക ഭാവങ്ങളും ആശയങ്ങളും ആവിഷ്ക്കരിക്കാൻ കഴിയുന്നതുമായ ലോകത്തിലെ ഏറ്റവും പുരാതന ഭാഷയാണ് അറബി. സംസ്കാരം, സാഹിത്യം, ആത്മീയത എന്നിവയിൽ അറബിഭാഷയുടെ ആഴത്തിലുള്ള സ്വാധീനങ്ങൾ കാണാം. ലോകമെമ്പാടുമുള്ള വൈവിധ്യമാർന്ന സമൂഹങ്ങളെ അറബി ഭാഷ ഒന്നിപ്പിക്കുന്നു.

വാഗ്ദത്ത മസീഹും ഇമാം മഹ്ദിയുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്റെ ദിവ്യപ്രചോദിത രചനകളിലൂടെ അറബി ഭാഷയുടെ ദിവ്യാത്ഭുത സ്വഭാവം എടുത്തുകാണിച്ചു. അറബി ഭാഷയുടെ സമാനതകളില്ലാത്ത വാഗ്മിത്വം, വഴക്കം, ആഗതമായ ആത്മീയ സത്യങ്ങൾ പ്രകടിപ്പിക്കാനുള്ള ശേഷി എന്നിവ അദ്ദേഹം പ്രകടമാക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കൃതികൾ അറബി ഭാഷയുടെ ദിവ്യോത്ഭവത്തെയും സാർവത്രിക സന്ദേശങ്ങൾ കൈമാറുന്നതിനുള്ള ഒരു മാധ്യമമെന്ന നിലക്കുള്ള അതിന്റെ അതുല്യതയെയും സാക്ഷ്യപ്പെടുത്തുന്നു. അറബി ഭാഷയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദിവ്യാത്ഭുതകരമായ അറിവ് കാലാതീതവും വമ്പിച്ച പ്രാധാന്യമുള്ളതുമാണ്.

മാതൃഭാഷാ അറബി ഭാഷകയായി വളർന്ന എനിക്ക് എല്ലായ്പ്പോഴും എന്റെ ഭാഷയോട് ആഴമേറിയ സ്നേഹവും ആരാധനയും ഉണ്ടായിരുന്നു. ചെറുപ്പം മുതലേ, അതിന്റെ സമ്പന്നമായ ഭാഷാവിഭാഗങ്ങളായ വ്യാകരണം, കവിത, ഗദ്യം, ക്ലാസിക്കൽ സാഹിത്യം എന്നിവ ഞാൻ പഠിച്ചു. അറബിയിൽ എഴുതുന്നതും വായിക്കുന്നതും എന്റെ അഭിനിവേശമായി മാറി. കാലക്രമേണ, എന്റെ പ്രതിഭകൾ പുരസ്കൃതങ്ങളായി. എനിക്ക് അറബി ഭാഷ വെറുമൊരു ഭാഷ മാത്രമായിരുന്നില്ല, സൗന്ദര്യത്തിന്റെയും താളലയത്തിന്റെയും വാക്ചാതുര്യത്തിന്റെയും പ്രതിഫലനം കൂടിയായിരുന്നു.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)ന്റെ അറബി കൃതികൾ ആദ്യമായി വായിക്കാൻ തുടങ്ങിയപ്പോൾ, ഞാൻ അത്യധികം അത്ഭുതപ്പെട്ടു. വിവിധ ഭാഷകളിലായി 80-ലധികം പുസ്തകങ്ങൾ അദ്ദേഹം രചിച്ചു. അതിൽ ഏകദേശം 20 എണ്ണം അറബിയിലാണ്. അറബി ഭാഷയിലുള്ള അദ്ദേഹത്തിന്റെ അതുല്യമായ പാണ്ഡിത്യം മാത്രമല്ല, ആത്മീയവും മതപരവുമായ സത്യങ്ങളെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവും അദ്ദേഹം പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ രചനകൾ ഞാൻ മുമ്പ് അനുഭവിച്ചിട്ടില്ലാത്ത വിധത്തിൽ എന്റെ ഹൃദയത്തെ അഗാതമായി സ്പർശിച്ചു. അദ്ദേഹത്തിന്റെ വാക്കുകളുടെ സുഗമമായ ഒഴുക്ക്, പദവിന്യാസത്തിൽ അന്തർലീനമായ പ്രാസം, വാക്യങ്ങളുടെ ഭംഗി എന്നിവ എന്നെ മറ്റൊരു ലോകത്തേക്ക് ആനയിച്ചു. വെളിച്ചം, ജ്ഞാനം, ലക്ഷ്യബോധം എന്നിവയാൽ പൂരിതമായ ഒരു ലോകത്തിലേക്ക്.

അദ്ദേഹത്തിന്റെ കൃതികളിലൂടെ, ജീവിതത്തെയും അതിന്റെ അർത്ഥത്തെയും കുറിച്ചുള്ള ഏറ്റവും ആഴമേറിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഞാൻ കണ്ടെത്തി. ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)ന്റെ വാക്കുകൾക്ക് ഒരു മാന്ത്രിക ശക്തി ഉണ്ടായിരുന്നു. അത് എന്റെ ആത്മാവിനെ പുനരുജ്ജീവിപ്പിക്കുകയും ജീവിതത്തെ തന്നെ പ്രണയിക്കാൻ എന്നെ സജ്ജമാക്കുകയും ചെയ്തു. ദൈവത്തിന്റെ അതായത് - കരുണാമയനും സൗമ്യനുമായ ഒരു സ്രഷ്ടാവിന്റെ - മനോഹരവും സ്നേഹനിർഭരവുമായ ഒരു ചിത്രം അദ്ദേഹം എന്നിൽ ആലേഖനം ചെയ്തു. എന്റെ ആദ്യകാലങ്ങളിൽ ദൈവത്തെക്കുറിച്ച് ഞാൻ പഠിച്ചതിൽ നിന്ന് ഇത് വളരെ വ്യത്യസ്തമായിരുന്നു. അന്ന് ഞങ്ങൾ ഖുർആൻ വാക്യങ്ങളും ഹദീസുകളും മനഃപാഠമാക്കി പഠിച്ചിരുന്നു, ദൈവത്തെക്കുറിച്ചുള്ള ഭയാനകമായ വിവരണങ്ങൾ പലപ്പോഴും കേട്ടിട്ടുണ്ട്. ശിക്ഷയുടെയും നരകത്തിലെ പീഡനത്തിന്റെയും ഭയാനകമായ പ്രതിഫലങ്ങളുടെയും ചിത്രങ്ങൾ ഉളവാക്കുന്നവയായിരുന്നു അവ. സർവ്വശക്തനായ ദൈവത്തിന്റെ ദയയെയും സ്നേഹത്തെയും കുറിച്ചുള്ള സൂചനകൾ വളരെ കുറവായിരുന്നു.

എന്നിരുന്നാലും, ഹദ്റത്ത് മിർസ ഗുലാം അഹ്മദി(അ)ന്റെ രചനകൾ ഒരു പുതിയ യാഥാർത്ഥ്യത്തിലേക്ക് എന്റെ




കണ്ണുകള ആനയിച്ചു. ജ്ഞാനത്തിന്റെ പറുദീസയിലേക്ക് സർവ്വശക്തനായ ദൈവത്തിനുവേണ്ടി ഇത്രയധികം വിശ്വാസികൾ ജീവൻ ത്യജിക്കാൻ തയ്യാറായത് എന്തുകൊണ്ടാണെന്ന് ഞാൻ മനസ്സിലാക്കാൻ തുടങ്ങി.

കാരുണ്യവും സമാധാനപരവുമായ ഒരു വിശ്വാസമായി ഇസ്‌ലാമിനെ അദ്ദേഹം വരച്ചുകാട്ടിയത് എല്ലാവരെയും അവരുടെ പശ്ചാത്തലമോ മതവിശ്വാസങ്ങളോ പരിഗണിക്കാതെ തുറന്ന മനസ്സോടെ സ്വീകരിക്കാൻ എന്നെ പ്രേരിപ്പിച്ചു. മറ്റുള്ളവരെ ആത്മാർത്ഥമായി സ്നേഹിക്കാനുള്ള ഈ കഴിവ് ഹൃദയത്തിൽ എളുപ്പത്തിൽ ഉണർത്താൻ കഴിയില്ല, പക്ഷേ ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)ന്റെ വാക്കുകൾ എന്റെ ഉള്ളിൽ ഈ വെളിച്ചം ജ്വലിപ്പിച്ചു.

വിശുദ്ധ ഖുർആനിൽ മനോഹരമായി പരാമർശിച്ചിരിക്കുന്ന ദൈവിക ദൗത്യമായ ആത്മാക്കളെ പുനരുജ്ജീവിപ്പിക്കാനുള്ള ശക്തി അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലൂടെ ഞാൻ തിരിച്ചറിഞ്ഞു.

'...ഇനി ആരെങ്കിലും ഒരാളുടെ ജീവനെ രക്ഷിച്ചാൽ അയാൾ മുഴുവൻ മനുഷ്യരെയും രക്ഷിച്ചത് പോലെയാകുന്നു. തീർച്ചയായും നമ്മുടെ ദൂതൻമാർ വ്യക്തമായ ദൃഷ്ടാന്തങ്ങളുമായി അവരുടെ അടുക്കൽ ചെന്നിട്ടുണ്ട്. എന്നിട്ട് അതിന് ശേഷവും അവരിൽ അധികം പേരും നാട്ടിൽ അമിതത്വം പ്രവർത്തിക്കുന്നവർ തന്നെയാണ്.' (സൂറ അൽ-മാഇദ, അദ്ധ്യായം 5:33)

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ രചനകൾ എന്റെ ആത്മാവിനെ പുനരുജ്ജീവിപ്പിച്ചു., ദൈവവുമായി എന്നെ ആഴത്തിൽ ബന്ധിപ്പിച്ചു, സമാധാനവും സ്നേഹവും, ഒപ്പം ഐക്യവുമാണ് ഇസ്‌ലാമിന്റെ കാതൽ.

തന്റെ പുസ്തകങ്ങളിലൂടെ, അറബി ഭാഷയിലെ എല്ലാ മഹിതമായ മനസ്സുകളെയും പ്രതിഭകളെയും അദ്ദേഹം വെല്ലുവിളിക്കുന്നുണ്ട്. ഈ കഴിവ് ഒരു മനുഷ്യനും പകർത്താൻ കഴിയാത്തതും ദൈവത്തിൽ നിന്നുള്ള ഒരു അനുഗ്രഹവും ശാക്തീകരണവുമാണ്.

ഞാൻ വായിച്ചിട്ടുള്ള ഏറ്റവും ശ്രദ്ധേയമായ പുസ്തകങ്ങളിലൊന്നാണ് അൽ-ഖുത്ബ അൽ-ഇൽഹാമിയ (വെളിപാട് പ്രഭാഷണങ്ങൾ) അത് സർവ്വശക്തനായ ദൈവ പ്രചോദനത്താൽ വചന രൂപം പൂണ്ട പ്രഭാഷണം. വാഗ്ദത്ത മസീഹിന്റെ നാവിൽ നിന്നും വിശുദ്ധ വാക്കുകളുടെ ഒരു ദിവ്യ പ്രവാഹം ഒഴുകി, അവയുടെ സത്യത്തെക്കുറിച്ച് നമ്മുടെ ഹൃദയങ്ങളിൽ യാതൊരു സന്ദേഹവും അവശേഷിപ്പിച്ചില്ല. ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയത്തിൽ അല്ലാഹു ആളുകളെ ആശയക്കുഴപ്പത്തിലാക്കുകയോ ഒരു വഴിത്തിരിവിൽ ഉപേക്ഷിക്കുകയോ ചെയ്യുന്നില്ല. അദ്ദേഹം നമ്മെ വിശ്വാസത്തിന്റെ ഒരു തലത്തിലേക്ക് നയിക്കുന്നു. ഖുർആൻ പറയുന്നു:

'നാം നിനക്ക് അവതരിപ്പിച്ചു തന്ന അനുഗ്രഹീത ഗ്രന്ഥമാണിത് , അവർ ഇതിലെ വചനങ്ങൾ ചിന്തിച്ചു മനസ്സിലാക്കുവനും ബുദ്ധിമാന്മാർക്ക് ഉപദേശം കരസ്ഥമാക്കുവാനും വേണ്ടി.'(സൂറ സാദ്, 38:29)

അല്ലാഹു നിങ്ങളുടെ കൈപി

ടിച്ച് അവനിലേക്കുള്ള ഒരു ഏക വഴിയിലൂടെ നയിക്കുന്നു. അതേ സമയം, ഈ നേരായ പാതയിൽ നിന്ന് നിങ്ങളെ വഴിതെറ്റിക്കാൻ ശ്രമിക്കുന്ന ഒരേയൊരു ശക്തി തിന്മയാണ്.

വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസ ഗുലാം അഹ്മദ്(അ) അറബി എല്ലാ ഭാഷകളുടെയും മാതാവാണെന്ന വിശുദ്ധ ഖുർആൻ പിന്തുണയ്ക്കുന്ന അവകാശവാദം മുന്നോട്ടു വെച്ചു. അറബി ഭാഷക്ക് ഏറ്റവും സമഗ്രമായ റൂട്ട് സിസ്റ്റവും ഭാഷാ ഘടനയും ഉണ്ടെന്നും അത് മറ്റ് ഭാഷകളുടെ കൂടി പ്രഭവ സ്ഥാനമാണെന്നും അദ്ദേഹം വാദിച്ചു. അറബി ഭാഷയുടെ അഗാധത, വഴക്കം, സമ്പന്നത എന്നിവ ഏറ്റവും ആഴമേറിയ സത്യങ്ങളും ദിവ്യ സന്ദേശങ്ങളും അറിയിക്കാൻ അതിനെ പ്രാപ്തമാക്കുന്നു.

സബഉൽ മുഅല്ലകാത്ത് (ഇസ്ലാമിക പൂർവ്വ സപ്ത കാവ്യ സമാഹാരം) അടക്കം അറബ് പൗരാണിക സാഹിത്യം, വിദേശ എഴുത്തുകാരുടെ രചനകൾ, പത്രങ്ങൾ, മാസികകൾ, കവിതകൾ എന്നിവയെക്കുറിച്ച് എനിക്ക് സാമാന്യം വിപുലമായ അറിവും വായനയും ഉണ്ടായിരുന്നിട്ടും, അറബി പദങ്ങളുടെ അഗാധമായ നിഷ്പത്തിയും അർത്ഥവും ഗ്രഹിക്കാൻ എനിക്ക് ഹദ്റത്ത് അഹ്മദ്(അ)ന്റെ പുസ്തകങ്ങൾ വീണ്ടും വീണ്ടും ആവർത്തിച്ച് വായിക്കേണ്ടി വന്നു. **സബഉൽ മുഅല്ലകാത്ത്** 'തൂങ്ങിക്കിടക്കുന്ന സംബോധിത ഗീതകങ്ങൾ' -ഓഡുകൾ അതായത്, മക്കയിലെ കഅബയിൽ അത് കെട്ടിത്തൂക്കിയത് കൊണ്ടാണ് അപ്രകാരം അത് വിളിക്കപ്പെട്ടത്. അറബി സാഹിത്യ ചരിത്രത്തിലെ ഏറ്റവും സങ്കീർണ്ണമായ കാവ്യനിർമ്മാണത്തെ പ്രതിനിധീകരിക്കുന്ന ആദ്യകാല അറബി കവിതകളുടെ പ്രാഥമിക ഉറവിടമായി മുഅല്ലകാത്തിനെ പല പണ്ഡിതന്മാരും കണക്കാക്കുന്നു. വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസ ഗുലാം അഹ്ദ്(അ) മുഅല്ലഖാത്തിനെക്കാൾ മനോഹരമായ കവിതകൾ എഴുതി.

ഹദ്റത്ത് മിർസ ഗുലാം അഹ്മദി(അ)ന്റെ കാവ്യസമുദ്രങ്ങളുടെ ഉപയോഗം അറബി കവിതയിലെ 'പതിനാറ് സമുദ്രങ്ങൾ' എന്ന പദം 16 'ബീഹാർ' (ബഹർ - സമുദ്രം എന്നതിന്റെ ബഹുവചനം) സൂചിപ്പിക്കുന്നു, അവ ക്ലാസിക്കൽ അറബി കവിതയിൽ ഉപയോഗിക്കുന്ന മെട്രിക് പാറ്റേണുകളോ (മാനക രീതി) പ്രാസനിബദ്ധമായ താളങ്ങളോ ആണ്. പ്രശസ്ത അറബ് ഭാഷാശാസ്ത്രജ്ഞനും വൈയ്യാകരനുമായ അൽ-ഖലീൽ ഇബ്നു അഹ്മ്മദ് അൽ-ഫറാഹിദി എട്ടാം നൂറ്റാണ്ടിൽ ഇവ ക്രോഡീകരിച്ചു. ഓരോ ബഹറും (കടൽ) ദീർഘവും ഹ്രസ്വവുമായ അക്ഷരങ്ങളുടെ ഒരു പ്രത്യേക സംയോജനത്താൽ സവിശേഷതമായയാണ്. ഇത് കവിതയ്ക്ക് ഒരു താളാത്മക ഘടന നൽകുന്നു. ഉദാഹരണത്തിന്, അറബി കവിതയിലെ നാല് സമുദ്രങ്ങളെക്കുറിച്ച് ഞാൻ ഇവിടെ പരാമർശിക്കാം.

1. അൽ-തവിൽ: നീണ്ട കടൽ
2. അൽ-ബാസിത്: ലളിതമായ കടൽ
3. അൽ-കാമിൽ: പൂർണ്ണമായ കടൽ
4. അൽ-വാഫിർ: സമ്പന്നമായ കടൽ

വാഗ്ദത്ത മസീഹ് ഈ ക്ലാസിക്കൽ മെട്രിക്കൽ പാറ്റേണുകൾ പിന്തുടർന്നാണ് നിരവധി അറബി ഗീതകങ്ങൾ രചിച്ചത്. അറബി ഭാഷയിലും കാവ്യ താളത്തിലും അദ്ദേഹത്തിന് ഉണ്ടായിരുന്ന അഗാധമായ വൈദഗ്ദ്ധ്യത്തിന്റെ നിദർശനമാണ് ഇത്. '16 കടലുകളുടെ' (16 ബിഹാറുകൾ) മെട്രിക്കൽ നിയമങ്ങൾ അദ്ദേഹം കർശനമായി പാലിച്ചു. (അറബി കവിതയിലെ ഹ്രസ്വവും ദീർഘവുമായ അക്ഷരങ്ങൾ കൃത്യമായും പ്രത്യേക രീതിയിൽ വിന്യസിച്ചുകൊണ്ടുള്ള ഒരു ക്ലാസിക്കൽ ഛന്ദശാസ്ത്രമാണ് 16 ബിഹാറുകൾ. വിവ:) ഹദ്റത്ത് അഹ്മദി(അ)ന്റെ കവിത ഈ രീതിയുമായി പൊരുത്തപ്പെടുന്നതാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ, പ്രത്യേകിച്ച് അറബി മാതൃഭാഷയല്ലാത്തവർക്ക് അറബി കവിതയുടെ ഈ ക്ലാസിക്കൽ രീതി അപരിചിതമായിരുന്നു.

വാഗ്ദത്ത മസീഹിന്റെ(അ) കവിതകൾ പഴയ ക്ലാസിക് അറബി കവിതകളുടെ സൗന്ദര്യത്തെയും ഭാഷാവ്യക്തതയെയും പ്രതിഫലിപ്പിക്കുന്നതാണ്. അൽ-ഖസീദ പോലുള്ള അദ്ദേഹത്തിന്റെ കവിതകൾ സാങ്കേതികതയിലെ പ്രാവീണ്യവും ആഴത്തിലുള്ള അറിവും പ്രകടിപ്പിക്കുന്നു, കൂടാതെ അവ ആത്മീയ വിഷയങ്ങളും ദൈവിക ജ്ഞാനത്തെക്കുറിച്ചുള്ള ആഴത്തിലുള്ള പ്രതിഫലനങ്ങളും നിറഞ്ഞതാണ്. ഹദ്റത്ത് മിർസ ഗുലാം അഹ്മദ്(അ) വാഗ്ദത്ത മസീഹാണെന്നതിന്റെ നിരവധി തെളിവുകളിൽ ഒന്ന്, എന്നെ വ്യക്തിപരമായി സ്വാധീനിക്കുകയും അദ്ദേഹത്തിന്റെ സത്യസന്ധത തിരിച്ചറിയാൻ എന്നെ പ്രേരിപ്പിക്കുകയും ചെയ്യുകയുണ്ടായി. അദ്ദേഹത്തെക്കുറിച്ചുള്ള ഹദീസിന്റെ പൂർത്തീകരണമാണത്. തിരുമേനി(സ) പറഞ്ഞു:

'മഹ്ദി നമ്മുടെ കുടുബത്തിൽ പെട്ട നമ്മിലുള്ള ഒരാളാണ്. അല്ലാഹു ഒറ്റ രാത്രി കൊണ്ട് അദ്ദേഹത്തെ തിരുത്തും.' (സുനൻ ഇബ്നു മാജ, ഹദീസ് 4085)

അറബിഭാഷയിൽ ഹദ്റത്ത് അഹ്മദ്(അ) നെ ദൈവം എങ്ങനെ സഹായിച്ചു എന്നതിന്റെ ഒരു ഉദാഹരണം നോക്കൂ: ഒരിക്കൽ, വാഗ്ദത്ത മസീഹ് ഒരു അറബി പുസ്തകം എഴുതുമ്പോൾ, ഉത്കണ്ഠയോ ദുഃഖമോ മൂലമുണ്ടാകുന്ന നിശബ്ദത, പ്രകടിപ്പിക്കുന്ന ഒരു പ്രത്യേക അറ

ബി പദം അദ്ദേഹം അന്വേഷിച്ചു. അഗാധമായ ചിന്തയിൽ മുഴുകിയ അദ്ദേഹം തികവുറ്റ ഒരു പദപ്രയോഗത്തെക്കുറിച്ച് ചിന്തിച്ചു കൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന്, ദൈവിക പ്രചോദനം പോലെ, 'അൽ-വുജൂം' എന്ന അറബി പദം കടലാസിൽ അദ്ദേഹത്തിന്റെ മുന്നിൽ പ്രത്യക്ഷമായി. അദ്ദേഹത്തിന് ആവശ്യമായിരുന്ന പദമായിരുന്നു അത്, ഉദ്ദേശിച്ച അർത്ഥം കൃത്യമായി കരഗതമായി. ഇംഗ്ലീഷിൽ, 'അൽ-വുജൂം' മിന് 'മ്ലാനമായ'(Gloomy) എന്ന് വിവർത്തനം ചെയ്യാവുന്നതാണ്. നിശബ്ദതയുടെയോ ദുഃഖത്തിന്റെയോ അവസ്ഥയെ ഇത് പ്രതിഫലിപ്പിക്കുന്നു. സർവ്വശക്തനായ ദൈവം തന്റെ അറബി ഭാഷ ഉപയോഗിച്ച് അദ്ദേഹത്തെ എങ്ങനെ പിന്തുണച്ചു എന്നതിന്റെ ഒരു ഉദാഹരണം ഈ ശ്രദ്ധേയമായ സംഭവം നമുക്ക് നൽകുന്നു. (നുസുൽ-ഉൽ-മസീഹ്, റൂഹാനി ഖസൈൻ, വാല്യം. 18, പേജ്. 435)

കൂടാതെ, ഹദ്റത്ത് മിർസ ഗുലാം അഹ്മദ്(അ) തന്റെ വാഗ്മിത്വ കലയിൽ അത് പൂർണ്ണമായും അതിമനോഹരമായും ഉപയോഗിച്ചു. അറബി ഭാഷയിൽ, ? 'ബലാഗ്' എന്നത് വാഗ്മിതത്വം അനുവാചകനെ ബോധ്യപ്പെടുത്തുന്നതും സ്വാധീനം ചെലുത്തുന്നതുമായ രീതിയിൽ സന്ദേശങ്ങൾ കൈമാറുന്ന കലയാണ്. വികാരങ്ങൾ ഉണർത്തുന്നതിനും, പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുന്നതിനും, ആഴത്തിലുള്ള ആശയങ്ങൾ ഫലപ്രദമായി ആശയവിനിമയം ചെയ്യുന്നതിനും ബലാഗ് എന്ന പദം ഉപയോഗിക്കുന്നു. വാചാലത, വഗ്മിതത്വം വ്യക്തത, സൗന്ദര്യം എന്നിവ ആ പദത്തിൽ സംയോജിപ്പിക്കപ്പെടുന്നു.

അറബിയിലെ ഏറ്റവും ഉത്കൃഷ്ടമായ വാഗ്മിത രൂപമാണ് 'സജ്:', ഇത് ഒരു താളാത്മക ഗദ്യ രൂപമാണ്. 'സജ്:' അതിന്റെ താളാത്മകമായ വൃത്തം അഥവാ ചന്ദസ്, അന്ത്യാക്ഷര പ്രാസം, ഉച്ചാരണത്തെ അടിസ്ഥാനമാക്കിയുള്ള ഗണനയിൽ സവിശേഷമാർന്നതുമാണ്. ഇത് വളരെ സംഗീതാത്മകവും ശ്രോതാവിനെ ആകർഷിക്കുന്നതുമാണ്.

ഹദ്റത്ത് മിർസ ഗുലാം അഹ്മദ്(അ) 'സജ്:' ഫലപ്രദമായി ഉപയോഗിച്ചു. ഭാഷയുടെ ഈണത്തെ ആഴത്തിലുള്ള ആത്മീയ സത്യങ്ങളുമായി സംയോജിപ്പിക്കുന്ന മികച്ച വാക്കുകളാൽ അദ്ദേഹത്തിന്റെ രചനകൾ പൂരിതമായിരിക്കുന്നു. 'സാജ്' ഉപയോഗിച്ച് പ്രാസങ്ങളും സമതുലിതമായ ഭാഷാഘടനകളും ഉപയോഗിച്ച് മനോഹരമായി ഒഴുകുന്ന വരികൾ അദ്ദേഹം സൃഷ്ടിച്ചു. സത്യത്തിലേക്കും വിശ്വാസത്തിലേക്കും ഹൃദയങ്ങളെ നയിക്കാൻ അറബി വാഗ്മിതത്വത്തിന് സൗന്ദര്യവും ആഴവും എങ്ങനെ സംയോജിപ്പിക്കാൻ കഴിയുമെന്ന് അദ്ദേഹം തെളിയിച്ചു.

ഉപസംഹാരമായി, വാഗ്ദത്ത മസീഹും ഇമാം മഹ്ദിയുമായ ഹദ്റത്ത് മിർസ ഗുലാം അഹ്മദ്(അ) തന്റെ എല്ലാ കൃതികളിലും ഈ മനോഹരമായ അറബി വ്യാകരണം ഗംഭീരമായി ഉപയോഗിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അത്ഭുതകരമായ അറബി ഭാഷയെ ഒരാൾക്ക് എങ്ങനെ സംശയിക്കാൻ കഴിയും?

എല്ലാ ദിവസവും, അദ്ദേഹത്തിന്റെ രചനകളിൽ എണ്ണമറ്റ ആഴമേറിയ സത്യങ്ങൾ ഞാൻ കണ്ടെത്തുന്നു. വാസ്തവത്തിൽ, അദ്ദേഹത്തെ വിശ്വസിക്കാൻ എനിക്ക് ബാഹ്യ തെളിവുകൾ ആവശ്യമില്ല - അദ്ദേഹത്തെ മനസ്സിലാക്കാനുള്ള സ്നേഹമാണ് എന്നെ നയിക്കുന്നത്. അദ്ദേഹത്തിന് ഒരു സാധാരണ വ്യക്തിയാകാൻ കഴിയില്ലെന്ന് എന്റെ ആന്തരിക ശബ്ദം പ്രഖ്യാപിക്കുന്നു - ഇല്ല! മനുഷ്യവംശം കാത്തിരുന്ന ദിവ്യദൂതനായിരിക്കണം അദ്ദേഹം. തന്റെ ആത്മീയ പിൻഗാമികളിലൂടെ അദ്ദേഹം നമുക്കിടയിൽ 'ജീവനോടെ' തുടരുന്നു, ദൈവം അവരിൽ സംതൃപ്തനായിരിക്കട്ടെ, അവരെ അനുഗ്രഹിക്കട്ടെ. അദ്ദേഹത്തിന്റെ അഞ്ചാമത്തെ ഖലീഫയായ ഹദ്റത്ത് മിർസ മസ്റൂർ അഹ്മദ് (അയ്യദുഹു) ഈ പാരമ്പര്യത്തിന്റെ തിളക്കമാർന്ന ഉദാഹരണമാണ്.

## പേജ് 9 ൽ നിന്ന്

ഉണ്ടാകുമ്പോൾ അതിനെ മയപ്പെടുത്തുന്നതിനുള്ള വഴി വിശുദ്ധ ഖുർആൻ കൂടെക്കൂടെ പാരായണം ചെയ്യുകയാണ്. എവിടെയെല്ലാം ദുആയെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ടോ അവിടെ ഒരു വിശ്വാസിയുടെ ഹൃദയം ദൈവിക കാരുണ്യത്തിൽ ഭാഗമാക്കാൻ ആഗ്രഹിക്കേണ്ടതാണ്. വിശുദ്ധഖുർആന്റെ ഉദാഹരണം ഒരു തോട്ടം പോലെയാണ്. അതിന്റെ ഒരു ഭാഗത്തുനിന്ന് എന്തെങ്കിലും ഒക്കെ ഫലങ്ങൾ അയാൾ തെര ഞ്ഞെടുക്കുന്നു. പിന്നെ മുന്നോട്ടു പോകുമ്പോൾ വേറെ തരത്തിലുള്ള ഫലങ്ങൾ എടുക്കുന്നു. ചുരുക്കത്തിൽ ഖുർആന്റെ എല്ലാ ഭാഗത്ത്നിന്നും സമുചിതമായി പ്രയോജനമെടുക്കണം.

ചുരുക്കത്തിൽ ഈ റമദാന്റെ ദിവസങ്ങളിൽ പ്രത്യേകമായും വിശുദ്ധ ഖുർആനിലേക്ക് ശ്രദ്ധ തിരിക്കുന്നതോടൊപ്പം ഈ ശ്രദ്ധ നമ്മൾ നിലനിർത്തുമെന്നും എപ്പോഴും വിശുദ്ധ ഖുർആൻ പഠിക്കുന്നതിലേക്ക് ശ്രദ്ധിക്കുമെന്നും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രദ്ധിക്കുമെന്നും നമ്മുടെ മക്കളെയും അത് പാരായണം ചെയ്യാൻ ഉപദേശിക്കുമെന്നും ശപഥം ചെയ്യുവിൻ. ഇങ്ങനെ ആവുകയാണെങ്കിൽ പിന്നെ നമ്മുടെ ജീവിതങ്ങൾ എപ്പോഴും വിജയ പ്രദമായിരിക്കും. അല്ലാഹു നമുക്ക് (ഈ റമളാനിൽ അത് പാരായണം ചെയ്യുന്നതോടൊപ്പം അത് മന സ്സിലാക്കാൻ ശ്രമിക്കുന്നതിനും) തൗഫീഖ് നൽകുമാറാകട്ടെ.

# പവിത്ര ജീവിതത്തെ തിരിച്ചറിയൽ

ദൈവനിയുക്തരാവുന്നതിനു മുമ്പുള്ള പ്രവാചകന്മാരുടെ ജീവിതം അവരുടെ സത്യ സാക്ഷ്യത്തിനുള്ള അനിഷേധ്യമായ തെളിവാണ്.

**മുഹമ്മദ് ഉമർ, കോഴിക്കോട്**


പഞ്ചാബിലെ ഖാദിയാൻ എന്ന ഒരു കുഗ്രാമത്തിൽ വെച്ച് ഒരു നൂറ്റാണ്ടുമുമ്പ് ഒരാൾ ദൈവം തനിക്ക് ഇപ്രകാരം ദിവ്യവെളിപാട് അറിയിച്ചിരിക്കുന്നുവെന്ന് വാദിക്കുകയുണ്ടായി

'അതായത് നീ പ്രഖ്യാപിക്കുക ഞാൻ നിയുക്തനാക്കപ്പെട്ടിരിക്കുന്നു. അതിൽ ഞാൻ ഒന്നാമനായി വിശ്വാസം കൊള്ളുന്നു എല്ലാ അനുഗ്രഹങ്ങളും മുഹമ്മദ് നബി(സ) തിരുമേനിയിൽ നിന്നുള്ളതാണ് പഠിപ്പിക്കുന്ന ആളും പഠിക്കുന്ന ആളും (ഗുരുവും ശിഷ്യനും) അനുഗ്രഹീതരാകുന്നു'

തുടർന്ന് അവിടുന്ന് ഇപ്രകാരം വാദിച്ചു

'എനിക്ക് അല്ലാഹുവിന്റെ പരിശുദ്ധവും പവിത്രവുമായ ദിവ്യവെളിപാട് മുഖേന ഞാൻ അവന്റെ ഭാഗത്തനിന്നുള്ള വാഗ്ദത്ത മഹ്ദിയും മസീഹും ആണെന്നും ആന്തരികവും ബാഹ്യവുമായ വിശ്വാസവൈരുദ്ധ്യങ്ങളെ നീതിയോടു കൂടി തീർപ്പ് കൽപ്പിക്കുന്നവനും ആണെന്നുള്ള വിവരം ലഭിച്ചിരിക്കുന്നു'(അർബയീൻ വാ1 പേജ് 40)

പിന്നീട് തന്റെ വാദങ്ങളെ കുറിച്ച് അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് അവന്റെ പേരിൽ ആണയിട്ടു പറയുന്നു:



ഹദ്റത്ത് മസീഹ് മൗഊദ്(അ) സഹാബാകളോടൊപ്പം

'ഏതൊരു വന്റെ കൈയ്യിലാണോ എന്റെ ജീവൻ ഇരിക്കുന്നത് ആ അല്ലാഹുവിന്റെ പേരിൽ ആണയിട്ടു കൊണ്ട് പറയുന്നു ഹദ്റത്ത് റസൂൽ കരീം(സ) സഹീയായ ഹദീസുകളിൽ പ്രവചിച്ചതനുസരിച്ച്, ഞാൻ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹാണ്. ഈ പ്രവചനം സഹീഹുൽ ബുഖാരിയിലും മുസ്‌ലിമിലും ഇതര സഹീഹുകളിലുമുണ്ട്. (മൽഫൂസാത്ത്. വാ 1 േപ. 213)

വീണ്ടും അരുൾ ചെയ്യുന്നു:

'ഞാൻ വാഗ്ദത്തം ചെയ്യപെട്ട മസീഹാണ് ഏതൊരാളുടെ പേര് ഹദ്റത്ത്റസൂൽ തിരുമേനി(സ) നബിയുല്ലാഹ് എന്നു വെച്ചിരിക്കുന്നുവോ ആ ആൾ ഞാൻ തന്നെയാണ്'(നുസൂലുൽ മസീഹ്. പേജ് 46)

തനിക്ക് ലഭ്യമായ ഈ ആത്മീയ സ്ഥാനത്തിന്റെ യാഥാർത്ഥ്യം വിവരിച്ചു കൊണ്ട് അദ്ദേഹം എഴുതുന്നു

'ഞാൻ നബി(സ)തിരുമേനിയുടെ ഉമ്മത്തിയും അനുസാരിയും അല്ലായിരുന്നുവെങ്കിൽ ലോകത്തുള്ള സർവ്വ പർവ്വതങ്ങൾക്കും സമാനമായി പുണ്യ കർമ്മങ്ങൾ ഞാൻ ചെയ്തിട്ടുണ്ടെന്നാലും അല്ലാഹുവിൽ നിന്നുള്ള മധുര ഭാഷണത്താൽ ഞാൻ അനുഗ്രഹീതാകുമായിരുന്നില്ല. എന്തെന്നാൽ മുഹമ്മദീയ്യാ നുബുവ്വത്ത് അല്ലാത്ത മറ്റെല്ലാ നുബുവ്വത്തുകളും നിർത്തലാക്കിയിരിക്കുകയാണ്. ശരീയത്തോടു കൂടിയ ഒരു പ്രവാചകനും ഇനി വരികയില്ല. ശരീഅത്തില്ലാത്ത നബി ഇനി വരാവുന്നതാണ്. പക്ഷേ ആ നബി ഒന്നാമതായി തിരു നബി(സ)യുടെ ഉമ്മത്തിയായിരിക്കേണ്ടതാണ്.' (തജല്ലിയാത്തെ

ഇലാഹിയ്യ, ഭാ 24, 25)

മേൽ വിവരിച്ച യഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദ്[അ]ന്റെ വാഗ്ദത്ത മഹ്ദി വാദത്തെക്കുറിച്ച് അവലോകനം നടത്തുന്നതിന് മുമ്പായി ഒരു ദൈവനിയുക്തവാദിയുടെ വാദത്തോട് നാം എങ്ങിനെയാണ് പ്രതികരിക്കേണ്ടതെന്ന് വിശുദ്ധ ഖുർആനിലെ അദ്ധ്യാപനത്തിലേക്ക് ശ്രദ്ധക്ഷണിക്കാനാഗ്രഹിക്കുന്നു. അതായത് ഖുർആൻ പറയുന്നു:

**'പറയുക: നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ ഈ വാദി അല്ലാഹുവിൽ നിന്നാകുകയും എന്നിട്ട് നിങ്ങൾ അദ്ദേഹത്തെ നിഷേധിക്കുകയും ചെയ്യുന്നതായാൽ വിദൂരമായ ഭിന്നതയിൽ ഉള്ളവനെക്കാൾ കൂടുതൽ വഴിപിഴച്ചവൻ മറ്റാരാണ് ഈ വാദി സത്യവാനാണെന്ന് അവർക്ക് സ്പഷ്ടമായി മനസ്സിലാക്കുവാൻ നമ്മുടെ ദൃഷ്ടാന്തങ്ങളെ ദിങ്മണ്ഡലങ്ങളിലും (ആകാശദൂതുകളിലും) അവരുടെ നഫ്സുകളിൽ തന്നെയും നാം വേഗം അവർക്ക് കാണിച്ചു കൊടുക്കുന്നതാണ്. നിന്റെ നാഥൻ എല്ലാ കാര്യത്തിന്നും സാക്ഷിയാണെന്ന് ' (അവർക്ക് മതിയായതല്ലേ?)** (41: 53-54)

വീണ്ടും മറ്റൊരു സ്ഥലത്ത് പറയുന്നു:

**'നിങ്ങളുടെ അടുക്കലുള്ളതിനെ സാക്ഷീകരിച്ചുകൊണ്ട് ഞാനിറക്കിയതിനെ നിങ്ങൾ വിശ്വസിക്കുക. ആ ആളെ നിഷേധിക്കുന്നതിൽ നിങ്ങൾ മുമ്പനാകരുത്'**(2:42) പ്രസ്തുത രണ്ട് തിരുവാക്യങ്ങളുടെയും വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദിന്റെ വാദത്തെക്കുറിച്ചും അതിന് നിദാനവും സാക്ഷ്യവുമയ വിശുദ്ധ ഖുർആനിൽ നിന്നും തെളിയുന്ന തെളിവുകളെക്കുറിച്ചും കുലങ്കുഷമായി ചിന്തിക്കേണ്ടതുണ്ട്. വാദം ശ്രവിച്ച മാത്രയിൽ എതിർക്കുകയും നിഷേധിക്കുകയും ഹാലിളകി കൊണ്ട് കുഫ്ർ ഫത്വ പുറപ്പെടുവിക്കുകയും ചെയ്യുന്നത് 'നിഷേധിക്കുന്നവരിൽ മുമ്പനാകരുത്'എന്ന ഖുർആനികാദ്ധ്യാപനത്തിനെതിരാണ്. ഇതിന്നുള്ള ഉത്തമ മാതൃക ഹദ്റത്ത് റസൂൽ കരീം[സ] തിരുമേനിയിൽ നിന്നും നമുക്ക് മനസ്സിലാക്കാം. അതായത് ഹദ്റത്ത് റസൂൽ കരിം[സ]ന്റെ അടുക്കൽ ഒരു വ്യാജ നുബുവ്വത്ത് വാദവുമായി ഇബ്നു സയാദ് എന്നയാൾ വന്നു' **'അശ്ഹദു ഇന്നീ റസൂലുല്ലാഹി'** ഞാൻ ഒരു ദൈവപ്രവചകനാണെന്ന് തങ്കൾ സാക്ഷ്യം വഹിക്കുന്നുവോ? എന്നുചോദിച്ചു. അതിന്നുള്ള പ്രതികരണ മെന്നോണം തിരുനബി[സ] അയാളെ എതിർക്കുകയോ ഞാൻ നബിയായിരിക്കെ നിങ്ങൾക്ക് ഇപ്രകാരം വാദിക്കാനും ചോദിക്കാനും ഉള്ള അധികാരമെന്തുണ്ട്? എന്ന് പറയുകയോ നീ കള്ള വാദിയാണെന്നു പറഞ്ഞു ഖണ്ഡിക്കുയോ അയാളെ വധിക്കുവാൻ ശ്രമിക്കുകയോ ചെയ്യാതെ വളരെ സൗമ്യനായി ഹദ്റത്ത് റസൂൽ തിരുമേനി[സ] കൊടുത്ത മറുപടി **'ആമന്ത്ത്തു ബില്ലാഹി വ റസൂലിഹി'** ഞാൻ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു എന്നായിരുന്നു.

ഇത്രയും ആമുഖമായി വിവരിച്ചതിന്ന് ശേഷം, പ്രസ്തുത ആയത്തിന്റെ വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദി[അ]ന്റെ സത്യത്തിന്നു സാക്ഷ്യമായി വിശുദ്ധ ഖുർആൻ നൽകുന്ന മാനദണ്ഡം എന്താണെന്ന് നോക്കുക. അതിന്നായി ഹദ്റത്ത് റസൂൽ തിരുമേനി[സ] യുടെ സത്യത്തിന്ന് നിദാനമായി വിശുദ്ധ ഖുർആൻ കാണിക്കുന്ന മാർഗ്ഗദർശനം മാർഗ്ഗ ദീപമായി കാണേണ്ടതാണ്

ഒരു ദൈവനിയുക്തവാദിയുടെ സത്യ സാക്ഷ്യത്തിന്നായി അദ്ദേഹത്തിന്റെ വാദത്തിന്നുമുമ്പുള്ള ജീവിതം പവിത്രവും നിഷ്ക്കളങ്കവും കുറ്റമറ്റതുമായിരിക്കണമെന്ന മാനദണ്ഡം വിശുദ്ധ ഖുർആൻ സമർപ്പിക്കുന്നു. അല്ലാഹുവിന്റെ കൽപ്പനയനുസരിച്ച് ഹദ്റത്ത് റസൂൽ തിരുമേനി[സ] മക്കയിലെ അവിശ്വാസികളെ ഇപ്രകാരം ഉൽബോധിപ്പിക്കുകയുണ്ടായി.

'ഇതിന് മുമ്പ് ഒരു ദീർഘകാലം ഞാൻ നിങ്ങളുടെ മുമ്പിൽ ജീവിച്ചിരുന്നുവല്ലോ. എന്നിട്ടും നിങ്ങൾ കാര്യങ്ങൾ ഗ്രഹിക്കുന്നില്ലേ?'(10:17) ഹദ്റത്ത് റസൂൽ കരിം[സ] തന്റെ സത്യതയെ തെളിയിക്കുന്നതിന്നായി മക്കയിലെ വിഗ്രഹാരാധകരും അവിശ്വാസികളുമായവരുടെ മുമ്പാകെ വെച്ചിരുന്ന സത്യ സാക്ഷ്യം ഇതായിരുന്നു. ഞാൻ എന്റെ വാദത്തിന്ന് മുമ്പ് നിങ്ങൾക്കിടയിൽ നാൽപ്പത് വർഷക്കാലം ജീവിച്ചിരുന്നുവല്ലോ എന്റെ ജീവിതത്തിൽ എന്തെങ്കിലും ന്യൂനതയോ പോരായ്മയോ അസത്യമോ നിങ്ങൾക്ക് തെളിയിക്കാൻ സാധിക്കുമോ? എന്റെ പരിശുദ്ധ ജീവിതം കാരണം നിങ്ങൾ എനിക്ക് 'സിദ്ദീക്ക്' എന്നും 'അമീൻ'എന്നും ഉള്ള പേരുകൾ നൽകിയിരുന്നില്ലേ? ഞാനെന്റെ ബല്യകാലവും യൗവ്വനവും പിന്നിട്ടു നാൽപ്പതാമത്തെ വയസ്സിൽ നിങ്ങളുടെ മുമ്പിൽ നിറഞ്ഞു നിൽക്കുകയാണ്. എന്റെ പരിശുദ്ധ ജീവിതം ദർശിച്ച് നിങ്ങൾ **'മാ ജർ റബനാ അലൈക്ക സിദ്ക്ക'** (നിന്നിൽ ഞങ്ങൾക്ക് സത്യമല്ലാതെ മറ്റൊന്നും തന്നെ കാണുവാൻ സാധിച്ചിട്ടില്ല.) എന്ന് ഐക്യ കണ്ഠേന നിങ്ങൾ സാക്ഷ്യം വഹിച്ചില്ലേ എന്നിരിക്കെ

ഞാൻ പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ ഒരു പെരും കള്ളം പറഞ്ഞുവെന്നാണോ നിങ്ങൾ പറയുന്നത്? അതും സർവ്വലോക നിയന്താവും സർവ്വജ്ഞനും ആയ അല്ലാഹുവിന്റെ പേരിൽ കറ്റുകെട്ടി കള്ള വാദം പുറപ്പെടുവിക്കുകയാണെന്ന് നിങ്ങൾക്കെങ്ങിനെ പറയുവാൻ സാധിക്കും? ഹദ്റത്ത് റസുൽ തിരുമേനി(സ)യുടെ ഈ വെല്ലുവിളി സ്വീകരിക്കുവാൻ അന്നും ഇന്നും ആർക്കും സാധിച്ചിരുന്നില്ല.

ചുരുക്കത്തിൽ ആ പുണ്യാത്മാവ് തന്റെ വാദത്തിന്ന് സത്യ സാക്ഷ്യമായി ലോകത്തിന്ന് മുമ്പിൽവെച്ച മാനദണ്ഡം തന്റെ പരിശുദ്ധവും പരിപാവനവുമായ ജീവിതമായിരുന്നു. അതേ പ്രകാരം വഗ്ദത്ത മഹ്ദിയും തന്റെ സത്യത്തിന്ന് നിദാനമായി എടുത്ത് കാണിക്കുന്നത് തന്റെ വാദത്തിന്ന് മുമ്പുള്ള പവിത്ര ജീവിതമാണ്. അദ്ദേഹമരുൾ ചെയ്യുന്നു:

'വാദത്തിന്നു മുമ്പുള്ള എന്റെ ജീവിതത്തിൽ നിന്നും നിങ്ങൾക്ക് കളവ് വഞ്ചന കറ്റുകെട്ട് മുതലായ ഒരു ന്യൂനതയും ദോഷവും എടുത്തുകാണിക്കുവാൻ സാധിക്കുന്നതല്ല. പണ്ടുമുതലെ കളവും വഞ്ചനയും കൈമുതലായുള്ള ഒരാൾ പെട്ടെന്ന് ഇങ്ങിനെ ഒരു വാദം പുറപ്പെടുവിക്കുന്നതാണല്ലോ സംശയകരമായിരിക്കുക. എന്റെ ജീവിതത്തിൽ എന്തെങ്കിലും ഒരു ദൂഷ്യം എടുത്ത് കാണിക്കുവാൻ സാധിക്കുമോ? ആരംഭത്തിൽ തന്നെ എന്റെ ജീവിതം ഭയഭക്തിയിലും തഖ്വയിലും അധിഷ്ഠിതമാക്കിയത് എനിക്ക് ലഭിച്ച മഹാ ഭാഗ്യമാണ്. ചിന്തിക്കുന്നവർക്ക് ഇതും ഒരടയാളമാണ്.'(തദ്ക്കിറത്തുശ്ശഹാദതൈത്തൻ, പേ. 62) 'അക്രമികളായ എതിരാളികളുടെ വായടക്കുവാൻ അല്ലാഹു ഇൽഹാം മുഖേന എന്നെ ഇപ്രകാരം അറിയിച്ചിരിക്കുന്നു. ഇവരോടു ചോദിക്കുക എന്റെ നാൽപ്പത് വർഷക്കാലത്തെ ജീവിതം ഒരു തുറന്ന പുസ്തകം പോലെ നിങ്ങളുടെ മുമ്പാകെ ഉണ്ടല്ലോ. ആ ജീവിതത്തിൽ എന്തൊരു ദൂഷ്യവും ന്യൂനതയുമാണ് നിങ്ങൾക്ക് കാണുവാൻ സാധിച്ചത്! ഏതെങ്കിലും ഒരു കളവ്. ചതി എന്റെ ജീവിതത്തിൽ നിന്നും നിങ്ങൾക്ക് എടുത്തുകാണിക്കുവാൻ സാധിക്കുമോ?'(തിരിയാക്കുൽ ഖുലൂബ്)

അദ്ദേഹം വീണ്ടും പറയുന്നു:

'എനിക്കിപ്പോൾ അറുപത്തഞ്ചു വയസ്സായി എന്റെ അടുത്തോ അകലത്തോ താമസിക്കുന്ന ആർക്കും തന്നെ എന്റെ ഇതപര്യന്തമുള്ള ജീവിതത്തിൽ നിന്ന് ഒരുപേരായ്മയും എടുത്തുകാണിക്കുവാൻ സാധ്യമല്ല. മാത്രമല്ല എന്റെ വാദത്തിന്ന് മുമ്പുള്ള ജീവിതത്തിന്റെ പരിശുദ്ധത അല്ലാഹു എന്റെ ശത്രുക്കളെ കൊണ്ടു തന്നെ പറയപ്പിച്ചിരിക്കുന്നു. ഉദാഹരണമായി മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് തന്റെ ഇശാഅത്തു സുന്ന എന്ന മാസികയിൽ ഈയുള്ളവനെയും കുടുംബത്തെയും കുറിച്ച് തനിക്കറിയുംമ്പോലെ മറ്റാർക്കും അറിയില്ലെന്ന് വാദിച്ചിരിക്കുന്നു. അങ്ങനെ എനിക്കെതിരായി പുറപ്പെടുവിക്കപ്പെട്ട ഫത്വകളുടെ കാരണക്കാരായ ഒരു ശത്രുവിനെക്കൊണ്ട് തന്നെ അല്ലാഹു എന്റെ പരിശുദ്ധതയെ കുറിച്ച് **'ഫഖദ് ലബിസ്ത്തു ഫീക്കും'** എന്ന സത്യ സാക്ഷ്യം പൂർത്തികരിച്ചിരിക്കുന്നു'(നുസൂലുൽ മസീഹ്)

ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഈ വാദം അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന്നുള്ള സുശക്തമായ ഒരു തെളിവാകുന്നു. അദ്ദേഹത്തിന്റെ വാദത്തിന്നുമുമ്പുള്ള ജീവിതത്തിൽ ആർക്കും ഇന്നു വരെ ഒരു ന്യൂനതയും പോരായ്മയും ദൂഷ്യവും ചുണ്ടിക്കാണിക്കുവാൻ സാധിച്ചിട്ടില്ല. എന്നുമാത്രമല്ല ഹദ്റത്ത് വാഗ്ദത്ത മസീഹ് സൂചിപ്പിച്ച മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി അദ്ദേഹത്തിന്റെ പവിത്ര ജീവിതത്തെ പറ്റി ഇപ്രകാരം ഏറ്റുപറയുന്നു:

'ബറാഹീനെ അഹ്മദീയ്യായുടെ ഗ്രന്ഥകർത്താവിന്റെ സ്ഥിതികളെയും അദ്ദേഹത്തിന്റെ ചിന്താഗതികളെയും കുറിച്ച് നാം അറിയുന്നത് പോലെ നമ്മുടെ സമകാലീനന്മാർക്ക് അധികവും അറിവുണ്ടായിരിക്കയില്ല. അദ്ദേഹം എന്റെ സ്വന്തം നാട്ടുകാരനും ആദ്യകാല സഹപാഠിയുമായിരുന്നു' (ഇശാഅത്തുസുന്ന: വോ 7. പേ 176)

'ബറാഹീനെ അഹ്മദീയ്യ ആ ഗ്രന്ഥ കർത്താവ് അനുകൂലമായും പ്രതികൂലമായും ഉള്ള അനുഭവങ്ങളുടെ സാക്ഷ്യങ്ങളുടെയും വെളിച്ചത്തിൽ (അല്ലാഹു പോരുന്നവനാണ്) ശരീഅത്തെ മുഹമ്മദിയ്യായിൽ അധിഷഠിതവും പരിശുദ്ധവാനും സത്യാത്മാവും ആണ്.'(ഇശാഅത്തുസുന്ന: വോ, 7,പേ,384)

'ധനം കൊണ്ടും ദേഹം കൊണ്ടും പേനകൊണ്ടും നാവു കൊണ്ടും പ്രവർത്തികൊണ്ടും വാക്കു കൊണ്ടും ഇസ്‌ലാമിന്നുവേണ്ടി ഈ ഗ്രന്ഥകർത്താവിനെ പോലെ സേവനം ചെയതിട്ടുള്ളവർ പൂർവ്വിക മുസ്‌ലിംകളിൽ പോലും വളരെ വിരളമായെ കാണപ്പെടുന്നുള്ളൂ.'(ഇശാഅത്തുസുന്ന: വോ, 6 പേ, 169,100)

അഹമദിയ്യാ ജമാഅത്തിന്റെ മറ്റൊരു ബദ്ധവൈരിയായിരുന്ന മൗലാനാ സഫർ അലി ഖാൻ തന്റെ സമീന്ദാർ എന്ന പത്രത്തിൽ ഹദ്റത്ത് അഹ്മദിനെ ക്കുറിച്ചുള്ള

ചരമക്കുറിപ്പിൽ എഴുതുന്നു

'യൗവന ദശയിൽ പോലും അദ്ദേഹം വളരെയധികം സാത്വികനും മുത്തഖിയും ആയ ഒരു മാന്യ ദേഹമായിരുന്നുവെന്ന് ഒരു ദൃക്സാക്ഷിയെന്നോണം ഞാൻ സാക്ഷ്യം വഹിക്കുന്നു. വ്യക്തിപരമായി അദ്ദേഹത്തിന്റെ വാദഗതികളോട് പൂർണ്ണമായി യോജിക്കുവാൻ സാധിക്കുകയില്ലെങ്കിൽ കൂടി അദ്ദേഹം യഥാർത്ഥ മുസൽമാണെന്ന് ഞങ്ങൾക്ക് പറയുവാൻ സാധിക്കുന്നതാണ്'(സമീന്ദാർ)

അഹ്മദിയ്യാ ജമാഅത്തിന്റെ മറ്റൊരു ബദ്ധവൈരിയായിരുന്ന മൗലവി സനാഉല്ലാ അമൃത്സരി തന്റെ 'താരീഖെ മിർസാ'എന്ന പുസ്തകത്തിലെഴുതുന്നു:

'എപ്രകാരം മിർസാ സാഹിബിന്റെ ജീവിതത്തിനു രണ്ട് ഭാഗങ്ങളുണ്ടോ അതേ പ്രകാരം മിർസാ സാഹിബുമായുള്ള എന്റെ ബന്ധത്തിന്നിന്നും രണ്ട് ഭാഗങ്ങളുണ്ട്. ബറാഹീനെ അഹ്മദിയ്യാ വരെയും അതിന്ന് ശേഷവും ബറാഹീൻ വരെ ഞാൻ മിർസാ സാഹിബിനോട് സദ്ഭാവന വെച്ച് പുലർത്തിയിരുന്നു. ഒരിക്കൽ എനിക്ക് പതിനേഴോ പതിനെട്ടോ വയസ്സുള്ളപ്പോൾ അദ്ദേഹത്തെ സന്ദർശിക്കാനുള്ള അഭിവാഞ്ഛയിൽ ഞാൻ ബട്ടാലയിൽനിന്നും ഖാദിയാനിലേക്ക് കാൽനടയായി ചെന്നിരുന്നു.'(താരീഖൈ മിർസാ, പേ. 53)

ചുരുക്കത്തൽ ഹദ്റത്ത് അഹ്മദ്[അ]ന്റെ വാദത്തിന്നു മുമ്പുള്ള പവിത്ര ജീവിതം നിർണ്ണായകമായൊരു സത്യ സാക്ഷ്യമാണ്. വിശുദ്ധ ഖുർആൻ കാണിച്ചു തന്ന ഈ മാനദണ്ഡം ആ മഹാത്മാവിന്റെ സത്യ സാക്ഷ്യത്തിന്നുള്ള അനിഷേധ്യമായ ഒരു തെളിവാണ്.

# അൽ-കൗസർ ഒരു വിശദീകരണം

**കഴിഞ്ഞ ലക്കത്തിന്റെ ബാക്കി ഭാഗം**

**അ**തേ പ്രകാരം ഇസ്ലാമിന്റെയും നബി കരീം[സ]ന്റെയും ബദ്ധശത്രുവായിരുന്ന വലീദ് (ഹദ്റത്ത് ഖാലിദ് ബ്നു വലീദിന്റെ പിതാവ്) ഖാലിദ്ബ്നു വലീദ് ഇസ്ലാം മതം സ്വീകരിച്ചതോടെ അദ്ദേഹത്തിന്റെ പിതാവിന്റെ ഇസ്ലാമിനോടുള്ള ശത്രുതയുടെ പാരമ്പര്യം മുറിഞ്ഞു പോകുകയും റസൂൽ തിരുമേനി[സ]യുടെ ശിഷ്യത്വം സ്വീകരിച്ച് ഇസ്ലാമിന്ന് വേണ്ടി ഉജ്ജ്വലമായ യുദ്ധങ്ങൾ നടത്തി ഇസ്ലാമിന്റെ വിശ്വജേതാവായിമാറുകയും ചെയ്തു. അത് പോലെ ഇസ്ലാമിന്റെയും റസൂൽ തിരുമേനി[സ]യുടെയും ശത്രുവായിരുന്നു ഇസ്ലാമിന്റെ വീര പോരളിയായിരുന്ന അംറ് ബ്നു ആസിന്റെ പിതാവായ അംറ് ബ്നു വായിൽ. അങ്ങനെ റസൂൽ കരീം[സ] ന്റെ നിരവധി ശത്രുക്കൾക്ക് അവരുടെ ശത്രുത്വത്തിന്റെ പിന്തുടർച്ചക്കാരില്ലതെ നശിക്കുകയും അറേബ്യ മുഴുവൻ മാത്രമല്ല ലോകത്തിന്റെ വിദൂര കോണുകളിൽ വരെ പിന്നീടുള്ള കാലമത്രയും റസൂൽ തിരുമേനി[സ]യുടെ ആത്മീയ സന്താനങ്ങൾ നിറഞ്ഞു കൊണ്ടിരിക്കുകയും ചെയ്തു. അപ്പോൾ ആ കൊച്ചു സൂറത്തിൽ പറഞ്ഞത് പോലെ റസൂൽ തിരുമേനി[സ] സന്താനങ്ങളാൽ ധന്യനും ശത്രുക്കൾ സന്താന രഹിതരുമാവുകയായിരുന്നു.

അൽ കൗസർ അഥവാ അർറജുലുൻ കസീറു ഖൈർ എന്നത് കൊണ്ട് ഇമാം മഹ്ദിയാണെന്ന് ഹദ്റത്ത് ഇമാം മുഈനുദ്ദീനുബ്നു അറബി തന്റെ ഫുത്തുഹാത്തുൽ മക്കിയ്യ എന്ന ഗ്രന്ഥത്തിൽ പറയുന്നു.

താൻ ഹദറത്ത് നബി കരീം[സ]യുടെ ആത്മീയ സന്താനമാണെന്നും എനിക്കുണ്ടായ ദൈവികാനുഗ്രഹങ്ങളും ദൈവിക ഭാഷണങ്ങളുമെല്ലാം തിരുനബി[സ]യെ പിൻപറ്റിയത് കൊണ്ട് മാത്രമാണെന്നും ഹദ്റത്ത് വാഗ്ദത്ത മസീഹ് അല്ലാഹുവിന്റെ പേരിൽ ആണയിട്ട് പറയുകയുണ്ടായി. റസൂൽ തിരുമേനി[സ] ഇക്കാലഘട്ടത്തിൽ വരുമെന്ന് വാഗ്ദാനം ചെയ്ത് തന്റെ ആത്മീയ സുതൻ വാഗ്ദത്ത മസീഹി[അ] ആഗതനായിക്കഴിഞ്ഞു. അവിടുത്താൽ സ്ഥാപിതമായ അഹ്മദിയ്യാ ജമാഅത്ത് ഇസ്ലാമിന്റെ വെന്നിക്കൊടിയുമായി അതിന്റെ ആഗോള വിജയത്തിലേക്ക് കുതിക്കുകയാണ്. ജമാഅത്ത് ഇരുന്നൂറിലധികം രാജ്യങ്ങളിൽ സ്ഥാപിതമായിക്കഴിഞ്ഞു. ജമാഅത്തിന്ന് മീതെ സൂര്യസ്തമിക്കുന്നില്ല എന്നത് ഒരു പരമമാർത്ഥമാണ്. അതിന്റെ ശത്രുക്കളാകട്ടെ അനുദിനം പരാജയത്തിന്നുമേൽ പരാജയമേറ്റു വാങ്ങിക്കൊണ്ട് ലോകത്ത് നിന്നും മാഞ്ഞുപോയി ക്കൊണ്ടിരിക്കുന്നു. ജമാഅത്ത് ജനസംംഡ്ധിയിയുടെ അൽ കൗസറിനാൽ അനുഗ്രഹീതരും ശത്രുക്കൾ സന്താനരാഹിത്യത്തിന്റെ അബ്തറുകളുമായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ച്ചയുമാണ് നാം കാണുന്നത്.

# നീതിമാനായ പീലാത്തോസ്

**യേശുവിനെ ആദ്യം കുരിശു മരണത്തിനു വിധിക്കുന്നത് പീലാത്തോസല്ല. സന്നിദ്രിം എന്ന യഹൂദ ഉന്നത മതസഭയാണ്. യേശു വിനെ കുരിശു മരണത്തിൽ നിന്ന് രക്ഷപ്പെടുത്താനാണ് പീലാത്തോസ് കഴിയുന്നത്ര പരിശ്രമിച്ചത്.**

**അബൂ റിസ്‌വാൻ**

**ബൈ**ബിളിൽ യേശുവിനെ വിചാരണ ചെയ്ത ന്യായാധിപൻ എന്ന നിലക്ക് പോണ്ടിയസ് പീലാത്തോസ് വളരെ പ്രശസ്തനാണ്. പീലാത്തോസിനെ പറ്റി അധികമായ വിവരങ്ങൾ നമുക്ക് ലഭ്യമല്ല. യേശുവിന്റെ കാലത്ത് ഫലസ്തീൻ ഭരിച്ചിരുന്നത് റോമിന്റെ സാമന്ത രാജാക്കന്മാരും റോം നേരിട്ട് നിയോഗിക്കുന്ന ഗവർണ്ണർമാരോ ആയിരുന്നു. എ ഡി ക്രി. വ 26 മുതൽ 36 വരെ 10 വർഷം പീലാത്തോസ് റോമൻ കോളനിയായ ഫലസ്തീനിലെ ജൂദിയാ പ്രൊവിൻസിലെ അഞ്ചാമത്തെ ഗവർണ്ണർ (Praefectus - പ്രിഫെക്റ്റ) ആയിരുന്നു. Praefectus എന്ന ലാറ്റിൻ പദം സൈനികവും ഭരണപരവുമായ ഒരു സ്ഥാനപദവിയാണ്. അതിനർത്ഥം മുന്നിൽ നിൽക്കുന്ന ആൾ എന്നാണ്. തദ്ദേശീയരെ ഒതുക്കി നിർത്തി ക്രമസമാധാനം പാലിക്കാൻ അധികാരപ്പെട്ടയാൾ എന്നാണ് ആ പദവികൊണ്ട് ഉദ്ദേശിക്കുന്നത്. പാരമ്പര്യ സ്രോതസ്സ് പ്രകാരം അദ്ദേഹം തെക്കൻ ഇറ്റലിയിലെ പടയാളി ഗോത്രമായ പോണ്ടിയിൽ പിറന്ന ഒരു യോദ്ധാവാണ്.(Knight). അത്കൊണ്ടാണ് പോണ്ടിയസ് പീലാത്തോസ് എന്ന് അറിയപ്പെട്ടത്. പീലാത്തോസ് എന്നത് അദ്ദേഹത്തിന്റെ യഥാർത്ഥ നാമമല്ല. പിലം (Pilum) എന്നതിന് ചാട്ടുളി എന്നാണ് അർത്ഥം. യുദ്ധമുറയിലെ ചാട്ടുളി പ്രയോഗത്തിൽ വിദഗ്ദനായതിനാലോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ യുദ്ധ നൈപുണ്യം കൊണ്ടോ ആയിരിക്കണം ആ നാമത്തിൽ അദ്ദേഹം അറിയപ്പെട്ടത്. റോമൻ ചക്രവർത്തി തിബരിയാസിന്റെ ഇഷ്ടക്കാരനും ഉന്നത ഉദ്യോഗസ്ഥനുമായ സെജാനൂസ് മുഖേനയാണ് എ. ഡി 26 മുതൽ 37 വരെ അദ്ദേഹം ജൂദിയായിൽ നിയമിതനായത് എന്നാണ് കരുതപ്പെടുന്നത്.

1961 ൽ ഇസ്റയേലിലെ കൈസറിയായിൽ നിന്നും 82 സെ.മീറ്റർ നീളവും 65 സെ. മീറ്റർ വീതിയുമുള്ള ഒരു ചുണ്ണാമ്പു ഫലകത്തിൽ നാലുവരിയിൽ ലാറ്റിൻ ഭാഷയിലെഴുതിയ ഒരു ലിഖിതം കണ്ടെടുക്കുകയുണ്ടായി. `[DIS AUGUSTI]S TIBERIEUM [. . . . PO] NTIUS PILATUS [. . .PRAEF]ECTUS IUDA[EA]E [. .FECITD]E[DICAVIT] To the honorable gods (this) Tiberium Pontius Pilate, Prefect of Judea, had dedicated = ജൂദിയയിലെ പ്രിഫെക്റ്റ്, തിബെരിയം പോണ്ടിയസ് പിലാത്തോസ് ബഹുമാന്യരായ ദൈവങ്ങൾക്ക് സമർപ്പിച്ചത്.' പീലാത്തോസിന്റെ ചരിത്രാസ്തിത്വം തെളിയിക്കുന്ന പുരാതനമായ ഈ ശിലാഫലകം ഇസ്റായേൽ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ബൈബിൾ കഥാപാത്രങ്ങളുടെ ചരിത്രപരത തെളിയിക്കുന്ന ഒരു പുരാവസ്തു എന്ന നിലക്ക് ഈ പുരാരേഖ വളരെ പ്രധാനപ്പെട്ടതാണ്. ബൈബിൾ തന്നെയാണ് പീലാത്തോസിനെ പറ്റിയുള്ള വിവരങ്ങളുടെ മുഖ്യസ്രതോസ്സ്.

പീലാത്തോസ് റോമൻ ഭരണത്തിനു കീഴിൽ ജൂദിയായിലെ ഉന്നത ഉദ്യോഗസ്ഥൻ എന്ന നിലയിൽ റോമിനോട് അങ്ങേയറ്റം കൂറ് പുലർത്തിയിരുന്ന ആളായിരുന്നു. എതിരാളികളോട് തീരെ വിട്ടു വീഴ്ച്ചയില്ലാത്ത പീലാത്തോസ് കലാപകാരികളായ യഹൂദരെ ശക്തമായ രീതിയിലാണ് കൈകാര്യം ചെയ്തത്. മുഖ്യമായും ബൈബിളിലെ സുവിശേഷങ്ങളിലും പോളിന്റെ കത്തുകളിലുമാണ് പീലാത്തോസിനെ പറ്റി പരാമർശമുള്ളത്. പ്രധാനമായും യേശുവിന്റെ വിചാരണ വേളയിലാണ് അദ്ദേഹം ബൈബിളിൽ പ്രത്യക്ഷപ്പെടുന്നത്. യേശുവിനെ ശിക്ഷിക്കുന്നതിൽ പീലാത്തോസ് പരസ്യമായി തന്നെ വിമുഖത പ്രകടിപ്പിച്ചത് ബൈബിളിൽ കാണാം. ബൈബിൾ വായനയിൽ നിന്നും നമുക്ക് മനസ്സിലാവുന്നത് പോണ്ടിയസ് പീലാത്തോസ് വളരെ നീതിമാനും ശക്തനുമായ ഭരണാധികാരിയാണെന്നാണ്. യേശുവിനെ ദ്രോഹിച്ച യാഥാസ്ഥിതികരും തീവ്രവാദികളുമായ അക്കാലത്തെ യഹൂദരോട് പൊതുവേ പീലാത്തോസിന് വിപ്രതിപത്തിയായിരുന്നു ഉണ്ടായിരുന്നത്. അവരോട് കഠിനമായാണ് പീലാത്തോസ് പെ



രുമാറിയത്. റോമാക്കാരുടെ മത വിശ്വാസങ്ങളും പ്രതിമാപൂജയും അദ്ദേഹം യഹൂദരിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ യഹൂദരുടെ ഭാഗത്ത് നിന്നും വൻ എതിർപ്പ് ഉണ്ടായപ്പോൾ അദ്ദേഹം ആ ഉദ്യമത്തിൽ നിന്നും പിന്മാറുകയുണ്ടായി.

യഹൂദ തത്വശാസ്ത്രജ്ഞനായ അലക്സാണ്ഡ്രിയയിലെ ഫിലോ (ക്രി. വ 20– 50), മറ്റൊരു യഹൂദ ചരിത്രകാരനായ ഫ്ളേവിയസ് ജോസഫസ് (ക്രി. വ 36– 100) എന്നിവരുടെ രചനകളിൽ നിന്നും പീലാത്തോസിനെ പറ്റിയുള്ള വിവരങ്ങൾ ലഭിക്കുന്നുണ്ട്. റോമൻ ഭരണാധികാരികളുടെ അപ്രീതിക്ക് പാത്രമായ പീലാത്തോസിനെ റോമിലേക്ക് തന്നെ മടക്കി വിളിക്കുകയായിരുന്നു എന്നാണ് അവരുടെ രചനകളിൽ നിന്നുള്ള സൂചന.

### പീലാത്തോസിന്റെ പ്രവർത്തികൾ

ആദ്യനൂറ്റാണ്ടുകളിൽ അപ്പോക്രിഫാ സുവിശേഷങ്ങളിൽ 'പീലാത്തോസിന്റെ പ്രവർത്തികൾ' (The Acts of Pilate) എന്നറിയപ്പെട്ടിരുന്ന ഒരു സുവിശേഷ പുസ്തകമുണ്ടായിരുന്നു. ഗ്രീക്ക് ഭാഷയിലാണ് അത് ആദ്യം പ്രത്യക്ഷപ്പെട്ടത്. പിന്നീട് അത് ലത്തീൻ ഭാഷയിൽ പല കൂട്ടി ചേർപ്പുകളും വിപുലീകരണവുമുണ്ടായതിന് ശേഷം അത് 'നിക്കോദമസിന്റെ സുവിശേഷം' (Gospel of Nicodemus) എന്നാണ് അറിയപ്പെട്ടത്. അതിൽ രേഖപ്പെടുത്തിയ ചില വചനങ്ങൾ പീലാത്തോസിന് യേശുവിനോടുള്ള ബഹുമാനവും ദിവ്യാനുരക്തിയും ആദരവും സൂചിപ്പിക്കുന്നതാണ്. ഈ പുസ്തകം രണ്ട് ഭാഗങ്ങളായാണ് തിരിച്ചിരിക്കുന്നത് ആദ്യ ഭാഗത്ത് യേശുവിന്റെ വിചാരണയും ഉയിർത്തെഴുന്നേൽപുമാണ്. രണ്ടം ഭാഗത്ത് യേശുവിന്റെ പാതള അവരോഹണമാണ് വിവരിച്ചിരിക്കുന്നത്. (Harrowing of Hell) നരകത്തിന്റെ കഷ്ടതകളുടെ വിവരണമാണ് മുഖ്യ വിഷയം. അതായത് യേശുവിന്റെ ക്രൂശീകരണത്തിനും ഉയിർത്തെഴുന്നേൽപ്പിനും ഇടക്കുള്ള സമയത്ത് യേശു പാതാളത്തിൽ മരിച്ചവർക്കിടയിൽ ബൈബിൾ പുതിയ നിയമത്തിൽ യേശുവിന്റെ ഈ പാതള സന്ദർശനത്തെപറ്റി അവ്യക്തമായ വിവരണങ്ങളുണ്ട്. .

### ക്ലോഡിയസ് പിലാത്തോസിന്റെ ഭാര്യ

പീലാത്തോസിന്റെ ഭാര്യയെ പറ്റി മത്തായിയുടെ സുവിശേഷത്തിലാണ് പരാമർശമുള്ളത്. അവരുടെ പേര് ബൈബിൾ പറയുന്നില്ല. പിന്നീട് വന്ന അപ്പോക്രിഫ സുവിശേഷങ്ങലിൽ അവരുടെ പരേസ് ക്ലോഡിയ പ്രൊകുള എന്നണെന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ചില ആദ്യകാല ക്രിസ്തീയ ഗ്രന്ഥകർത്താക്കൾ ക്രൂശീകരണത്തിന് ശേഷം അവർ ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്തു എന്ന് അഴുതിയിട്ടുണ്ട്. ഈസ്റ്റേൺ ക്രിസ്ത്യൻ പാരമ്പര്യത്തിൽ അവരെ വിശുദ്ധയായിട്ടാണ് പരിഗണിക്കുന്നത്. നിക്കോദമസിന്റെ സുവിശേഷത്തിൽ അവരെ പറ്റി കൂടുതൽ പരാമർശങ്ങൾ കാണാം. ദിവ്യ സ്വപ്നങ്ങൾ കാണുന്ന സാത്വികയായ ഒരു ഭക്തയായിരുന്നു അവരെന്ന്

അവരുടെ സ്വപ്ന ദർശനത്തെ പറ്റിയുള്ള ബൈബിൾ പരാമർശത്തിൽ നിന്നും മനസ്സിലാക്കാം. 'അവർ യേശുവിനെ തനിക്ക് ഏൽപ്പിച്ചു തന്നത് അസൂയ നിമിത്തമാണെന്ന് പീലാത്തോസിന് അറിയാമായിരുന്നു. അയാൾ ന്യായാസനത്തിൽ ഇരിക്കുമ്പോൾ അയാളുടെ ഭാര്യ ആളെ അയച്ച് ഇങ്ങനെ പറയിക്കുകയും ചെയ്തിരുന്നു. ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്. കാരണം അവൻ നിമിത്തം ഞാൻ ഇന്ന് സ്വപ്നത്തിൽ വളരെ ക്ലേശം അനുഭവിച്ചു.'(മത്തായി 19: 18-19) (പീലാത്തോസ്)

### യേശുവിൽ കുറ്റംകാണാത്ത പീലാത്തോസ്

റോമൻ അടിമത്തത്തിൽ കഴിഞ്ഞിരുന്ന യഹൂദർ, ഇസ്റയേൽ ഗൃഹത്തിലെ കീർത്തിമാന്മാരായ ദാവീദിന്റെയും സോളമന്റെയും പ്രതാപമുഗ്ദമായ ഗതകാലസ്മൃതികളിൽ മനോഗ്രസ്തി ബാധിച്ചവരായിരുന്നു. ആ സുവർണ്ണ കാലത്തിന്റെ പുനസ്ഥാപനത്തിന് വാഗ്ദത്ത മിശിഹായെ പ്രതീക്ഷിച്ചു അവർ അക്ഷമയോടെ കാത്തുനിൽക്കുന്ന കാലമായിരുന്നു അത്. തങ്ങളെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കുന്ന അധികാരവും ചെങ്കോലും കൊണ്ട് വിഭൂഷിതനായ ഒരു മിശിഹായെയായിരുന്നു അവർ പ്രതീക്ഷിച്ചത്. എന്നാൽ അവരുടെ ഭൗതിക കാമനകൾക്കും പ്രതീക്ഷകൾക്കും വിരുദ്ധമായിട്ടാണ് യേശു പ്രത്യക്ഷപ്പെട്ടത്. ദൈവത്തിന്റെ ആത്മീയരാജ്യവും ദാരിദ്രവും എളിമയും പ്രഘോഷണം ചെയ്ത് നിസ്വവേഷത്തിൽ യേശു മിശിഹ വന്നുനിന്നപ്പോൾ യഹൂദമനസ്സ് അങ്ങേയറ്റം നിരാശപ്പെടുകയും പ്രക്ഷുബ്ധമാകുകയും ചെയ്തു. യേശുവിനോട് യഹൂദർ അതിരൂക്ഷമായാണ് പ്രതികരിച്ചത്. വാഗ്ദത്ത മിശിഹാ താനാണെന്ന് ശാന്തനായി പ്രബോധിച്ച യേശുവിനെ അവർ കുരിശിൽ കയറ്റി കൊല്ലാൻ നിശ്ചയിച്ചുറച്ചു. യഹൂദമത പ്രകാരം കുരിശിൽ തറച്ചു കൊല്ലപ്പെടുന്നവൻ ശപിക്കപ്പെട്ടവനാണ്. യഹൂദ പുരോഹിതന്മാരും പ്രമാണികളും അതിന്നായുള്ള ഗൂഢാലോചയിൽ മുഴുകി. 'തൂങ്ങിമരിച്ചവൻ ദൈവസന്നിധിയിൽ ശാപഗ്രസ്തൻ.' (ആവ: 21:22) എന്ന പഴയ നിയമത്തിലെ പ്രമാണമനുസരിച്ച് മിശിഹാ വാദം ഉന്നയിച്ച യേശുവിനെ കുരിശിൽ തറച്ച് ശപ്തനാക്കി ചിത്രീകരിക്കാനുള്ള യഹൂദികളുടെ ഹീനശ്രമമായിരുന്നു അത്. ആ ശ്രമത്തിന് എന്ത് പരിണിതിയാണ് ഉണ്ടായത് എന്ന് നമുക്ക് വിശകലനം ചെയ്ത് പരിശോധിക്കാം.

### രാജാവായ സാങ്കൽപിക മിശിഹയും നിസ്വനായ യേശുവും

മിശിഹാ എന്നത് യഹൂദ പ്രമാണങ്ങളിൽ ഭാവിയിൽ വരുന്ന രക്ഷകനെ സംബന്ധിച്ച അഭിധാനമാണ്. അബ്രഹാമിക് മതങ്ങളിൽ ഈ പ്രവചന സങ്കൽപ്പം രൂഢമൂലമാണ്. മിശിഹാ (Maschach) എന്ന ഹിബ്രു പദത്തിന്നർത്ഥം അഭിശിക്തനായ രക്ഷകൻ എന്നാണ്. അതായത് ദൈവത്താൽ തിരഞ്ഞെടുത്ത് വാഴിച്ചവൻ, ദൈവപ്രേഷിതൻ എന്നൊക്കെയാണ് അർത്ഥം. മതപുരോഹിതന്മാരെയോ രാജാക്കന്മാരെയോ വാഴിക്കുന്ന കർമ്മത്തിൽ നിന്നാണ് മിശിഹാ എന്നപദം നിഷ്പന്നമാകുന്നത്. അതിന്റെ ഗ്രീക്ക് വിവർത്തനമാണ് ക്രിസ്തു. രാജാക്കന്മാരെയോ പുരോഹിതന്മാരെയോ വാഴിക്കുന്ന സന്ദർഭത്തിൽ ചെയ്യുന്ന കർമ്മത്തിന് അറബിയിൽ 'മസഹ'(അഭിഷേകിക്കുക) എന്നാണ് പറയുക. 'മസീഹ്' എന്ന അറബി വാക്കിന് അഭിഷിക്തൻ എന്നർത്ഥം. വിശുദ്ധ ഖുർആനിൽ ഈസാ നബിയുമായി ബന്ധപ്പെട്ട് 11 തവണ 'മസീഹ്'എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. ഗ്രീക്കിൽ വിവർത്തം ചെയ്യപ്പെട്ട ബൈബിളാണ് ആദ്യമായി നമുക്ക് ലഭിച്ച പുതിയ നിയമത്തിന്റെ മൂലകൃതി. ക്രിസ്തുമതം യൂറോപ്പിൽ പ്രചരിച്ചപ്പോൾ ഗ്രീക്ക് സംസ്ക്കാരത്തോട് ആഭിമുഖ്യമുള്ള ക്രിസ്ത്യാനികൾ തനത് ഹിബ്രുവാക്കായ 'മിശിഹാ'ക്ക് പകരം ക്രിസ്തു എന്ന വിശേഷണം യേശുവിന്റെ കൂടെ വ്യാപകമായി ഉപയോഗിക്കുകയാണുണ്ടായത്.

മിശിഹാ ആഗതനാകും എന്ന പ്രവചനത്തിലെ രാജാഭിഷേകത്തിന്റെ അർത്ഥമാണ് യഹൂദരെ ഗ്രസിച്ചത്. ആത്മീയമായി ദൈവത്താൽ അഭിഷിക്തനായി തിരഞ്ഞെടുക്കപ്പെട്ടയാൾ എന്ന അർത്ഥം അവർ ഉൾക്കൊള്ളാൻ കൂട്ടാക്കിയില്ല. യേശുവിന്റെ കാലത്തിന് വളരെ മുമ്പ് തന്നെ പീഢിതരായ യഹൂദർ തങ്ങളുടെ ഐഹികമായ കാമനകൾ പൂർത്തീകരിക്കുന്ന രാജാവായ ദാവീദിന്റെ വംശ പരമ്പരയിൽ നഷ്ടപ്പെട്ട ഇസ്റയേൽ സാമ്രാജ്യം വീണ്ടെടുക്കാൻ അവതരിക്കുന്ന ഭരണാധികാരിയായിട്ടാണ് തങ്ങൾക്ക് അവതരിക്കേണ്ട മസീഹ് വരിക എന്നാണ് യേശുവിന്റെ കാലത്തെ യഹൂദ സമൂഹവും ധരിച്ചത്. യേശു ജനിക്കുന്ന കാലത്ത് യഹൂദരിൽ ഈ വിശ്വാസം രൂഢമൂലവും വ്യാപകവുമായിരുന്നു. അവരുടെ ദീർഘകാലത്തെ അടിമ ജീവിതത്തിന് അറുതി വരുത്തുകയും പ്രതാപമുഗ്ദമായ ദാവീദിന്റെയും സോളമന്റെയും നഷ്ടപ്പെട്ട ഇസ്റയേൽ രാജ്യവും സിംഹാസനവും മിശിഹ വന്ന് പുനസ്ഥാപിക്കുമെന്നും അവർ പ്രതീക്ഷിച്ചു. യഹൂദരുടെ ഭൗതിക പ്രതീക്ഷകളുടെയും ഭൗതികാസക്തിയുടെയും നിറവിൽ



ചെങ്കോലും സിംഹാസനവുമായി വരുന്ന അധികാര വിഭൂഷിതനായ ഒരു അഭിഷിക്തനെയാണ് അവർ പ്രതീക്ഷിച്ചത്. അദ്ധ്യാത്മിക ചിന്തകളുടെയും നിസ്വജീവിതത്തിന്റെയും ആത്മീയ പാഠങ്ങൾ അവർ പറ്റേ മറന്നിരുന്നു. താൻ ദൈവമയച്ച മിശിഹാ ആണെന്ന് അവകാശപ്പെട്ട് ആഗതനായ യേശു ദാരിദ്ര്യത്തെയും പരിത്യാഗത്തെയും പറ്റിയാണ് പ്രഘോഷിച്ചത്. നിസ്വനും നിരാലംബനുമായി യേശു യഹൂദരുടെ മുമ്പിൽ ആഗതനയപ്പോൾ അവരുടെ സങ്കൽപ്പത്തിലെ മിശിഹായുടെ യാതൊരു നിറവും ഗുണവും അലങ്കാരങ്ങളും അദ്ദേഹത്തിൽ കണ്ടില്ല. യഹൂദരുടെ ആത്മീയ മോക്ഷം മാത്രം പ്രബോധിച്ച യേശുവിനെ ഇല്ലാതാക്കാൻ യഹൂദർ ഗൂഢാലോചന തുടങ്ങി. ബൈബിൾ പറയുന്നു: 'മുഖ്യ പുരോഹിതരും ജനങ്ങളുടെ മൂപ്പന്മാരും മഹാപുരോഹിതനായ കയ്യഫായുടെ കൊട്ടാരത്തിൽ സമ്മേളിച്ചു. അവർ യേശുവിനെ ചതിവിൽ പിടിച്ചു വധിക്കുന്നതിനെ കുറിച്ച് കൂടിയാലോചിച്ചു.' (മത്തായി 26:3,4)

അവർ യേശുവിനെ നിരാകരിച്ചു, ക്രൂരമായി ഭത്സിച്ചു, മുഖത്ത് കാർക്കിച്ചു തുപ്പി , ചാട്ടവാർ കൊണ്ടടിച്ചു, ചെമന്ന അങ്കി ധരിപ്പിച്ചു, മുൾകിരീടമണിയിച്ചു, ഞാണങ്ങാക്കോലുകൊണ്ട് തലക്ക് പ്രഹരിച്ചു. പീലാത്തോസിന്റെ റോമൻ കോടതിയിൽ കള്ളകേസ് ചുമത്തി ആനയിച്ചു. അവസാനം ആ പുണ്യാത്മാവിനെ ക്രൂശിച്ചുകൊല്ലാനും ശ്രമിച്ചു.

**ഗെഥ്ശമനയിലെ പ്രാർത്ഥന**

ദൈവ പ്രേഷിതനായ യേശുവിനെ ഇല്ലാതാക്കാൻ തീരുമാനിച്ച യഹൂദരുടെ കൈയ്യിൽ അകപ്പെടാതെ ആസന്നമായ ശപിക്കപ്പെട്ട കുരിശുമരണത്തിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി യേശു ദൈവത്തോട് വിയർപ്പ് രക്തത്തുള്ളിയാകുമാറ് കഠിനമായ പ്രാർത്ഥനകളിൽ മുഴുകി. വിചാരണക്കായി പിടിക്കപ്പെടും മുമ്പ് ജെറുസലേമിലെ കിദ്രോൻ താഴ്വരയിലെ ഗെഥ്ശമന തോട്ടത്തിൽ ഹൃദയമുരുകി യേശു ദൈവത്തോടു പ്രാർത്ഥിച്ചു. ബൈബിൾ ആ രംഗം വിവരിക്കുന്നു: 'അവൻ (യേശു) അസ്വസ്ഥനും ദുഖപരവശനുമായി. അവൻ അവരോടു പറഞ്ഞു: എന്റെ ആത്മാവ് മരണ വേദനയോടടുത്ത ദുഖം അനുഭവിക്കുന്നു. ഇവിടെ നിങ്ങൾ എന്നോടൊപ്പം ഉണർന്നിരിക്കുക. അവൻ അൽപ്പം മുന്നോട്ടു പോയി കമിഴ്ന്നു വീണു പ്രാർത്ഥിച്ചു: എന്റെ പിതാവേ സാധ്യമെങ്കിൽ ഈ പാനപാത്രം (കുരിശുമരണം) എന്നിൽ നിന്നും നീങ്ങിപ്പോകേണമേ. എങ്കിലും എന്റെ ഇഷ്ടമല്ല. നിന്റെ ഇഷ്ടം നിറവേറട്ടെ' (മത്തായി 38–40) 'പിതാവേ നിനക്ക് എല്ലാം കഴിയും ഈ പാനപാത്രം എന്നിൽ നിന്നും നീ അകറ്റേണമേ' (മാർക്കോ: 14:35) എന്നായിരുന്നു യേശുവിന്റെ പ്രാർത്ഥന. 'തന്റെ പ്രാർത്ഥന എപ്പോഴും ദൈവം കേൾക്കുന്നു.'(യോ:11:42) എന്ന് യേശു തന്നെ വ്യക്തമാക്കിയിരിക്കേ അങ്ങേയറ്റം ദുർഘടാവസ്ഥയിൽ യേശു നടത്തിയ പ്രാർത്ഥന ദൈവം സ്വീകരിച്ചില്ല എന്ന് പറയുന്നത് യേശുതന്നെ പഠിപ്പിച്ച അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമാവില്ലേ? അപ്രകാരം പ്രാർത്ഥന സ്വീകരിച്ചില്ലെങ്കിൽ യേശു പാപിയാണെന്ന് പറയുന്നതിന്ന് തുല്യമല്ലേ.? കാരണം പാപികളുടെ പ്രാർത്ഥന യാണ് ദൈവം കേൾക്കാതിരിക്കുക എന്നാണ് ബൈബിളിന്റെ അദ്ധ്യാപനം. (യോഹ:9:31)

യേശുവിന്റെ ഹൃദയ മുരുകിക്കൊണ്ടുള്ള ഈ പ്രർത്ഥന സൂചിപ്പിക്കുന്നത് അദ്ദേഹം ഒരിക്കലും കുരിശ് മരണം ആഗ്രഹിച്ചിരുന്നില്ല

എന്നാണ്. കുരിശ് മരണത്തിൽ നിന്നും രക്ഷപ്പെടാനുള്ള യേശുവിന്റെ പ്രാർത്ഥന ദൈവം കേൾക്കുകയും ആ ദൈവപ്രേഷിതനെ ശപിക്കപ്പെട്ട മരണത്തിൽ നിന്നും രക്ഷിക്കുകയും ചെയ്തു എന്നത് ബൈബിൾ സശ്രദ്ധം പഠിച്ചാൽ ഏതൊരു സൂക്ഷ്മദൃക്കിനും ഏളുപ്പത്തിൽ മനസ്സിലാക്കാവുന്നത്. താൻ ശപിക്കപ്പെട്ട കുരിശു മരണത്തിൽ നിന്നം രക്ഷിക്കപ്പെടുമെന്ന് യേശു ഉറച്ചു വിശ്വസിക്കുകയും അതിന് ശ്രമിക്കുകയും ചെയ്തു. അദ്ദേഹം സ്വയം തന്നെ കുരിശു മരണത്തിനു സന്നദ്ധനായി മുന്നോട്ട് വന്നു എന്നതിന് യാതൊരു സൂചനയും ബൈബിളിൽ നിന്നും ലഭ്യമല്ല. യഹൂദർ പിടിക്കപ്പെടാതിരിക്കാൻ അദ്ദേഹം കഴിയുന്നതും ശ്രമിക്കുകയുണ്ടായി.

### യേശുവിനെതിരെ യഹൂദ ഗൂഢാലോചന

യഹൂദരുടെ മതസഭയാണ് സനിദ്രിം (Sanhedrin). സനിദ്രിം എന്ന ഹിബ്രു അറാമിക് പദത്തിന് 'കൂടിയാലോചനാ സമിതി' എന്നാണ് അർത്ഥം. യഹൂദരുടെ സാമൂഹികവും രാഷ്ട്രീയവും മതപരവും നിയമപരവുമായ കാര്യങ്ങൾ തീരുമാനിക്കാൻ അധികാരമുള്ള ഒരു സമിതിയാണ് സനിദ്രിം. ഫലസ്തീനിലെ ഓരോ യഹൂദ നഗരങ്ങളിലും സന്നിദ്രിം എന്ന യഹൂദ മതസഭയുണ്ടായിരുന്നു. മോസസിലൂടെ ദൈവത്തിൽ വരെ എത്തുന്നതാണ് ഈ സ്ഥാപനത്തിന്റെ വേരുകൾ. യഹൂദരുടെ പരമ്പരാഗതമായുള്ള ഈ മതകോടതി സ്ഥാപിക്കാൻ യഹോവ മോസസിനോട് ആജ്ഞാപിച്ചതായി ബൈബിൾ പഴയ നിയമത്തിൽ കാണാം. യഹൂദ ജീവിതത്തിൽ സനിദ്രത്തിന്റെ സ്വാധീനം വലുതാണ്. സനിദ്രത്തിന് രണ്ട് സഭകളുണ്ടായിരുന്നു. ഒന്ന് 71 പേരടങ്ങിയ ഉപരിസഭയും രണ്ടാമത്തേത് 23 പേരടങ്ങിയ അധോസഭയുമാണ്. ഈ മതകോടതിയെ പറ്റിയുള്ള പ്രതിപാദനം പുറപ്പാട് 18:21-22, സംഖ്യാ 11:16-17, 11:24-25, ആവർത്തനം 1:15-18, 17:9-12 എന്നീ വചനങ്ങളിൽ കാണാം. യേശുവിന്റെ വിചാരണയുമായി ബന്ധപ്പെട്ട് 22 തവണ പുതിയ നിയമത്തിൽ സനിദ്രത്തെപറ്റി പ്രതിപാദനമുണ്ട്. യേശുവിനെ ഈ ന്യായാധിപസഭക്ക് മുമ്പാകെ ഹാജരാക്കി ചോദ്യം ചെയ്തു. അവിടെ വെച്ച് കയ്യഫാസിന്റെ നേതൃത്വത്തിൽ യഹൂദരാണ് യേശുവിനെ ക്രൂശിച്ചുകൊല്ലാൻ ആദ്യമായി തീരുമാനമെടുക്കുന്നത്. റോമൻ അധികാരികളല്ല.യശുവിന്റെ മനമുരുകിയുള്ള പ്രാർത്ഥനക്ക് ശേഷം സ്വന്തം ശിഷ്യനായ യൂദാ ഇസ്കറിയാത്തിന്റെ സഹായത്തോടെ യേശു ഒറ്റികൊടുക്കപ്പെടുകയും യേശുവിനെ യഹൂദർ പിടികൂടുകയും ചെയ്തു. അപ്പോഴേക്കും യേശുവിന്റെ അപോസ്തലന്മാരെന്ന് വിളിക്കപ്പെട്ട ശിഷ്യന്മാരെല്ലാം പേടിച്ച് ഓടിപ്പോയിരുന്നു.

യഹൂദർ യേശുവിനെ അവരുടെ മുൻ മഹാപുരോഹിതനും അവരുടെ ഇടയിൽ വൻ സ്വാധീനവുമുള്ള ആളുമായിരുന്ന അന്നാസിന്റെ അടുക്കലേക്കാണ് ആദ്യം കൊണ്ടു പോകുന്നത് എന്നാണ് യോഹന്നാൻ സുവിശേഷത്തിൽ പറയുന്നത്. പക്ഷേ മറ്റ് സമാനമായ മൂന്ന് സുവിശേഷങ്ങളിലും കയ്യഫാസിന്റെ സന്നിധിയിൽ വെച്ചാണ് വിചാരണ നടന്നത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രബലനും വൃദ്ധനുമായ അന്നാസിന്റെ അഞ്ചു പുത്രന്മാരും ജാമാതാവ് കയ്യഫാസും മഹാപുരോഹിതന്മാരായിരുന്നു. കയ്യഫാസ് ആയിരുന്നു യേശുവിന്റെ കാലത്തെ ജെറുസലേമിലെ യഹൂദ മഹാപുരോഹിതൻ. ചരിത്രകാരനായ ജോസഫസ് രേഖപ്പെടുത്തിയതനുസരിച്ച് അക്കാലത്തെ യഹൂദരുടെ പ്രാർത്ഥനാലയവും അവിടത്തെ വഴിപാട് കച്ചവടവും നിയന്ത്രിച്ചിരുന്നത് അന്നാസിന്റെ കുടുംബമായിരുന്നു.പ്രാർത്ഥനാലയത്തെ കള്ളന്മാരുടെ ഗുഹ എന്ന് യേശു രൂക്ഷമായ വിമർശനം നടത്തിയതും സിനഗോഗിലെ കച്ചവടക്കാരെയെല്ലാം അടിച്ചോടിച്ചതും അവിടെ വഴിപാടു നടത്തുന്ന വസ്തുക്കൾ കൊള്ളലാഭത്തിന് വിറ്റിരുന്ന കച്ചവടക്കാരെയും പണമിടപാടുകാരെയും അടിച്ചോടിക്കുകയും പുറത്താക്കുകയും ചെയ്ത കാര്യങ്ങൾ സുവിശേഷങ്ങളിൽ സുവിദമാണല്ലോ. തന്റെ കുടുബ വരുമാനം മുടക്കിയ യേശുവിനെതിരെ പക പോക്കാൻ ഈ അവസരം അന്നാസ് വിനിയോഗിക്കുക സ്വാഭാവികം. മത്തായി രേഖപ്പെടുത്തുന്നു: 'മുഖ്യപുരോഹിതരും ജനങ്ങളുടെ മൂപ്പന്മാരും മഹാപുരോഹിതനായ കയ്യാഫയുടെ കൊട്ടരത്തിൽ സമ്മേളിച്ചു. അവർ യേശുവിനെ ചതിവിൽ പിടിച്ചു വധിക്കുന്നതിനെക്കുറിച്ചു കൂടിയാലോചിച്ചു. അവർ പറഞ്ഞു: തിരുനാൾ ദിവസം വേണ്ട ജനങ്ങൾ ക്ഷുഭിതരാകും' (മത്തായി 26:3-5)

### സന്നിദ്രിം യേശുവിന് വധശിക്ഷ വിധിക്കുന്നു.

വാസ്തവത്തിൽ യേശുവിനെ കുരിശ് മരണത്തിന് ആദ്യമായി വിധിക്കുന്നത് പീലാത്തോസല്ല. യഹൂദരുടെ മതവിചാരണ സഭയായ സന്നിദ്രിം ആണ്. യേശുവിനെ സന്നിദ്രത്തിൽ വെച്ച് വിചാരണ ചെയ്യുന്ന രംഗം മാർക്കോസ് 14: 53-65, ലൂക്കോസ് 22: 66-71 മത്തായി 26: 57-68 എന്നീ സമാന സുവിശേഷങ്ങളിലും യോഹന്നാൻ 18:12 സുവിശേഷത്തിൽ അൽപം വ്യത്യസ്തമായും രേഖപ്പെടുത്തിയിട്ടുണ്ട്. മത്തായി രേഖപ്പെടുത്തിയ യേശു

വിന്റെ വിചാരണ ഇപ്രകാരമാണ്: 'മഹാപുരോഹിതൻ (കയ്യഫാസ്) വീണ്ടും അവനോട് പറഞ്ഞു: ജീവനുള്ള ദൈവത്തിന്റെ നാമത്തിൽ സത്യം ചെയ്ത് ഞാൻ ചോദിക്കുന്നു: ഞങ്ങളോട് പറയൂ; 'ദൈവപുത്രനായ ക്രിസ്തുവാണോ നീ?' യേശു അയാളോട് പറഞ്ഞു: താങ്കൾ അങ്ങനെ പറഞ്ഞു. എന്നാൽ ഞാനും നിങ്ങളോട് പറയുന്നു: 'ഇനി മനുഷ്യപുത്രനെ ശക്തിയുടെ വലത് ഭാഗത്തിരിക്കുന്നവനായും വാനമേഘങ്ങളിൽ വരുന്നവനായും നിങ്ങൾ കാണും.' ഉടനെ മഹാപുരോഹിതൻ തന്റെ മേലങ്കി വലിച്ചു കീറിയിട്ടു പറഞ്ഞു: ഇയാൾ ദൈവ ദൂഷണം പറഞ്ഞിരിക്കുന്നു. ഇനി നമുക്ക് സാക്ഷികളെന്തിന്? നിങ്ങൾ ഇപ്പോൾ ഇയാൾ പറഞ്ഞ ദൈവദൂഷണം കേട്ടുവല്ലോ? എന്താണ് നിങ്ങളുടെ തീരുമാനം? അവർ ഉത്തരം പറഞ്ഞു: ഇയാൾ വധശിക്ഷ അർഹിക്കുന്നു.' (മത്തായി 26: 63-66)

യഹൂദരിലെ മുഖ്യ പുരോഹിതന്മാരും പൗരപ്രമുഖരും വേദജ്ഞരും അടങ്ങിയ പല അധികാരങ്ങളുമുള്ള സഭയാണ് സന്നിദ്രം. അവരാണ് മതപരമായ കാരണത്താൽ യേശുവിന് ആദ്യമായി കുരിശ് മരണം വിധിച്ചത്. പക്ഷേ റോമിന്റെ അടിമ രാജ്യമായ ഫലസ്തീനിലെ യഹൂദർക്ക് വധശിക്ഷപോലെയുള്ള കഠിന ശിക്ഷകൾ നടപ്പാക്കാൻ അധികാരമില്ലായിരുന്നു. അവർ യേശുവിനെ കുരിശിൽ കയറ്റികൊല്ലുക എന്ന ശിക്ഷ നടപ്പാക്കാൻ തീരുമാനിച്ചെങ്കിലും യഹൂദ്യയിലെ റോമൻ പ്രൊക്യുറേറ്റർ ആയിരുന്ന പോണ്ടിയസ് പീലാത്തോസിന്റെ അംഗീകാരം ഉണ്ടെങ്കിലേ ശിക്ഷ നടപ്പാക്കാൻ സാധ്യമാകൂ. അത് കൊണ്ട് അവർ യേശുവിനെയും കൊണ്ട് പീലാത്തോസിന്റെ അടുത്തേക്ക് പോയി.

## യേശു: പീലാത്തോസിനു മുമ്പിൽ

യഹൂദർ തങ്ങളുടെ സന്നിദ്രത്തിൽ അഥവാ മതന്യായാധിപസമിതിയിൽ യഹൂദ മതത്തിൽ പ്രവചിക്കപ്പെട്ട മിശിഹാ ആണ് താൻ എന്ന യേശുവിന്റെ അവകാശവാദത്തെയായിരുന്നു മുഖ്യമായും എതിർത്തത്. ഇതിൽ യഹൂദർക്കുള്ള മതപരമായ അസഹിഷ്ണുത വ്യക്തമായിരുന്നു. മതത്തിന്റെ പേരിലാണ് അവർ യേശുവിന് വധശിക്ഷ വിധിക്കുന്നത്. വധശിക്ഷപോലെയുള്ള പരമാവധി ശിക്ഷവിധിക്കാനും നടപ്പിലാക്കാനും റോമിന്റെ കീഴിലുള്ള അടിമ രാജ്യമായ ഫലസ്തീനിലെ യഹൂദ മതക്കോടതിക്ക് അധികാരമില്ലായിരുന്നു. തങ്ങളുടെ മതകോടതി നിശ്ചയിച്ച വധശിക്ഷക്ക് അംഗീകാരം നേടാനായി ജൂദിയായിലെ റോമൻ ഗവർണ്ണർ പീലാത്തോസിന്റെ അടുക്കലേക്ക് യേശുവിനെ കൊണ്ടുപോയി. ബൈബിൾ പരാമർശം ഇങ്ങനെയാണ്. 'പീലാത്തോസ് പറഞ്ഞു : നിങ്ങൾ തന്നെ ഇവനെ കൊണ്ടുപോയി നിങ്ങളുടെ നിയമം അനുസരിച്ചു വിധിക്കുക. യഹൂദർ പറഞ്ഞു, ആർക്കും വധശിക്ഷ നൽകാൻ ഞങ്ങൾക്ക് അധികാരമില്ല.' (യോഹന്നാൻ 30-32)

യേശു നിരപരാധിയും നിഷ്കളങ്കനുമാണെന്ന് പീലാത്തോസിന് അറിയാമായിരുന്നു എന്ന് ബൈബിൾ തന്നെ വെളിപ്പെടുത്തുന്നു. 'അവർ യേശുവിനെ തനിക്ക് ഏൽപ്പിച്ചു തന്നത് അസൂയ നിമിത്തമാണെന്ന് പീലാത്തോസിന് അറിയാമായിരുന്നു.'(മത്തായി : 27: 18) അപ്പോക്രിഫാ സുവിശേഷമായ 'പീലാത്തോസിന്റെ പ്രവർത്തികൾ' അഥവാ 'നിക്കോദമസിന്റെ സുവിശേഷം' എന്ന ഗ്രന്ഥത്തിൽ യേശുവിന്റെ ആത്മീയ പ്രഭാവത്തിൽ പീലാത്തോസ് ആകൃഷ്ടനായിരുന്നു എന്ന് വ്യക്തമാക്കുന്നു. ആ സുവിശേഷത്തിൽ യേശുവിനെ വിചാരണ ചെയ്യുമ്പോൾ പീലാത്തോസിന്റെ പരാമർശം ഇങ്ങനെയാണ്.. 'യഹൂദന്മാർ പറഞ്ഞു: 'ഞങ്ങൾക്ക് ഒരു നിയമമുണ്ട് അതിൽ സബത്ത് ദിനത്തിൽ രോഗശാന്തി നൽകാൻ പാടില്ല. പക്ഷേ അവൻ (യേശു) മുടന്തനെയും ബധിരനേയും, അന്ധനേയും, കുഷ്ഠരോഗിയേയും പിശാച് ബാധിച്ചവനേയും അധാർമിക മാർഗത്തിൽ സുഖപ്പെടുത്തുന്നു. പിലാത്തോസ് പ്രതിവചിച്ചു: 'ഇതെല്ലാം അവന് കുത്സിത മാർഗത്തിൽ ചെയ്യാൻ കഴിയുന്നതെന്ത് കൊണ്ട്? അവർ മറുപടി പഞ്ഞു: 'അവൻ (യേശു) ഒരു ദുർമന്ത്രവാദിയാണ്. പിശാചുക്കളുടെ രാജകുമാരനെ സ്വാധീനിച്ച് അവൻ പിശാച് ബാധ ഒഴിപ്പിക്കുന്നു. എല്ലാം അവന് വിധേയമാക്കപ്പെടുന്നു' അപ്പോൾ പിലാത്തോസ് പറഞ്ഞു: 'പിശാച് ബാധയെ ഒഴിപ്പിക്കുക എന്നത് ആത്മാവിൽ കളങ്കമുള്ള ഒരാളുടെ പ്രവർത്തിയല്ല. ദൈവിക ശക്തിയിൽ നിന്നും നിർഗമിക്കുന്നതാണ്.' (നിക്കോദമസിന്റെ സുവിശേഷം 1: 5,6)

സന്നിദ്രത്തിന്റെ മതവിധിക്ക് റോമൻ ഭരണ കൂടത്തിന്റെ പ്രോക്യൂറേറ്ററായ പോണ്ടിയസ് പീലാത്തോസിന്റെ അംഗീകാരം കിട്ടില്ല എന്ന് അവർക്കറിയാമായിരുന്നു. അതുകൊണ്ട് റോമൻ കോടതിയിൽ രാഷ്ട്രീയവും രാജ്യദ്രോഹപരമായ കുറ്റമാണ് അവർ യേശുവിനെതിരെ ആരോപിച്ചത്. ജനങ്ങളെ വഴിതെറ്റിക്കുകയും സീസറിന് ചുങ്കം കൊടുക്കുന്നത് നിരോധിക്കുകയും സ്വയം രാജാവാണെന്ന് വാദിക്കുകയും ചെയ്യുന്നു എന്ന ആരോപണങ്ങളായിരുന്നു യഹൂദർ യേശുവിനെതിരെ പീലാത്തോസി

ന്റെ മുന്നിൽ ഉന്നയിച്ചത്. എന്നാൽ യേശുവിനെ വിചാരണ ചെയ്യുന്നതിൽ നിന്ന് ഒഴിഞ്ഞുമാറാനാണ് ആദ്യമായി പീലാത്തോസ് ശ്രമിക്കുന്നത്. ഗലീലിയക്കാരനായ യേശു, തന്റെ അധികാരപരിധിയിൽ പെട്ടതല്ല എന്ന് പറഞ്ഞ് ജൂദിയാ ഭരണാധികാരിയായ അദ്ദേഹം ഗലീലിയാ പ്രവിശ്യയിലെ ഭരണാധികാരിയായ ഹെരോദേസ് രാജാവിന്റെ അടുത്തേക്ക് യേശുവിനെയും സന്നിദ്രിം സംഘത്തെയും അയക്കുകയുണ്ടായി.

ഹെരോദ് എന്നത് ഫലസ്തീൻ ഭരിച്ചിരുന്ന അറബ് വംശജരായ ഇദൂമിയൻ രാജവംശത്തിന്റെ പേരായിരുന്നു. റോമൻ ഭരണാധികാരികളാണ് തങ്ങളുടെ സാമന്ത രാജാക്കന്മാരായി (Client King) ഹെരോദ് രാജാക്കന്മാരെ നിയമിക്കുന്നത്. ഏതായാലും അവർ സ്വതന്ത്രരാജാക്കന്മാരായിരുന്നില്ല. ഹെരോദ് രാജാക്കന്മാർ സ്വയം തന്നെ യഹൂദ മതത്തിലേക്ക് മാറിയവരും യഹൂദ രാജാക്കന്മരുമാണെന്നായിരുന്നു അവകാശപ്പെട്ടതെങ്കിലും യഹൂദ ജീവിതമായിരുന്നില്ല അവർ നയിച്ചിരുന്നത്. റോമൻ താൽപര്യങ്ങൾക്ക് വേണ്ടിയായിരുന്നു അവർ നിലകൊണ്ടിരുന്നത്. ഉണ്ണിയേശുവിനെ കൊല്ലാൻ കൽപ്പിച്ചത് 'മഹാനനായ ഹെരോദ് - Herod the Great' എന്ന് അറിയപ്പെടുന്ന ഹെരോദ് ഭരണാധികാരിയായിരുന്നു. (ഈ കഥ ബൈബിളിൽ മത്താ:2: 16 മാത്രമാണ് ഉള്ളത് ചരിത്രത്തിലില്ല.) ഇവിടെ പീലാത്തോസ് യേശുവിനെ വിചാരണക്കയക്കുന്ന ഹെറോദ് അദ്ദേഹത്തിന്റെ മകനായ ഹെരോദേസ് ആന്റിപാസ് (Herod Antipas) ആണ്. യേശുവിനെ ജ്ഞാനസ്നാനം ചെയ്ത സ്നാപക യോഹാന്നനെ തലവെട്ടിക്കൊന്ന ഭരണാധികാരിയായിരുന്നു ഹെരോദ് അന്തിപാസ് എന്ന് ബൈബിളും (മത്താ: 6:16) യഹൂദ ചരിത്രകാരൻ ജോസഫസ് തന്റെ 'ആന്റിക്വിറ്റി ഓഫ് ജ്യൂസ്' എന്ന ഗ്രന്ഥത്തിലും പറഞ്ഞിട്ടുണ്ട്.

ജെറുസലേമിൽ നിന്ന് നൂറിലധികം കിലോമീറ്റർ അകലെയുള്ള ഗലീലിയയിലെ ഭരണാധികാരിയാണ് ഹെരോദേസ് ആന്റിപാസ്. യേശുവിന്റെ വിചാരണ സമയത്ത് ജെറുസലേമിൽ അദ്ദേഹം ഉണ്ടായിരുന്നു. ഹെരോദേയുടെ മുന്നിലെത്തിയ യേശുവിനെ വിചാരണ ചെയ്യാതെ അദ്ദേഹം തിരിച്ചയക്കുകയായിരുന്നു. ഹെരോദ യേശുവിനെ പരിഹസിച്ചെങ്കിലും അവസാനം നല്ല വസ്ത്രം ധരിപ്പിച്ചാണ് തിരിച്ചയച്ചത്. മാത്രമല്ല യേശുവിനെ അയച്ച ഈ സംഭവത്തോടെ പിലാത്തോസുമായി ശത്രുതയിലായിരുന്ന ഹെറോദോ സ്നേഹബന്ധത്തിലായി എന്നും ബൈബിൾ പറയുന്നു. 'അവൻ (യേശു) ഹെരോദേസിന്റെ അധികാരസീമയിൽ പെട്ടവനാണെന്ന് അറിഞ്ഞപ്പോൾ പീലാത്തോസ് അവനെ ഹെറോദേസിന്റെ അടുക്കലേക്ക് അയച്ചു. അപ്പോൾ ഹെരോദേസ് ജെറുസലേമിൽ ഉണ്ടായിരുന്നു. യേശുവിനെ കണ്ടപ്പോൾ ഹെറോദോസ് വളരെ സന്തോഷിച്ചു. അവനെക്കുറിച്ച് കേട്ടിരുന്നത് കൊണ്ട് അവനെ കാണാൻ അയാൾ ആഗ്രഹിച്ചു കഴിയുകയായിരുന്നു. അവൻ ചെയ്യുന്ന ഏതെങ്കിലും അടയാളം കാണാം എന്നും അയാൾ പ്രതീക്ഷിച്ചിരുന്നു. അതുകൊണ്ട് അയാൾ അവനെ കുറേനേരം ചോദ്യം ചെയ്തു. എന്നാൽ അവൻ ഒരു മറുപടിയും പറഞ്ഞില്ല. മുഖ്യ പുരോഹിതരും വേദജ്ഞരും അവനിൽ ആവേശത്തോടെ കുറ്റം ആരോപിച്ചുകൊണ്ട് ചുറ്റും നിന്നു. ഹെരോദോസ് ഭടന്മാരോട് കൂടെ ചേർന്ന് അവനോടു ഹീനമായി പെരുമാറി. അവനെ പരിഹസിച്ചു. പിന്നെ അവനെ പകിട്ടുള്ള വസ്ത്രം അണിയിച്ച് അയാൾ പീലാത്തോസിന്റെ അടുക്കലേക്ക് തിരിച്ചയച്ചു.' (ലൂക്കോസ് 23:7-12)

ചുരുക്കത്തിൽ യഹൂദരുടെ വമ്പിച്ച സമ്മർദ്ദമുണ്ടായിട്ടും പീലാത്തോസിന് യേശുവിനെ വധിക്കുന്നതിൽ കാണിച്ച വിമുഖത തന്നെയാണ് ഹെരോദേസും കാണിച്ചത് എന്ന് കരുതാവുന്നതാണ്.

## യേശുവിൽ കുറ്റം കാണാത്ത പീലാത്തോസ്

തങ്ങളുടെ മതപ്രകാരം യേശുവിൽ വധശിക്ഷ ആരോപിച്ച സന്നിദ്ര സംഘം പിന്നീട് അവരുടെ മതവിധിക്ക് ഭരണകൂടത്തിന്റെ അംഗീകാരത്തിന്നായി റോമൻ ഗവർണ്ണറായ പീലാത്തോസിന്റെ അടുക്കലേക്ക് പോകുകയാണല്ലോ ഉണ്ടായത്. ഈ വിവരം ബൈബിൾ വിശദീകരിക്കുന്നത് ഇപ്രകാരമാണ്. അവിടെ അവർ റോമൻ ഭരണാധികാരി ശിക്ഷിക്കാൻ നിർബന്ധിതനാകുന്ന രാജ്യദ്രോഹപരമായ രാഷ്ട്രീയാരോപണങ്ങളാണ് യേശുവിനെതിരെ അവർ ഉന്നയിക്കുന്നത്. 'പിന്നെ ആ സംഘം മുഴുവൻ എഴുന്നേറ്റ് അവനെ പീലാത്തോസിന്റെ മുമ്പാകെ കൊണ്ടു വന്നു. അവർ അവനിൽ കുറ്റം ചുമത്തി പറഞ്ഞു: 'ഈ മനുഷ്യൻ ഞങ്ങളുടെ ജനതയെ വഴിതെറ്റിക്കുകയും സീസറിനു കരം കൊടുക്കുന്നത് വിലക്കുകയും താൻ ക്രിസ്തു എന്ന രാജാവാണ് എന്ന് പറയുകയും ചെയ്യുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു'. പീലാത്തോസ് അവനോട് ചോദിച്ചു. 'നീ യഹൂദരുടെ രാജാവോ?' അവൻ മറുപടി പറഞ്ഞു: 'താങ്കൾ അങ്ങനെ പറഞ്ഞു.' പീലാത്തോസ് മുഖ്യ പുരോഹിതനോടും ജനത്തോടും പറഞ്ഞു: 'ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല'. എന്നാൽ അവർ നിർബന്ധപൂർവ്വം പറഞ്ഞു:

‘ഗലീല മുതൽ ഇവിടം വരെ യൂദയിലെങ്ങും പഠിപ്പിച്ചു കൊണ്ട് ഇവൻ ജനങ്ങളെയെല്ലാം ഇളക്കി വിടുന്നു.’ (ലൂക്കോസ് 23::15)

യഹൂദ നേതാക്കന്മാർ യേശുവിനെതിരെ ഉന്നയിച്ച വാദങ്ങളെയാകെ നിരാകരിച്ചുകൊണ്ട്, യേശുവിൽ യാതൊരു കുറ്റവും കാണുന്നില്ല എന്ന് അസന്നിഗ്ദമായി പറഞ്ഞ പീലാത്തോസിന് യേശുവിന്റെ കാര്യത്തിലുണ്ടായിരുന്ന നിലപാട് വ്യക്തവും കൃത്യവുമായിരുന്നു. അതായത് യേശു യാതൊരു കുറ്റവും ചെയ്യാത്ത നിരപരാധിയാണ്. രാജ്യത്ത് യാതൊരുവിധ അസ്വസ്ഥതകളോ കുഴപ്പങ്ങളോ ഉണ്ടാക്കുന്ന ഒരു രാഷ്ട്രീയ വിപ്ലവകാരി ആയിരുന്നില്ല എന്നത് പീലാത്തോസിന് ദൃഢബോദ്ധ്യം വന്ന കാര്യമാണ്. മാത്രമല്ല പ്രവാചകന് ചേർന്ന യേശുവിന്റെ നിഷ്ക്കളങ്കവും സുന്ദരവുമായ മുഖദർശനത്തിലും തത്ത്വജ്ഞാന നിർഭരമായ മറുപടിയിലും പീലാത്തോസിന് അദ്ദേഹത്തിന്റെ നിരപരാധിത്വവും സത്യസന്ധതയും കുലീനത്വവും നേരിട്ടുബോദ്ധ്യമായിരുന്നിട്ടുണ്ടാവണം.


യേശു ഒരിക്കലും ഒരു രാഷ്ട്രീയ വിപ്ലവകാരിയായിരുന്നില്ല. യഹൂദികൾ പ്രതീക്ഷിച്ചത് പോലെ രാഷ്ട്ര നിർമ്മാണമായിരുന്നില്ല യേശുവിന്റെ ദൗത്യം എന്നതിന് ബൈബിളിൽ ഖണ്ഡിതമായ തെളിവുകളുണ്ട്. അദ്ദേഹം മനുഷ്യനെ ദൈവോന്മുഖനാക്കാൻ ആത്മീയത പ്രഘോഷിച്ച ഒരു പ്രവാചകൻ മാത്രമായിരുന്നു. യേശുവിനെ എങ്ങനെയെങ്കിലും ഒരു രാഷ്ട്രീയ കുറ്റവാളിയാക്കാൻ യഹൂദർ കിണഞ്ഞു പരിശ്രമിച്ചു കൊണ്ടിരുന്നു. ഒരിക്കൽ യേശു അതിന് നൽകിയ തത്വാധിഷ്ഠിതമായ മറുപടി സെക്കുലറിസത്തിന്റെ ആപ്തവാക്യമായി ചരിത്രത്തിൽ ഇന്നും തങ്കലിപികളിൽ രേഖപ്പെട്ടു കിടക്കുകയാണ്. റോമൻ ഭരണാധികാരിക്ക് ചുങ്കം കൊടുക്കുന്നതിനെതിരെ സംസാരിക്കുമെന്ന പ്രതീക്ഷയിൽ യഹൂദരിൽ പെട്ട ഫരിസേയറും ഹെരോദിയരും ചില ചാരന്മാരും കൂടി യേശുവിനോട് കാപട്യത്തിൽ വന്ന് ചോദ്യങ്ങൾ ചോദിച്ച് കുറ്റവാളിയാക്കാൻ നോക്കിയ സംഭവം ബൈബിൾ വിവരിക്കുന്നുണ്ട്: ‘അവർ അവനെ വാക്കിൽ കുടുക്കാൻ ചില ഫരിസേയരെയും ഹെരോദിയരെയും അയച്ചു അവർ വന്നു അവനോട് പറഞ്ഞു: ‘ഗുരോ നീ സത്യവാനാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. നീ മനുഷ്യരുടെ പദവി നോക്കാറില്ല, അതിനാൽ ആരെയും ഭയപ്പെടാറുമില്ല. എന്നാൽ ദൈവത്തിന്റെ വഴി സത്യമായി പഠിപ്പിക്കുന്നു. സീസറിന്നു നികുതികൊടുക്കുന്നത് നിയമാനുസൃതമാണോ അല്ലയോ? ഞങ്ങൾ അത് കൊടുക്കണോ വേണ്ടയോ? അവരുടെ കാപട്യം മനസ്സിലാക്കി അവൻ അവരോട് പറഞ്ഞു: ‘നിങ്ങൾ എന്തിനാണ് എന്നെ പരീക്ഷിക്കുന്നത്? ഒരു നാണയം കൊണ്ടുവരൂ. ഞാൻ അത് നോക്കട്ടെ.’ അവർ ഒരു നാണയം കൊണ്ടുവന്നു അവൻ അവരോടു ചോദിച്ചു: ‘ആരുടെ രൂപവും പേരുമാണ് ഇതിൽ ഉള്ളത്?’ സീസറിന്റെ എന്ന് അവർ അവനോട് പറഞ്ഞു. യേശു അവരോടു പറഞ്ഞു: ‘സീസറിന്റേതു സീസറിനും ദൈവത്തിന്റേതു ദൈവത്തിനും കൊടുക്കുക.’(മർക്കോസ് 12:13-17) യേശുവിനെ റോമിനെതിരെയുള്ള രാഷ്ട്രീയ കലാപകാരിയാക്കി ചിത്രീകരിച്ച് അധികാരികളുടെ മുമ്പിൽ കുറ്റവാളിയാക്കാനുള്ള ശ്രമം യേശു തന്റെ തത്വജ്ഞാന നിർഭരമായ ഭാഷണങ്ങളിലൂടെ ഇല്ലാതാക്കിയിരുന്നു.

ഒരു കണക്ക് പ്രകാരം അക്കാലത്ത് 25 ലക്ഷം യഹൂദന്മാർ ജീവിക്കുന്ന തന്റെ ഭരണ പ്രദേശത്ത് റോമാസാമ്രാജ്യത്തിന്റെ പ്രതിനിധിയായി കലാപങ്ങളില്ലാതെ സമാധാനം പുലർത്തേണ്ടത് പീലാത്തോസിന്റെ ചുമതലയായിരുന്നു. യഹൂദരോട് ഒരിക്കലും മൃദുത്വംകാണിക്കാത്ത പിലാത്തോസ് യേശുവിനെതിരെയുള്ള ഈ വ്യാജാരോപണം അടിസ്ഥാനരഹിതവും വ്യാജവുമാണെന്ന് ദൃഢബോദ്ധ്യമുണ്ടായിരുന്നു. അതേസമയം തന്റെ ഭരണപ്രദേശത്ത് അസ്വസ്ഥതകളില്ലാതെ ക്രമസമാധാനം നോക്കുകയും വേണം. യേശുവിനെ യഹൂദർക്ക് തന്നെ പ്രത്യക്ഷത്തിൽ വിട്ടുകൊടുത്തു കൊണ്ട് തൽക്കാലം ക്ഷുഭിതരായ ജനക്കൂട്ടത്തെ ശാന്തരാക്കുകയായിരുന്നു ചെയ്തത്. യേശുവിന്റെ കാര്യത്തിൽ താൻ നിരപരാധിയാണെന്ന യാഥാർത്ഥ്യം കൈകഴുകി പ്രവർത്തിരൂപത്തിൽ അദ്ദേഹം ജനക്കൂട്ടത്തിനും ലോകത്തിനും മുമ്പിൽ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. ബൈബിൾ വിവരിക്കുന്നു: ‘ഞാൻ വിചാരിച്ചതു നടക്കാൻ പോകുന്നില്ലെന്നും മറിച്ച് ഒരു ലഹളയുണ്ടായേക്കുമെന്നും തോന്നിയിട്ട് പീലാത്തോസ് കുറച്ച് വെള്ളം എടുത്ത് ജനക്കൂട്ടത്തിന് മുമ്പിൽ വെച്ചു കൈകഴുകി. പറഞ്ഞു: ‘ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല. നിങ്ങൾ തന്നെ അത് ഏറ്റുകൊള്ളുക.’ അപ്പോൾ ജനം ഒന്നിച്ചു പറഞ്ഞു: ‘അവന്റെ രക്തം ഞങ്ങളുടെ മേലിലും ഞങ്ങളുടെ സന്താനങ്ങളുടെ മേലും ആയിക്കൊള്ളട്ടെ’(മത്തായി 27: 24) യേശു നിരപരാധിയാണെന്ന് കണ്ട പീലാത്തോസ് പിന്നീട് ആ നീതിമാനെ കുരിശു മരണത്തിൽ നിന്നും രക്ഷിക്കാനുള്ള നിഗൂഢ ശ്രമങ്ങളായിരുന്നു നടത്തിയത്'.

# ഉദ്വേഗജനകമായ ആകാശ ദൗത്യത്തിന്റെ ശുഭ പരിസമാപ്തി

ഭൂമിയുടെ ഭ്രമണപഥത്തിൽ നിന്നും 400 കിലോ മീറ്റർ അകലെ ഭൂമിയെ ചുറ്റിക്കൊണ്ടിരിക്കുന്ന നാസയുടെ ഏറ്റവും വലിയ ബഹിരാകാശ നിലയമായ അന്താരാഷ്ട്ര സ്പേയ്സ് സ്റ്റേഷനിൽ (International Space Station- ISS) ഉദ്വേഗജനകമായ 286 ദിവസത്തെ ബഹിരാകാശ വാസം കഴിഞ്ഞ് ബഹിരാകാശ യാത്രികരായ സുനിതാ വില്യംസും ബുച്ച് വിൽമോറും ഭൂമിയെ സ്പർശിക്കുകയുണ്ടായി. അമേരിക്കയുടെ ഫ്ളോറിഡയിലെ തീരത്ത് കൃത്യസമയത്ത് 2025 മാർച്ച് 19 ന് ഇന്ത്യൻ സമയം പുലർച്ചെ 3:27 ന് ബഹിരാകാശ യാത്രികരെയും കൊണ്ട് ഡ്രാഗൺ ഫ്രീഡം എന്ന പേടകം വന്നിറങ്ങി. അത്‌ലാന്തിക്കിലെ മെക്സിക്കൻ ഉൾക്കടലിൽ ഫ്ളോറിഡാ തീരത്തെ സമുദ്രത്തിൽ ക്രാഷ്‌ലാന്റ് നടത്തിയ പേടകത്തിനു ചുറ്റും ആനന്ദ നൃത്തം പോലെ മുങ്ങാം കുഴിയിട്ടാണ് സ്വീകരിച്ചത്. അവിടെ നിന്നും സ്പെയ്സ് എക്സ് സംഘം അവരെ സ്വീകരിച്ചു നാസയുടെ ആശുപത്രിയിലേക്ക് കൊണ്ടു പോയി. ഈ രണ്ട് പേരുടെയും തിരിച്ചു വരവിന് വേണ്ടി ലോകം മുഴുവനും കാത്തിരുന്ന മറ്റൊരു സംഭവവും ഇതിനുമുമ്പുണ്ടായിട്ടില്ല. സുനിതാ വില്യംസ് ഒരു ഭാരതീയ വനിതയാണ് എന്നത് നമുക്കെല്ലാം അഭിമാനകരമാണ്. ഇന്ത്യയിലെ ഗുജറാത്തിലെ ദീപക് പാണ്ഡ്യയുടെയും അമേരിക്കക്കാരിയായ ബോണി പാണ്ഡ്യയുടെയും പുത്രിയാണ്. ഗുജറാത്തിൽ ശ്രീ നരേന്ദ്ര മോഡി സർക്കാറിന്റെ മന്ത്രിസഭയിൽ ആഭ്യന്തര മന്ത്രിയായിരുന്ന ഹരെൺ പാണ്ഡ്യ സുനിതയുടെ ചെറിയച്ഛനാണ്. പിന്നീട് മന്ത്രിസഭയിൽ രാജിവെച്ച ഹരെൺ പാണ്ഡ്യ 2003 മാർച്ചിൽ അഹ്മദാബാദിൽ വെച്ച് കൊല്ലപ്പെടുകയാണുണ്ടായത്.

ബഹിരാകാശ യാത്ര എന്നത് അതീവ സൂക്ഷ്മതയും ആസൂത്രണവും സാങ്കേതിക വൈദഗ്ദ്യവും ആവശ്യപ്പെടുന്ന സങ്കീർണ്ണമായ മേഖലയാണ്. 2024 ജൂൺ 5 ന് ഏഴോ എട്ടോ ദിവസം ദൈർഘ്യമുള്ള ഒരു ബഹിരാകാശ ദൗത്യത്തിനായിരുന്നു സുനിതയും ബുച്ച് വിൽമൂറും 25 വർഷമായി ബഹിരാകാശത്തുള്ള നാസയുടെ (നാഷനൽ എയ്റോനോട്ടിക്സ് ആൻഡ് സ്പെയ്സ് അഡ്മിനിസ്ട്രേഷൻ) രാജ്യാന്തര ബഹിരാകാശ നിലയത്തിലേക്ക് (ഐ എസ് എസിൽ) പോയത്. 150 ഓളം തവണ മനുഷ്യനെ ബഹിരാകാശത്തിലെത്തിച്ച നാസക്ക് ഇപ്പോൾ സ്വന്തമായി യാത്രാ പേടകമില്ല. ചെലവ് ചുരുക്കാൻ അവർ ആവിഷ്ക്കരിച്ച കോമേർസ്യൽ ക്രൂ പ്രോഗ്രാമിന്റെ ഭാഗമായി, ബഹിരാകാശ ദൗത്യങ്ങൾക്ക് 2011 മുതൽ പുറമെയുള്ള സ്വകാര്യ സ്പേയ്സ് ക്രാഫ്റ്റ് നിർമ്മാതാക്കൾക്ക് കരാർ നൽകാൻ തുടങ്ങി. ഐ എസ് എസ് ദൗത്യത്തിന് ബഹിരാകാശ സ്പെയ്സ് ക്രാഫ്റ്റുകൾ ഒരുക്കാൻ ലോക പ്രശസ്ത വിമാന നിർമ്മാണ കമ്പനിയായ ബോയിംങ്ങുമായും ഇപ്പോൾ ട്രംപ് ഭരണകൂടത്തിന്റെ സർക്കാർ കാര്യക്ഷമതാ വകുപ്പ് ഉപദേഷ്ടാവായ ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള സ്പേയ്സ് എക്സുമായും കാരാറിലേർപ്പെട്ടിരിക്കുകയാണ്. ബോയിംങ്ങിന്റെ സ്റ്റാർലൈനറും സ്പെയ്സ് എക്സിന്റെ ഡ്രാഗണറുമാണ് നാസക്ക് വേണ്ടി നിർ



അന്താരാഷ്ട്രാ ബഹിരാകാശ നിലയം

മ്മിച്ച രണ്ട് വാഹനങ്ങൾ. ഈ രണ്ട് കമ്പനികളും പരസ്പരം മത്സരിക്കുന്ന ഈ രംഗത്തുള്ള കോർപറേറ്റ് ഭീമൻമാരാണ്. ബോയിംങ്ങ് കമ്പനിക്ക് വളരെ പരിചയ സമ്പന്നമായ പാരമ്പര്യമുണ്ട് അപ്പോളോ ദൗത്യത്തിൽ വരെ അവർക്ക് പങ്കാളിത്തമുണ്ടായിരുന്നു. 2014 ൽ നാസ ഈ രണ്ട് കമ്പനികൾക്കും നൽകിയ കരാറിലെ സംഖ്യകൾ തമ്മിലുള്ള അന്തരം നോക്കിയാൽ തന്നെ ഇത് വ്യക്തമാണ്. ഇലോൺ മസ്കിന്റെ സ്പെയ്സ് എക്സിന് 2.6 ന് ദശലക്ഷം ഡോളറിന്റെ കരാർ നൽകിയപ്പോൾ, ഈ മേഖലയിൽ മേൽക്കൈയുള്ള ബോയിംങ്ങിന് 4.2 ദശലക്ഷം ഡോളറിന്റെ കരാറാണ് നൽകിയത്. പക്ഷേ സുനിതാ വില്യംസിനെയും സഹയാത്രികനെയും ബഹിരാകാശ നിലയത്തിൽ എത്തിച്ച് അവരെ മടക്കികൊണ്ടുവരാൻ ബോയിംങ്ങിന്റെ സ്റ്റാർലൈൻ പേടകത്തിനു സാധിച്ചില്ല. നാസയുടെ പ്രശസ്തമായ ഈ ബഹിരാകാശ ദൗത്യത്തിൽ ബോയിംങ്ങിന്റെ ഭാഗത്തു നിന്നുണ്ടായ കാലതാമസവും സാങ്കേതിക തകരാറുകളും അവരുടെ മികവിന് വമ്പിച്ച ആഘാത മേൽപ്പിക്കുകയുണ്ടായി. ട്രംമ്പിന്റെ അടുത്ത അനുയായിയായ ഇലോൺ മസ്കിന്റെ സ്പെയ്സ് എക്സുമായുള്ള മത്സരത്തിൽ ബോയിംങ്ങിനുണ്ടായ ഈ വീഴ്ച്ചയിൽ ഇലോൺ മസ്കിന്റെ സ്പെയ്സ് എക്സ് അവസരം ഉപയോഗിച്ച് മുതലെടുക്കുകയായിരുന്നു. അവർ കുറഞ്ഞ ചിലവിൽ റീയൂസബിൾ ആയ എയർ ക്രാഫ്റ്റുകൾ ഉപയോഗിച്ച് ഐ എസ് എസ് യാത്രികരെ ഭൂമിയിലെത്തിച്ച് ലോക ശ്രദ്ധനേടുകയുണ്ടായി. ഇത് ഇലോൺ മസ്കിന് ട്രംമ്പ് ഭരണ കൂടത്തിന്റെ ആനുകൂല്യം കൊണ്ട് സംഭവിച്ചതാണെന്ന വിമർശനമുണ്ട്.



**സുനിതാ വില്യംസും ബുച്ച് വിൽമോറും**

2024 ജൂൺ 5 നാണ് ബഹിരാകാശ നിലയത്തിലേക്ക് (ഐ എസ് എസ്) സുനിതയേയും ബുച്ചിനേയും കൊണ്ടു പോയത്. ബോയിംങ്ങിന്റെ സ്റ്റാർ ലൈനർ സ്പെയ്സ് ക്രാഫ്റ്റിന്റെ തകരാറ് മൂലം, മടക്കയാത്ര മുടങ്ങുകയായിരുന്നു. സ്റ്റാർലൈനർ പേടകത്തിന്റെ ഹീലിയം ലീക്കേജും അതുപോലെ പേടകത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കുന്ന ത്രസ്റ്റർ സംവിധാനം കേടുവന്നതുമായിരുന്നു കാരണം. അങ്ങനെ സ്റ്റാർ ലൈനർ പേടകം യാത്രികരില്ലാതെ കാലിയായി മടക്കി അയച്ചു. ഭൂമിലേക്ക് പോകാൻ കഴിയാതെ 286 ദിവസം അവർക്ക് ബഹിരാകാശ നിലയത്തിൽ തങ്ങേണ്ടിവന്നു.

25 വർഷങ്ങൾക്ക് മുമ്പ് 1998 നവംബറിലാണ് ഐ എസ് എസ് എന്ന ഈ ബഹിരാകാശ നിലയം നാസ വിക്ഷേപിച്ചത്. പല ഘട്ടങ്ങളിൽ പല മൊഡ്യൂൾഡുകളായി വിക്ഷേപിച്ച് ബഹിരാകാശത്ത് വെച്ച് കൂട്ടിയോജിപ്പിച്ചാണ് ഈ ബഹിരാകാശ നിലയം പണിത് മനുഷ്യവാസ യോഗ്യമാക്കിയത്. ഇത് വരെ 270 ആസ്ട്രോനോട്ടുകൾ നിലയം സന്ദർശിക്കുകയുണ്ടായി. നിലയത്തിന്റെ ഭ്രമണ വേഗം മണിക്കൂറിൽ 28,000 കിലോമീറ്ററാണ്. ഈ അതിവേഗത്തിൽ നിലയം ഒരു ദിവസം 16 തവണ ഭൂമിയെ വലം വെക്കും അതായത് അത്രയും തവണ സൂര്യോദയം കാണും. ഇത്മൂലം മനുഷ്യ ശരീരത്തിൽ സെറ്റ്ചെയ്ത് വെച്ച 24 മണിക്കൂറിന്റെ ജൈവഘടികാരം കീഴ്മേൽ മറിയും. അതുണ്ടാക്കുന്ന പ്രശ്നങ്ങളെ യാത്രികർ മറികടക്കേണ്ടതുണ്ട്.

ബഹിരാകാശത്തെ ഭാരരഹിതാവസ്ഥയിൽ ബയോളജി, ഫിസിക്സ്, മെറ്റലർജി, ബഹിരാകാശ നിരീക്ഷണം തുടങ്ങിയ നിരവധി ശാസ്ത്ര മേഖലയിലെ 3000 പരീക്ഷണങ്ങളാണ് ഐ എസ് എസിൽ നടത്തുന്നത്. ഭാരരഹിതാവസ്ഥയിൽ മനുഷ്യ ശരീരത്തിനുണ്ടാകുന്ന മാറ്റങ്ങൾ, മസ്തിഷ്ക്കത്തിലെ രക്തപ്രവാഹം. ഡി എൻ എ സംബന്ധിച്ച പരീക്ഷണങ്ങൾ, കുറഞ്ഞ താപത്തിൽ കംമ്പസ്റ്റൺ എഞ്ചിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, ഭൂമിയിലും ബഹിരാകാശത്തും അഗ്നിസുരക്ഷാ ഉപകരണങ്ങളുടെ നിർമാ



**അറ്റ്ലാന്റിക്കിൽ ക്രാഷ് ലാൻഡ് ചെയ്യുന്നു.**


ണം, ഉന്നത നിലവാരത്തിലുള്ള പ്രോട്ടീൻ ഉൽപ്പാദനം, സങ്കരലോഹ നിർമ്മാണം, ചന്ദ്രനിലും മറ്റും ഉപയോഗിക്കാവുന്ന മൈക്രോ ഗ്രാവിറ്റിയിൽ ഉൽപാദിപ്പിക്കുന്ന ബലവത്തായ സിമന്റിന്റെ ഉൽപാദന സാദ്ധ്യത. ഇങ്ങനെ നിരവധി പരീക്ഷണങ്ങളാണ് ബഹിരാകാശ നിലയത്തിൽ നടത്തുന്നത്.

ഒമ്പത് മാസത്തെ ബഹിരാകാശ വാസകാലത്ത് അവരുടെ ഭക്ഷണവും മറ്റ് പ്രാഥമിക ജീവനോപാധികൾ ഭൂമിയിൽ നിന്നും എത്തിക്കാൻ കാർഗോ സ്പെയ്സ് ക്രാഫ്റ്റുകൾ സർവ്വീസ് നടത്തിയിരുന്നു. പ്രത്യേകം തയ്യാർ ചെയ്ത ഫുഡുകളാണ് അവർക്ക് നൽകിയിരുന്നത്. ബഹിരാകാശ നിലയത്തിൽ സീറോ ഗ്രാവിറ്റിയിലുള്ള ജീവിതം മനുഷ്യ ശരീരത്തിലുണ്ടാക്കുന്ന ആഘാതങ്ങളും സ്വാധീനങ്ങളും നിരവധിയാണ്. ദീർഘകാലം ബെഡ് റസ്റ്റിലായിരുന്നാൽ സംഭവിക്കുന്നത് പോലെ മസിലുകൾ ബലഹീനമാകും ശരീരഭാരം താങ്ങി നിർത്താൻ മസിലുകൾക്ക് സാദ്ധ്യമല്ലാതെ വരും. അസ്ട്രോനോട്ടുകൾ ഈ അവസ്ഥ മറികടക്കാൻ പ്രത്യേക ഉപകരണങ്ങൾ ഉപയോഗിച്ച് ദിനേന ഏകദേശം രണ്ട് മണിക്കൂർ കഠിനമായ വ്യായാമ മുറകൾ ചെയ്യേണ്ടിവരും. കാൽസിയം കുറയുന്നത് മൂലം എല്ലുകളുടെ സാന്ദ്രത കുറയുന്ന രോഗം (ഓസ്റ്റിയോ പോറോസിസ്) വരാനുള്ള സാദ്ധ്യതയുണ്ട്. ഭൂമിയിൽ തിരിച്ചെത്തിയാൽ നേരെ നിൽക്കാൻ കഴിയാതെ വരും. ഭൂമിയിലായിരിക്കുമ്പോൾ നമ്മുടെ ശരീരദ്രവങ്ങൾ ഭൂഗുരുത്വത്തിന് വിധേയമായി താഴേക്കായിരിക്കും ഒഴുകുക ഹൃദയമാണ് രക്തം തലയിലേക്കെത്തിക്കുന്നത്. എന്നാൽ ബഹിരാകാശത്തെ ഭാരരഹിതാവസ്ഥയിൽ രക്തം തലയിലേക്ക് മുകളിലോട്ടായിരിക്കും സ്വാഭാവികമായും പ്രവഹിക്കുക. ഭൂമിയിൽ നമ്മുടെ ഹൃദയം ഭൂഗുരുത്വത്തിനെതിരായി പമ്പ് ചെയ്യുന്നത് പോലെ ഭാരരഹിതാവസ്ഥയിൽ ഹൃദയ പേശികളുടെ പ്രവർത്തനത്തിൽ മാറ്റങ്ങൾ സംജാതമാകും. വീർത്ത മുഖവും സൈനസിലെ തകരാറുകളും ചിലപ്പോൾ തലവേദനയും ഉണ്ടാകും. കാലുകൾ മെലിഞ്ഞു വരാനും സദ്ധ്യതയുണ്ട്. അതുപോലെ രക്തം കണ്ണിലേക്ക് ഇരച്ചു കയറുന്നതിനാൽ കണ്ണിൽ രക്ത സമ്മർദ്ദം വർദ്ധിക്കും. ഇത് ഓപ്റ്റിക് നർവിനെയും കാഴ്ച്ചയേയും നമ്മുടെ പ്രതിരോധ സംവിധാനത്തെയും എതിരായി ബാധിക്കും, ശ്വേത രക്താണുക്കളുടെ പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ പ്രതിരോധ ശക്തി കുറയും. സ്പേസിൽ മനുഷ്യ ശരീരം കൂടുതൽ റേഡിയേഷനു വിധേയമായാൽ ഹോർമോൺ സംവിധാനത്തെയും ബാധിക്കും. മനുഷ്യ ശരീരത്തിന്റെ ബാലൻസ് നില നിർത്തുന്ന ചെവിക്കുള്ളിലെ സംവിധാനത്തിനും തകരാർ സംഭവിക്കാം. അതുപോലെ ശരീരത്തിലെ ആഹാര ദഹന വ്യവസ്ഥയും മന്ദഗതിയിലാവും, നമ്മുടെ രുചിയും വിശപ്പുമെല്ലാം ഭാരരഹിതാസ്ഥയിൽ പ്രശ്നങ്ങളാണ് മാത്രമല്ല ഒറ്റപ്പെടലും അസാധാരണമായ അന്തരീക്ഷവും നമ്മുടെ മാനസികാരോഗ്യത്തെയും സാരമായി ബാധിക്കും. യാത്രികരുടെ ഈ ആരോഗ്യ പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ കടുത്ത നിയന്ത്രണങ്ങൾക്കും ക്രമീകരണങ്ങൾക്കും വിധേയമായിട്ടാണ് ആസ്ട്രോനോട്ടുകൾ ജീവിക്കുക. ദിവസവും 16 സൂര്യോദയങ്ങളുണ്ടാവുന്നതിനാൽ അവരുടെ ഉറക്കത്തെ കാര്യമായി അത് ബാധിക്കും. സ്ലീപ്പിംങ്ങ് മാനേജ്മെന്റ് ഒരു പ്രശ്നമാണ്. സ്ലീപ്പിംങ്ങ് ബാഗിൽ ആവശ്യമെങ്കിൽ കണ്ണിന് മാസ്കും ചെവിയിൽ ഇയർ പ്ലഗ്ഗുമിട്ടാണ് ഉറങ്ങുക.

മനുഷ്യൻ ഭൂമിയിയിലെ മണ്ണിൽ നിന്ന് സൃഷ്ടിക്കപ്പെട്ടവനും വളർത്തപ്പെട്ടവനും ഭൂമിയുടെ സന്താനവുമാണ്. പക്ഷേ വിജ്ഞാനം ആർജ്ജിക്കാൻ വേണ്ടി അറിവും ശക്തിയും സംഭരിച്ച് ഭൂമിയുടെ ഗുരുത്വ വലയം ഭേദിച്ച് ആകാശത്തിന്റെ അനന്തതകളിലേക്ക് കുതിക്കാൻ ദൈവം മനുഷ്യനോട് ആഹ്വാനം ചെയ്യുന്ന അത്ഭുകരമായ ഒരു വചനം വിശുദ്ധ ഖുർആനിലുണ്ട്. അല്ലാഹു പറയുന്നു:

‘ഓ ജിന്നിന്റെയും ഇൻസിന്റെയും സമൂഹമേ (വികസിതവും വികസ്വരവുമായ സമൂഹമേ) ആകാശങ്ങളുടെയും ഭൂമിയുടെയും മേഖലകളെ അതിലംഘിച്ച് അപ്പുറം കടക്കാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ കടന്നുപോയ്ക്കൊള്ളുക. സുൽത്താനോടു (അറിവും ശക്തിയും) കൂടിയല്ലാതെ നിങ്ങൾക്ക്ഭേദിച്ചു പോകാൻ കഴിയില്ല’ (സൂറ: അർറഹ്മാൻ- 55:34)

# www.mta.tv




## Muslim Television Ahmadiyya International (MTA)

*Reaching The Corners Of The Earth*

MTA International emerged in 1994 with the aim of providing a positive alternative in the broadcasting world.

MTA was the brainchild of Hadhrat Mirza Tahir Ahmad, Khalifat-ul-Masih IV ra, and ever since its inception MTA has been a unique channel in many respects. Its focus lies in producing programs that can be enjoyed by people of all ages at all times. It recognizes that television plays a significant role in the world and has accordingly devoted itself to applying this influence positively for the purpose of educating its viewers. MTA□s future is not dependant upon commercial sponsorships or license fees, thus allowing it to concentrate on producing a variety of programs on a range of subjects for its viewers in all parts of the world, without sacrificing standards.

MTA offers quality family viewing right across the globe. It broadcasts internationally in up to eight languages simultaneously and features programs focusing on the different cultures of the world and the environments in which they exist. MTA has also kept pace with technology and broadcasts in both analogue and digital. MTA features many thought-provoking discussions and programs on issues of great relevance to society, with some of MTA□s programs being unmatched in their high level of quality.

Published on 07.04.2025

Pages 44
RNI No. 3332/1957, Registered KL/EKM/726/2024-26
Licence No. KL/CR/EKM/WPP-19/2024-26. Licensed to post without Prepayment **The Sathyadoothan Monthly**

Vol: 97 Issue.04
Price Rs. 30/-

## വായിക്കുക, വരിക്കാരാവുക!

# സത്യദൂതൻ

Rs. 30/-




ഒരു നൂറ്റാണ്ട് പിന്നിട്ട
മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**SUBSCRIBE**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

G Pay
accepted here

ISLAM INTERNATIONAL PUBLICATIONS
+91 94470 86862

9447086862@okbizaxis

BHIM UPI

*കൂടുതൽ വിവരങ്ങൾക്ക്:*
**മാനേജർ**
**സത്യദൂതൻ, മസ്ജിദ് ഉമർ**
**സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം**
***Email : sathyadoothan1@gmail.com***
***Phone No: 9447086862 (G. Pay)***

ഈ ക്യൂആർ കോഡ് ഉപയോഗിച്ച് വരിസംഖ്യ അയക്കുന്നവർ രസീതിന്റെ സ്ക്രീൻ ഷോട്ട്, പേര്, വിലാസം എന്നിവ സർക്കുലേഷൻ മാനേജർക്ക് അയച്ചു നൽകുവാൻ താൽപര്യപ്പെടുന്നു.
✆ 9995950052

Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Oset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.